JEEVA MOZHIKAL RNI/KERBIL/-2003/21404
September 2011 www.jeevamozhikal.org
Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## ഇനിയെങ്കിലും ശ്രദ്ധിക്കുമോ?

തന്റെ പുതിയ കാറിൽ കമ്പനി എക്സിക്യൂട്ടീവായ ചെറുപ്പക്കാരൻ പാഞ്ഞുപോകുകയാണ് നല്ല വേഗത്തിൽ. വഴി ഏറെക്കുറെ വിജനമാണ് – ഇടയ്ക്കിടെ ഓടിപ്പോകുന്ന കാറുകൾ ഒഴിച്ചാൽ.

പെട്ടെന്ന് വഴിയോരത്തുനിന്ന് ആരോ ഒരു ഇഷ്ടിക തന്റെ പുത്തൻ കാറിനു നേരെ എറിഞ്ഞുവെന്ന് ചെറുപ്പക്കാരനു തോന്നി. അല്ല തോന്നലല്ല. ഇഷ്ടിക കാറിന്റെ പള്ളവശത്തു വന്നുകൊണ്ടു. പുറകിലത്തെ ഡോറിന്റെ വശത്തായി ഒരു വലിയ ചളുക്കവും ഉണ്ടായി.

ചെറുപ്പക്കാരൻ പൊടുന്നനെ വണ്ടി നിർത്തി. ഇഷ്ടിക വന്ന ഭാഗത്തേക്ക് ദേഷ്യത്തോടെ ഓടിച്ചെന്നു. അവിടെയതാ പത്തുപന്ത്രണ്ടു വയസ്സു തോന്നിക്കുന്ന ഒരു ബാലൻ.

"നിനക്കെന്താ ബോധമില്ലേ? നീ വലിച്ചെറിഞ്ഞ ഇഷ്ടിക എന്റെ കാറിനുണ്ടാക്കിയ കേടു നീ കണ്ടോ?"- ചെറുപ്പക്കാരൻ ദേഷ്യത്തോടെ ചോദിച്ചു.

കുട്ടികരയുന്ന മട്ടിലായി. അവൻ പറഞ്ഞു. "സാർ, എന്റെ ജ്യേഷ്ഠൻ വീൽച്ചെയറിൽ നിന്നു താഴെ വീണുപോയി. എനിക്ക് ഒറ്റയ്ക്ക് പിടിച്ചു പൊക്കി വീൽച്ചെയറിൽ ഇരുത്താൻ പറ്റുന്നില്ല. സഹായത്തിനു സാറിന്റേതുൾപ്പടെ പല കാറുകൾക്കും കൈനീട്ടി. ആരും നിർത്താഞ്ഞതുകൊണ്ട് ഞാൻ ഇഷ്ടികയെടുത്ത് ..... " അവൻ പൊട്ടിക്കരഞ്ഞുപോയി.

ചെറുപ്പക്കാരൻ അപ്പോഴാണ് കണ്ടത്. വീൽച്ചെയർ നടപ്പാതയിൽ മറിഞ്ഞ് വികലാംഗനായ ഒരു ബാലൻ വീണു കിടക്കുന്നു. ചെറുപ്പക്കാരൻ അവനെ എടുത്തുയർത്തി മറിഞ്ഞുപോയ വീൽച്ചെയർ നേരെയാക്കി അതിൽ എടുത്തിരുത്തി. കൈലേസെടുത്ത് അവന്റെ ചെറിയ മുറിവു കെട്ടി. കുട്ടികൾക്കു സന്തോഷമായി.

ഇളയകുട്ടി നന്ദി പറഞ്ഞ് ജ്യേഷ്ഠന്റെ വീൽച്ചെയറും ഉരുട്ടി മെല്ലെ നടപ്പാതയിലൂടെ വീട്ടിലേക്കു പോയപ്പോൾ ചെറുപ്പക്കാരനും തന്റെ കാറിലേക്കു മടങ്ങി.

അയാൾ തന്റെ കാറിന്റെ ചളുക്കം തട്ടിനിവർത്തി പെയിന്റു ചെയ്തു പഴയ പടിയാക്കാൻ ഒരിക്കലും ഒരുമ്പെട്ടില്ല. "ഒത്തിരി വേഗത്തിൽ പോകുന്നതുകൊണ്ട് എന്റെ ശ്രദ്ധ കിട്ടാൻ ഒരാൾക്ക് എന്റെ നേരെ ഇഷ്ടിക എറിയേണ്ടിവരാൻ മേലിൽ ഇടയാക്കരുതെന്ന കാര്യം വണ്ടിയിലെ ഈ പാട് എന്നെ ഓർമ്മിപ്പിക്കും" ചെറുപ്പക്കാരൻ സ്വയം പറഞ്ഞു.

ദൈവം നമ്മുടെ ആത്മാവിൽ മന്ത്രിക്കുന്നു. നമ്മുടെ ഹൃദയത്തിൽ സംസാരിക്കുന്നു. ചിലപ്പോൾ നാം ശ്രദ്ധിക്കാത്തതുകൊണ്ട് അവിടുത്തേക്കു നമ്മുടെ നേരേ 'ഇഷ്ടിക' വലിച്ചെറിയേണ്ടി വന്നിട്ടില്ലേ?.

ഇനിയെങ്കിലും നാം ശ്രദ്ധിക്കുമോ?

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 - ലക്കം 9 സെപ്റ്റംബർ 2011 Rs. 7.00



**എഡിറ്റോറിയൽ**

# ഉപവാസം: യോഹന്നാൻ സ്നാപകനിൽ നിന്ന് യേശുവിലേക്കുള്ള ദൂരം



'യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ അടുത്തു വന്നു ചോദിച്ചു: 'ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു. നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്ത്'? യേശു അവരോടു പറഞ്ഞത്: 'മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ദുഃഖിപ്പാൻ കഴികയില്ല. മണവാളൻ പിരിഞ്ഞു പോകേണ്ടുന്ന നാൾ വരും. അന്ന് അവർ ഉപവസിക്കും'.

യോഹന്നാന്റെ ശിഷ്യന്മാർ പറഞ്ഞതിലെ ഒരു പദപ്രയോഗം ശ്രദ്ധിച്ചോ? 'ഞങ്ങളും പരീശന്മാരും'. ഉപവാസത്തോടുള്ള ബന്ധത്തിൽ അന്നത്തെ മത, ആത്മീയലോകത്തെ അവലോകനം ചെയ്ത യോഹന്നാന്റെ ശിഷ്യന്മാർ ഒരു കാര്യം കണ്ടെത്തി-തങ്ങളും പരീശന്മാരും ഒരേ ചേരിയിലാണ്. യേശുവും ശിഷ്യന്മാരും മറുചേരിയും.

സത്യത്തിൽ യോഹന്നാന്റെ ശിഷ്യന്മാർ പരീശന്മാരോടൊപ്പം ഒരേ കള്ളിക്കുള്ളിൽ ആയിരിക്കേണ്ടവരാണോ? അല്ല.

പഴയ യഹൂദമതത്തെ നൂറുശതമാനവും പ്രതിനിധാനം ചെയ്തവരായിരുന്നു പരീശന്മാർ. വാസ്തവത്തിൽ യോഹന്നാനും ആ യഹൂദമതത്തിലെ ഒരു പുരോഹിതന്റെ മകനും ഭാവിയിൽ പുരോഹിതനാകേണ്ട ആളുമായിരുന്നു (ലൂക്കോ. 1:5, 13). എന്നാൽ യോഹന്നാൻ യഹൂദമതത്തോടു കലഹിച്ചു പുതിയ ഒരു മുന്നേറ്റം ആരംഭിക്കുകയാണു ചെയ്തത്.

യോഹന്നാൻ ആരംഭിച്ച പുതിയ പ്രസ്ഥാനം നിലവിലിരുന്ന യഹൂദമതത്തിൽ നിന്നും വേറിട്ട ഒന്നായിരുന്നു. കാരണം, യഹൂദമതത്തിന്റ എല്ലാ മതപരമായ പ്രവർത്തനങ്ങളും 'വിശുദ്ധനഗരമായ' യെരുശലേമിലെ 'വിശുദ്ധദേവാലയ'ത്തെ കേന്ദ്രീകരിച്ചായിരുന്നു. എന്നാൽ യോഹന്നാൻ തന്റെ ശുശ്രൂഷ വിശുദ്ധനഗരത്തിനു പുറത്ത് ആരംഭിച്ചത് 'മരുഭൂമിയിലാണ്' (ലൂക്കോ. 3:2). അതുപോലെ യഹൂദമതത്തിലെ ഒരു പുരോഹിതസ്ഥാനി എന്ന നിലയിൽ യോഹന്നാൻ ധരിക്കേണ്ടിയിരുന്നത് പഞ്ഞിനൂൽകൊണ്ടും മറ്റുമുള്ള പൗരോഹിത്യവസ്ത്രമാണ് (ലേവ്യ 6:10, പുറപ്പാട് 28: 4,5, 40, 41). എന്നാൽ യോഹന്നാൻ ധരിച്ചത് ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പായിരുന്നു (മർക്കോ. 1:6). ലേവ്യാനിയമം അനുസരിച്ച് അശുദ്ധമൃഗമെന്ന നിലയിൽ യഹൂദനു തീർത്തും നിഷിദ്ധമായിരുന്നു ഒട്ടകം എന്നോർക്കുക (ലേവ്യ 11:4). അങ്ങനെയെങ്കിൽ വസ്ത്രമായി ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പ്തന്നെ തിരഞ്ഞെടുത്തതിലൂടെ യോഹന്നാൻ നൽകുന്ന സൂചന വ്യക്തമല്ലേ? അതുപോലെ നേരിയ മാവ്, യാഗമൃഗത്തിന്റെ മാംസം തുടങ്ങിയവ അടങ്ങിയ 'പുരോഹിതഭക്ഷണ'മാണ് (ലേവ്യ 6:16–18, 25, 26; 7: 31–34) യോഹന്നാന്റെ ആഹാരമായിരിക്കേണ്ടത്. മറിച്ച് അതുമായി ഒരു താരതമ്യവുമില്ലാത്ത ഭക്ഷണമാണു യോഹന്നാൻ കഴിച്ചിരുന്നത് (മർക്കോസ് 1:6)–ഇവയെല്ലാം വിരൽ ചൂണ്ടുന്നത് യഹൂദമതത്തിൽ നിന്നു തീർത്തും വ്യത്യസ്തമായ പുതിയൊരു മുന്നേറ്റമാണു യോഹന്നാൻ ആരംഭിച്ചതെന്നല്ലേ?

യോഹന്നാൻ ആരംഭിച്ച പുതിയ പ്രസ്ഥാനം യേശുവിലേയ്ക്ക് ആളുകളെ നയിക്കാനുള്ളതായിരുന്നു. (യോഹന്നാൻ 1:37). യേശു, മണവാളനും യോഹന്നാനും ശിഷ്യരും മണവാളന്റെ സ്നേഹിതരും എന്നതായിരുന്നു സങ്കൽപ്പം. യോഹന്നാൻ തന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ടല്ലോ (യോഹ. 3:29). മണവാളനില്ലാതെ മണവാളന്റെ സ്നേഹിതർക്ക് എന്താണ് പ്രസക്തി? ചുരുക്കത്തിൽ യോഹന്നാന്റെ പ്രസ്ഥാനത്തിന്റെ കേന്ദ്രം യേശുവായിരിക്കാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്.

എന്നാൽ തുടക്കത്തിൽ നമ്മൾ കണ്ടതുപോലെ (മത്തായി 9:14–15) യോഹന്നാന്റെ ശിഷ്യന്മാർക്ക് ഇപ്പോൾ യേശു എതിർചേരിയിലാണ്. ഫലം അവരുടെ പ്രസ്ഥാനവും ഒരു 'മത'മായി മാറി. യേശുവിനെ കൂടാതെ ദൈവത്തിനായി ചിലതു ചെയ്യുന്നതാണു മതം. യോഹന്നാന്റെ മുന്നേറ്റത്തിന്റെ കാതൽ ആകേണ്ടിയിരുന്ന യേശുവുമായി ബന്ധമില്ലാതെ യോഹന്നാന്റെ ശിഷ്യന്മാർ ഉപവസിക്കുന്നു. പരീശന്മാർക്കും യേശുവുമായി ബന്ധമില്ല. പക്ഷേ ഉപവാസം അവർക്കുമുണ്ട്. അതുകൊണ്ട് യോഹന്നാന്റെ ശിഷ്യന്മാരും പരീശീന്മാരും ഇപ്പോൾ ഒരേ ചേരിയിലാണ്. ഇതുകൊണ്ടാണ് അവർ യേശുവിനോട് ചോദിക്കുന്നത് 'ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു. നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതെന്ത്?' എന്ന്.

യേശുവിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല. പക്ഷേ അവർക്ക് യേശുവുണ്ട്. പഴയ മതമായ പരീശന്മാരുടെ യഹൂദമതത്തിനും പുതിയ മതമായ യോഹന്നാന്റെ ശിഷ്യന്മാരുടെ പ്രസ്ഥാനത്തിനും ഉപവാസമെന്ന അനുഷ്ഠാനമുണ്ട്. പക്ഷേ ക്രിസ്തുവില്ല. യേശുവിന്റെ ശിഷ്യന്മാർക്ക് ഉപവാസമില്ല. എന്നാൽ ക്രിസ്തുവിന്റെ സജീവസാന്നിധ്യം അവർക്കൊപ്പമുണ്ട്.

പുതിയനിയമവിശ്വാസികളായ നാം ഇന്നുവിളിക്കപ്പെട്ടിരിക്കുന്നത് യോഹന്നാൻസ്നാപകന്റെ ശിഷ്യരായിരിക്കാനല്ല, മറിച്ച് യേശുവിന്റെ ശിഷ്യരായിരിക്കാനാണ്. ഇതിന്റെ അർത്ഥം നമുക്ക് ഉപവാസം വേണ്ടന്നാണോ? അല്ല. താൻ അക്ഷരികമായി ഒപ്പമില്ലാത്ത സമയത്തു തന്റെ ശിഷ്യന്മാർ ഉപവസിക്കും എന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ടല്ലോ (മത്തായി 9:15). ഉപവാസത്തിന്റെ ആവശ്യകതയിലേക്കും പ്രാധാന്യത്തിലേക്കും യേശു വിരൽ ചൂണ്ടിയിട്ടുമുണ്ട് (മത്തായി 17:21; 6:16). യേശു സ്വർഗ്ഗാരോഹണം ചെയ്ത ശേഷം ശിഷ്യന്മാർ ഉപവാസം അനുഷ്ഠിച്ചതായും അപ്പോസ്തോലന്മാരുടെ നടപടികളിൽ വായിക്കാം (പ്രവൃ.13:2,3; 14:23). ചുരുക്കത്തിൽ ഉപവാസം ആവശ്യം തന്നെ. എന്നാൽ നാം ഉപവസിക്കേണ്ടതും ക്രിസ്തുശിഷ്യരെപ്പോലെയാണ്, യേഹന്നാന്റെ ശിഷ്യന്മാരെപ്പോലെയല്ല.

ഇന്നു വിശ്വാസഗോളത്തിൽ ഉപവാസങ്ങൾ ധാരാളം നടക്കുന്നുണ്ട്. അവയെ പലരും 'മേള'കളും 'ഉത്സവങ്ങളും' ആക്കിമാറ്റിയിരിക്കുകയാണ് ('മണവാളൻ കൂടെയില്ലെങ്കിൽ തോഴ്മക്കാർക്കു ദുഃഖിക്കേണ്ടിവരും' എന്നു ഭംഗ്യന്തരേണ പറഞ്ഞ യേശു ഉപവാസത്തിൽ അനുതാപത്തിനും, കരച്ചിലിനുമാണ് ഊന്നൽ നൽകിയത്. പക്ഷേ നാം ഇന്ന് ഉപവാസത്തെ 'ഉത്സവ'വും 'ആഘോഷവു'മാക്കിമാറ്റിയപ്പോൾ യേശു നൽകിയ ഊന്നലിനെ അപ്പാടെ നിഷേധിക്കുകയല്ലേ ചെയ്യുന്നത്?) യേശുവിന് കേന്ദ്രസ്ഥാനമില്ലാത്ത, മതപരമായ ഒരു അനുഷ്ഠാനം പോലെയാണ് ഈ ഉപവാസമേളകളെങ്കിൽ അത് യോഹന്നാന്റെ ശിഷ്യരുടെ ഉപവാസം പോലെയാണെന്നു പറയേണ്ടി വരും.

'ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു' എന്നു യോഹന്നാന്റെ ശിഷ്യന്മാർ പറയുന്നിടത്ത് ഒരു പ്രശംസയും പ്രദർശനമനോഭാവവും ഉണ്ട്. നോട്ടീസടിച്ചു പരസ്യം ചെയ്തു നടത്തുന്ന ഇന്നത്തെ 'ഉപവാസമേള'കളിലും ഈ പ്രദർശനപരത വളരെ പ്രകടമാണ്. എന്നാൽ ഉപവസിക്കുന്നത് രഹസ്യത്തിലായിരിക്കണമെന്നാണ് യേശു നൽകിയ കൽപ്പന (മത്തായി 6:16–18). യേശുവിന്റെ കൽപ്പ

(ശേഷം പേജ് 27 ൽ)

**ചിന്തയ്ക്ക്**

# ഉപവാസവും ആത്മീയശക്തിയും

**യോഹന്നാന്റെ** ശിഷ്യന്മാർക്ക് ഇതൊരത്ഭുതവിഷയമായിരുന്നു: തങ്ങൾ ഉപവസിക്കുന്നതുപോലെ യേശുവിന്റെ ശിഷ്യന്മാർ എന്തുകൊണ്ട് ഉപവസിക്കുന്നില്ല? താൻ അവരുടെ ഇടയിൽനിന്നു വിട്ടുപോയശേഷം തന്റെ ശിഷ്യന്മാർ ഉപവസിച്ചുകൊള്ളുമെന്ന വിശദീകരണം യേശു അവർക്കു നൽകി.(മത്താ. 9:14, 15)

യിസ്രായേൽ ജനതയ്ക്ക് പ്രത്യേകം നിശ്ചയിക്കപ്പെട്ട ഉപവാസദിവസങ്ങൾ ഉണ്ടായിരുന്നു. അവരുടെ ഉപവാസം പ്രധാനമായി ഭക്ഷണം വെടിയുക എന്നതായിരുന്നു. ഭക്ഷിക്കുന്നത് ഒരു പാപമായിരുന്നില്ല; എങ്കിലും ചില പ്രത്യേക സമയങ്ങളിൽ ദൈവത്തോട് അധികം അടുത്തിരിക്കുവാൻവേണ്ടി അവർ ഭക്ഷണം വെടിഞ്ഞിരുന്നു.

അതിനാൽ, അതിൽത്തന്നെ പാപമല്ലാത്ത ചില കാര്യങ്ങൾ ഉപേക്ഷിക്കുക എന്നതാണ് ഉപവാസം. എങ്കിലും ഒരു സമയത്തേയ്ക്കോ എന്നേയ്ക്കുമായോ അതുപേക്ഷിക്കുന്നത് നമുക്കോ നമ്മുടെ അയൽക്കാർക്കോ ആത്മീയ പ്രയോജനം വരുത്തുമെങ്കിൽ അതിനെ നാം ഉപേക്ഷിക്കുന്നു. പുതിയനിയമമനുസരിച്ച് ഉപവാസമെന്നത് കേവലം ആഹാരവർജ്ജനത്തിൽക്കവിഞ്ഞതാ



*മറ്റുള്ളവരുടെ മേൽ ചില നിയമങ്ങൾ അടിച്ചേല്പിക്കുവാൻ നമുക്കു സാധ്യമല്ല. കാരണം, ഉപവാസം സ്വമേധയാ ചെയ്യേണ്ട ഒന്നാണ്.*

> **പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ നമ്മുടെ ആത്മീയ ജീവനും ശക്തിയും ചോർന്നു പോകാനിടയാക്കുന്നതെന്ന് നാം കരുതുന്ന ചിലതിന്റെ വർജ്ജനമാണ് ഉപവാസം. ഈയൊരു മനോഭാവത്തോടുകൂടി നമ്മുടെ ആത്മീയശക്തി ചോർന്നുപോകുവാനിടയാക്കുന്ന കാരണങ്ങളെ നാം പരിശോധിച്ചുനോക്കേണ്ടതാണ്. അപ്പോൾ നമ്മുടെ അനുദിന ജീവിതത്തിലും ശുശ്രൂഷയിലും നാമെന്തുകൊണ്ട് ശക്തിഹീനരായിരിക്കുന്നുവെന്ന് പരിശുദ്ധാത്മാവ് നമുക്ക് കാണിച്ചുതരും.**

ണ്. പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ നമ്മുടെ ആത്മീയജീവനും ശക്തിയും ചോർന്നു പോകാനിടയാക്കുന്നതെന്ന് നാം കരുതുന്ന ചിലതിന്റെ വർജ്ജനമാണ് ഉപവാസം.

ഈയൊരു മനോഭാവത്തോടുകൂടി നമ്മുടെ ആത്മീയശക്തി ചോർന്നുപോകുവാനിടയാക്കുന്ന കാരണങ്ങളെ നാം പരിശോധിച്ചുനോക്കേണ്ടതാണ്. അപ്പോൾ നമ്മുടെ അനുദിന ജീവിതത്തിലും ജീവിതത്തിലൊന്നാകെയും പ്രാർത്ഥനയിലും ശുശ്രൂഷയിലും നാമെന്തുകൊണ്ട് ശക്തിഹീനരായിരിക്കുന്നുവെന്ന് പരിശുദ്ധാത്മാവ് നമുക്ക് തീർച്ചയായും കാണിച്ചുതരും.

പുതിയനിയമവ്യവസ്ഥയിൽ ഉപവാസം നാം സ്വമേധയാ ചെയ്യുന്ന ഒരു കാര്യമാണ്. എന്നാൽ നമുക്ക് ഉപവസിക്കുവാനുള്ള ഏക അവസരം നമ്മുടെ കർത്താവ് വീണ്ടും പ്രത്യക്ഷനാകുന്നതുവരെ മാത്രമാണ്. പഴയനിയമത്തിലെ ഉപവാസം പുതിയനിയമത്തിലേതിന്റെ ഒരു നിഴൽ മാത്രമായിരുന്നു. ഭക്ഷണം വെടിയുന്ന ഉപവാസം തീർച്ചയായും ചില സമയങ്ങളിൽ അഭികാമ്യം തന്നെ. എന്നാൽ അതിനു പുറമേ മറ്റു പല ഉപവാസങ്ങളും ആവശ്യമത്രേ (1 കോരി. 7:5). ഇപ്പോൾ നമുക്ക് ദൈവം പരിശുദ്ധാത്മാവിനെ നൽകിയിരിക്കയാലും ആത്മാവിന്റെ ഫലം സ്വയംനിയന്ത്രണം (self-control) ആകയാലും (ഗലാ. 5:24) പുതിയ ഉടമ്പടിയിൽ ഉപവാസം നിർബന്ധിതമല്ല, സ്വേച്ഛാപ്രേരിതമാണ്. ആത്മാവു നമ്മെ അതിലേയ്ക്കു നടത്തുക മൂലമാണു നാം ഉപവസിക്കുന്നത്.

നാം ഉപവസിക്കണം എന്നൊരു കല്പന യേശു ഒരിക്കലും നമുക്കു നൽകിയിട്ടില്ല. എന്നാൽ നമുക്കു ശത്രുവിന്നെതിരേ ആഞ്ഞടിക്കുവാനുള്ള ശക്തിയുണ്ടാവണമെങ്കിൽ ചില സന്ദർഭങ്ങളിൽ അത് അനുപേക്ഷണീയമാണെന്ന് കർത്താവ് ചൂണ്ടിക്കാണിച്ചിട്ടുണ്ട് (മത്തായി 17:21). ക്രിസ്തുവിൽ നമുക്ക് അത്ഭുതകരമായ സ്വാതന്ത്ര്യമുണ്ട്. "എല്ലാം നമുക്ക് നിയമാനുസൃതമാണ്, എങ്കിലും എല്ലാം പ്രയോജനകരമല്ല ...................... എല്ലാം ആത്മീയ വർദ്ധന വരുത്തുന്നില്ല" (1 കോരി. 6:12; 10:23). നാം ചെയ്യാനോ ചെയ്യാതിരിക്കാനോ തീരുമാനിക്കുന്ന കാര്യം നമ്മുടെ മനോഗതിയെ - അത് ക്രിസ്തുവിന്റെ മനോഗതിയോട് എത്രമാത്രം അടുത്തിരിക്കുന്നു എന്നതിനെത്തന്നെ - ആശ്രയിച്ചിരിക്കുന്നു; നമുക്കു ലഭിച്ചിട്ടുള്ള വെളിച്ചത്തിന്റെ അളവിനെയും.

നിയമാനുസൃതമായ ചില കാര്യങ്ങൾ - അവ പ്രയോജനശൂന്യമാണെന്നറിയുമ്പോൾ പോലും - ഉപേക്ഷിക്കുവാൻ നാം വിസമ്മതം കാണിക്കുന്നതെന്തുകൊണ്ടാണ്? നാം തിരുവെഴുത്തുകൾ





ഉദ്ധരിച്ചുകൊണ്ട് നമ്മുടെ പ്രവൃത്തികളെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നതും എന്തുകൊണ്ട്? മറ്റുള്ളവരുടെ അഭിപ്രായങ്ങളെ നാം ഭയപ്പെടുന്നതുകൊണ്ടോ? ഇവിടെ മറ്റുള്ളവരുടെമേൽ ചില നിയമങ്ങൾ അടിച്ചേല്പിക്കുവാൻ നമുക്കു സാധ്യമല്ല. കാരണം, ഉപവാസം സ്വമേധയാ ചെയ്യേണ്ട ഒന്നാണ്. എന്നാൽ തന്റെ ഉപവാസത്തിന്റെ പരിധി എന്തായിരിക്കണമെന്നത് ഓരോ വ്യക്തിയും സ്വയം തീരുമാനിക്കേണ്ടതാണ്.

നിയമാനുസൃതമായ കാര്യങ്ങൾ ആസ്വദിക്കുവാൻ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ഉപയോഗിക്കുന്നയാളും സ്വയം ത്യജിച്ചുകൊണ്ട് നിയമാനുസൃത വസ്തുക്കൾ (രഹസ്യത്തിൽ) വർജ്ജിക്കുന്നയാളും - ഇരുവരും മനുഷ്യരുടെ ഇടയിൽ ഒരുപോലെ ആത്മീയരായികാണപ്പെട്ടെന്നു വരാം. എന്നാൽ നാം ദൈവത്തിന്റെ കൺമുൻപിൽ മാത്രമാണ് ജീവിക്കുന്നതെങ്കിൽ ഇതു നമുക്കു മനശ്ശല്യമുണ്ടാക്കേണ്ട കാര്യമില്ല. ഒരുവന്റെ ജീവിതത്തിൽ ആത്മീയശക്തി ചോർത്തിക്കളയുന്ന ഒരു കാര്യം മറ്റൊരുവന്റെ ജീവിതത്തിൽ അങ്ങനെ ചോർച്ചയുളവാക്കണമെന്നു നിർബന്ധമില്ല. ഇതും നാം ഓർക്കേണ്ടതാണ്. നാമെല്ലാം വിഭിന്ന സ്വഭാവികളാണ്. അതിനാലാണു നാം സ്വയം വർജ്ജിച്ച ഒരു കാര്യം ദൈവഭയമുള്ള മറ്റൊരു സഹോദരൻ ചെയ്യുന്നതായിക്കാണുമ്പോൾ നാം പ്രയാസപ്പെടേണ്ട ആവശ്യമില്ലാത്തത്. നാം അദ്ദേഹത്തെ അനുകരിക്കുന്നപക്ഷം നമ്മുടെ ആത്മീയസമ്പത്ത് നമുക്കു നഷ്ടപ്പെടും. മറ്റു സഹോദരന്മാർ ചെയ്യുന്ന കാര്യങ്ങൾ നമുക്ക് ആത്മീയ പ്രയോജനം വരുത്തുകയില്ലെന്നു കണ്ടാൽ അവയിൽനിന്നു പിൻവാങ്ങുവാൻ തക്കവണ്ണം മനുഷ്യരിൽനിന്നുള്ള സ്വാതന്ത്ര്യം നമുക്കാവശ്യമാണ്. ഇതു

> **ഒരുവന്റെ ജീവിതത്തിൽ ആത്മീയശക്തി ചോർത്തിക്കളയുന്ന ഒരു കാര്യം മറ്റൊരുവന്റെ ജീവിതത്തിൽ അങ്ങനെ ചോർച്ചയുളവാക്കണമെന്നു നിർബന്ധമില്ല. ഇതും നാം ഓർക്കേണ്ടതാണ്. നാമെല്ലാം വിഭിന്നസ്വഭാവികളാണ്. അതിനാലാണു നാം സ്വയം വർജ്ജിച്ച ഒരു കാര്യം ദൈവഭയമുള്ള മറ്റൊരു സഹോദരൻ ചെയ്യുന്നതായിക്കാണുമ്പോൾ നാം പ്രയാസപ്പെടേണ്ട ആവശ്യമില്ലാത്തത്.**

മൂലം മറ്റുള്ളവർ നമ്മെ ബന്ധനത്തിൽപ്പെട്ടവരെന്നു കരുതിയേക്കാം. അതുകൊണ്ട് നാം ഭയപ്പെടരുത്. ക്രിസ്തുവിന്റെ ശരീരത്തിൽ പൂർണ്ണമായ അന്യോന്യാശ്രയത്തിലിരിക്കെത്തന്നെ മറ്റുള്ളവരിൽനിന്നുള്ള ഈ സ്വാതന്ത്ര്യത്തിലേയ്ക്കു കടക്കുവാൻ നമുക്കു കഴിയുമെങ്കിൽ അത് അത്ഭുതാവഹംതന്നെയായിരിക്കും.

ഒരുമിച്ചുള്ള ജീവിതത്തിൽ ഫലിതം പ്രയോഗിക്കുകയും അല്പം നർമ്മമാസ്വദിക്കുകയും ചെയ്യുന്നത് നിയമാനുസൃതമാണ്. തീർച്ചയായും അത് അനുവദിക്കത്തക്കതു തന്നെ. ആ സ്വാതന്ത്ര്യത്തിനായി നാം ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. എന്നാൽ ഏതു പരിധിവരെ നാമതു ചെയ്യുന്നു എന്നത് നമ്മുടെ ആത്മീയ വളർച്ചയെയും ആ പ്രത്യേക സമയത്ത് നാം ആരോടൊപ്പമായിരിക്കുന്നുവോ അവരുടെ പരിപക്വതയെയും ആശ്രയിച്ചിരി

> മറ്റു സഹോദരന്മാർ ചെയ്യുന്ന കാര്യങ്ങൾ നമുക്ക് ആത്മീയ പ്രയോജനം വരുത്തുകയില്ലെന്നു കണ്ടാൽ അവയിൽനിന്നു പിൻവാങ്ങുവാൻ തക്കവണ്ണം മനുഷ്യരിൽനിന്നുള്ള സ്വാതന്ത്ര്യം നമുക്കാവശ്യമാണ്. ഇതു മൂലം മറ്റുള്ളവർ നമ്മെ ബന്ധനത്തിൽപ്പെട്ടവരെന്നു കരുതിയേക്കാം. അതുകൊണ്ട് നാം ഭയപ്പെടരുത്.

ക്കും. എങ്കിലും നാം സ്വയം വിധിക്കുന്നപക്ഷം നമ്മോടൊപ്പമുള്ളവർ എത്ര പക്വമതികളായിരുന്നാലും ആത്മീയമായി അല്പം ചോർച്ച നമുക്കുണ്ടാകുന്നതായി കണ്ടെത്താൻ കഴിയും. യുവജനങ്ങൾ പ്രത്യേകിച്ച്, ഈ കാര്യത്തിൽ ജാഗരൂകരായിരിക്കണം. ഒരു വിനോദവേളയ്ക്കുശേഷം ദൈവത്തോടു നിങ്ങൾക്കു മുമ്പുണ്ടായിരുന്ന ഗൗരവബോധം ഒരളവിൽ നഷ്ടപ്പെട്ടുപോയ അനുഭവും പലപ്പോഴും നിങ്ങൾക്കുണ്ടായിട്ടില്ലേ?

സമയം നമുക്ക് അപ്രമേയമായ വിധം ഏറ്റവും വലിയേറിയതാണ്. നാം മറ്റുള്ളവർക്കും മറ്റുള്ളവർ നമുക്കും അതിരറ്റ വിധം വിലപ്പെട്ടവരാണ്. ഇതു നാം മനസ്സിലാക്കുന്നുവെങ്കിൽ നമ്മുടെ ദൈനംദിന ശീലങ്ങളിൽ പലതിനെയും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം നമുക്കു ബോധ്യപ്പെടും. ആവശ്യത്തിലധികമായ പത്രപാരായണം, അനാവശ്യവും പൊള്ളയുമായ സംഭാഷണം, ലൗകിക താത്പര്യങ്ങൾ, ആഡംബരജീവിതം തുടങ്ങിയ അനേകം ദൃഷ്ടാന്തങ്ങൾ നമുക്ക് എടുത്തുകാണിക്കുവാൻ കഴിയും. ഈ കാര്യങ്ങൾ എല്ലാം തുടർന്നുകൊണ്ടിരിക്കാം. അത്തരമൊരു ജീവിതം കൊണ്ട് ചിലർ സംതൃപ്തരായിത്തീരാം. എന്നാൽ നമുക്ക് ആത്മീയധികാരവും ശുശ്രൂഷിപ്പാനുള്ള ശക്തിയും പ്രാർത്ഥനയിൽ ദൈവത്തിലുള്ള ബലവും നൽകുന്ന പുതിയനിയമോപവാസത്തിലൂടെ ദൈവം വച്ചിട്ടുള്ള അനന്തസാധ്യതകൾ ഗ്രഹിക്കുവാൻ ദൈവം നമ്മുടെ കണ്ണുകൾ തുറന്നുതരട്ടെ.

നമുക്കു പാപത്തിന്റെമേൽ വിജയവും പരിശുദ്ധാത്മസ്നാനവും ലഭിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ശുശ്രൂഷയിൽ നാം ശക്തിയറ്റവരായിക്കാണപ്പെടുന്നപക്ഷം അതിന്റെ കാരണം ഇപ്പോൾ നാം ചിന്തിച്ച കാര്യങ്ങളിൽ ചിലതായിരിക്കും. അതിനുള്ള പരിഹാരം ആത്മനിയന്ത്രണത്തിന്റെ അഥവാ സ്വാർത്ഥത്യാഗത്തിന്റെ രൂപത്തിലുള്ള ഉപവാസമാണ്. ❖


**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.






സന്ദേശം

### ഭക്തന്മാർ ഇല്ലാതെ പോകുന്നു - II

# ആത്മീയാധഃപതനത്തിന്റെ കാരണങ്ങൾ

**ക്രൈ**സ്തവ ലോകത്തിന്റെ ചരിത്രത്തിൽ നാം കാണുന്നത് ക്രൈസ്തവ ലോകത്തെ തങ്കലേക്കു മടക്കിക്കൊണ്ടുവരാനായി ദൈവം അയച്ച ഭക്തരായ ഓരോ നവീകരണക്കാരനും അവന്റെ സ്വന്തം തലമുറയെ മാത്രമേ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി സേവിക്കാൻ കഴിഞ്ഞിട്ടുള്ളു എന്നതാണ്. മിക്കവാറും എല്ലാ കാര്യത്തിലും നവീകരണക്കാരന്റെ മരണശേഷം അടുത്ത തലമുറയിലുള്ള അനുയായികൾ തങ്ങളുടെ നേതാവിന്റെ ജീവിതത്തേക്കാളധികം അദ്ദേഹം പഠിപ്പിച്ച ഉപദേശങ്ങൾക്കാണ് അധികം ഊന്നൽ നൽകാറുള്ളത്. ദൈവഭക്തിയുടെ വേഷത്തിന് അധികം പ്രാധാന്യം ഉണ്ടാകുകയും ദൈവഭക്തിയുടെ ശക്തി അവഗണിക്കപ്പെടുകയും ചെയ്യും. അങ്ങനെ ജീർണത പ്രത്യക്ഷപ്പെടുന്നു.

ഇത്തരം പ്രസ്ഥാനങ്ങൾ മൂന്നാം തലമുറയിൽ എത്തുമ്പോഴേക്കും ആ കൂട്ടത്തിന്റെ ജീർണത പൂർണ്ണമാകുന്നു. അതിനുശേഷം ആ കൂട്ടം, തങ്ങളുടെ നേതാവിൽ ഉണ്ടായിരുന്ന ഭക്തിയുടെയും ആത്മീയതയുടെയും യാതൊരു സാമ്യവും ഇല്ലാത്തവരായിത്തീരുന്നു. അവർ അതേ ഉപദേശം പ്രഘോഷിക്കുകയും അദ്ദേഹത്തിന്റെ പേരിൽ പ്രശംസിക്കുകയും ചെയ്യും. എന്നാൽ അവർ പണിയുന്നത് ബാബിലോൺ ആയിരിക്കും.

ഒരു കൂട്ടം ഒരു ആത്മീയപ്രസ്ഥാനമായി ആരംഭിച്ചാലും ക്രമേണ ദേഹീമയവും....എന്തിന് പൈശാചികവുമായിപ്പോലും അവസാനിക്കാം.

ഒരു ദൈവപുരുഷനാൽ ആരംഭിക്കപ്പെട്ട പ്രസ്ഥാനം വേഗത്തിൽ ഒരു അന്ധാരാധനക്കൂട്ടമായിത്തീരും.

ദാവീദ്, ശലോമോൻ, രെഹബെയാം എന്നിവരുടെ ചരിത്രത്തിൽ കണ്ട അധോഗതിയുടെ അതേ കഥ ക്രൈസ്തവലോകത്ത് വീണ്ടും വീണ്ടും ആവർത്തിച്ചിട്ടുണ്ട്. ദൈവത്തോടു കൂടെ ആരംഭിച്ചതും ഇപ്പോൾ രണ്ടാമത്തെയോ മൂന്നാമത്തെയോ തലമുറയിൽ ആയിട്ടുള്ളതുമായ ഏതെങ്കിലും പ്രസ്ഥാനത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ ഞാനിപ്പോൾ പറഞ്ഞതിന്റെ യാഥാർത്ഥ്യം നിങ്ങൾക്കു ബോധ്യപ്പെടും.

എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? ഉത്തരം വളരെ ലളിതമാണ്. വിശ്വാസികൾ യേശു ക്രിസ്തുവെന്ന വ്യക്തിയേക്കാളധികം വചനത്തിലെ അക്ഷരങ്ങളെയാണ് ഗൗരവമായി എടുക്കുന്നത്. ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ഭക്തിയെക്കാൾ ഏതെങ്കിലും ഉപദേശം പ്രധാനപ്പെട്ടതായിത്തീരുമ്പോൾ ജീർണതയും സ്വയംനീതീകരണവും പരീശത്വവും ആണ് മാറ്റമില്ലാത്തവിധമുള്ള ഫലങ്ങൾ. ക്രൂശെടുക്കുക എന്ന ഉപദേശം പോലും അത് പ്രസംഗിക്കുന്നവരിൽ യേശുവിന്റെ ജീവൻ പ്രകടമാക്കാതെ വെറും വാക്കുകളായി മാറുന്നതുപോലുള്ള അസംഖ്യമായ ഉദാഹരണങ്ങൾ നാം കണ്ടു കഴിഞ്ഞു.

**നവീകരണക്കാരന്റെ മരണശേഷം അടുത്ത തലമുറയിലുള്ള അനുയായികൾ തങ്ങളുടെ നേതാവിന്റെ ജീവിതത്തേക്കാളധികം അദ്ദേഹം പഠിപ്പിച്ച ഉപദേശങ്ങൾക്കാണ് അധികം ഊന്നൽ നൽകാറുള്ളത്. ദൈവഭക്തിയുടെ വേഷത്തിന് അധികം പ്രാധാന്യം ഉണ്ടാകുകയും ദൈവഭക്തിയുടെ ശക്തി അവഗണിക്കപ്പെടുകയും ചെയ്യും. അങ്ങനെ ജീർണത പ്രത്യക്ഷപ്പെടുന്നു.**

ഇവയെല്ലാം നമുക്ക് ഗൗരവമേറിയ മുന്നറിയിപ്പുകൾ ആയിരിക്കണം. എഫെസോസിലെ സഭയുടെ ചരിത്രം തന്നെ എടുക്കാം. പൗലോസ് അവിടെ മൂന്നു വർഷം താമസിച്ച് രാവും പകലും പ്രസംഗിച്ചുകൊണ്ടിരുന്നു. (അപ്പോ20:31) അതിന്റെ അർത്ഥം എഫേസ്യക്രിസ്ത്യാനികൾ പൗലോസിന്റെ നാവിൽനിന്നും നൂറുകണക്കിനു പ്രസംഗങ്ങൾ കേട്ടവരാണ് എന്നതാണ്. അവരുടെ മധ്യത്തിൽ കർത്താവു ചെയ്ത അസാധാരണമായ അത്ഭുതങ്ങൾ അവർ കണ്ടതാണ്. (അപ്പൊ19:11) അവരുടെ മധ്യത്തിൽ നിന്നാണു വെറും രണ്ടു വർഷംകൊണ്ട് ദൈവവചനം ഏഷ്യാമൈനറിൽ ഉള്ള മറ്റു എല്ലായിടത്തേക്കും വ്യാപിച്ചത്. അവർ ഉണർവ്വ് അനുഭവിച്ചു (അപ്പൊ19:10,19). അപ്പോസ്തോലിക കാലത്തെ ഏതു സഭകളെക്കാളുമധികം വിശേഷഭാഗ്യം ലഭിച്ചവരായിരുന്നു അവർ. ഏഷ്യാമൈനറിൽ അന്നുണ്ടായിരുന്ന സഭകളിൽ വച്ച് സംശയലേശമെന്യേ ഏറ്റവും ആത്മീയരും അവരായിരുന്നു. എഫെസ്യർക്കുള്ള ലേഖനത്തിൽ പൗലോസിന് അവരുടെ മധ്യത്തിലുള്ള ഒരു തെറ്റും ചൂണ്ടിക്കാട്ടേണ്ടിവന്നിട്ടില്ലെന്നു നമുക്കു കാണുവാൻ കഴിയും.

എന്നാൽ പൗലോസ് ഏഫെസൊസ് വിടുമ്പോൾ അടുത്ത തലമുറയിൽ സഭയുടെ പുതിയനേതൃത്വത്തിനു കീഴിൽ കാര്യം മോശമായിത്തീരുവാൻ സാധ്യതയുണ്ടെന്ന് മൂപ്പന്മാർക്ക് മുന്നറിയിപ്പു നല്കി. അവൻ അവരോട് പറഞ്ഞത് കൊടിയ ചെന്നായ്ക്കൾ അവരുടെ ഇടയിലേക്ക് വരുമെന്നും വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ അവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്കുമെന്നും അവർ ആളുകളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നതിനു പകരം തങ്ങളിലേക്കു തന്നെ അടുപ്പിക്കുമെന്നുമാണ് (അപ്പൊ 20 :29:30).

പൗലോസ് അവിടെ ഉണ്ടായിരുന്നിടത്തോളം കാലം ഒരു ചെന്നായും എഫെസോസിലെ സഭയിലേക്കു കടക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. പൗലോസ് വിശ്വസ്തനായ ഒരു വാതിൽകാവൽക്കാരൻ (മർക്കോ 13:34) ആയിരുന്നു. അദ്ദേഹത്തിന് കർത്താവിൽനിന്നും ആത്മീയാധികാരം ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ അവൻ അഭിഷേകം പ്രാപിച്ചവനും ദൈവത്തെ ഭയപ്പെടുന്നവനും സ്വന്ത താൽപര്യങ്ങളല്ല ദൈവത്തിന്റെ താൽപര്യങ്ങൾ അന്വേഷിക്കുന്നവനും ആയിരുന്നു. എന്നാൽ എഫെസോസിലുള്ള മൂപ്പന്മാരുടെ ആത്മീയ നില മോശമാണ് എന്ന് അറിയാനുള്ള ആത്മീയ വിവേചനവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ അവൻ അഭിഷേകം പ്രാപിച്ചവനും ദൈവത്തെ ഭയപ്പെടുന്നവനും, സ്വന്തതാത്പര്യങ്ങളല്ല, ദൈവത്തിന്റെ താത്പര്യങ്ങൾ അന്വേഷിക്കുന്നവനും ആയിരുന്നു. എന്നാൽ എഫെസോസിലുള്ള മൂപ്പന്മാരുടെ ആത്മീയ





നില മോശമാണ് എന്ന് അറിയാനുള്ള ആത്മീയവിവേചനവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവർ സഭയുടെ നേതൃത്വം ഏറ്റെടുത്തു കഴിയുമ്പോൾ കാര്യങ്ങൾ വഷളാകുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നത്.

എഫെസോസിൽ കൃത്യമായി നടക്കാൻ പോകുന്നതെന്താണെന്നുള്ള ഒരു പ്രവചനമല്ല പൗലോസ് മൂപ്പന്മാർക്ക് നല്കിയത്. അതൊരു മുന്നറിയിപ്പു മാത്രമായിരുന്നു. അദ്ദേഹം മുൻകൂട്ടി പറഞ്ഞതുപോലെ കാര്യങ്ങൾ സംഭവിക്കണമെന്നില്ലായിരുന്നു–മൂപ്പന്മാർ തങ്ങളെത്തന്നെ വിധിക്കുകയും അനുതപിക്കുകയും ചെയ്തിരുന്നെങ്കിൽ.

യോന ഒരിക്കൽ നിനേവേയുടെ നാശത്തെപ്പറ്റി പ്രവചിച്ചു. അവൻ പ്രവചിച്ചതുപോലെ സംഭവിച്ചില്ല. എന്തുകൊണ്ടെന്നാൽ നിനേവേക്കാർ അനുതപിച്ചു. ഏഫെസോസിലെ സഭയ്ക്കും പൗലോസ് പ്രവചിച്ച വിധിയിൽ നിന്നും രക്ഷപ്പെടാമായിരുന്നു.

പക്ഷേ കഷ്ടമെന്നു പറയട്ടെ ആ സഭയിലെ പുതിയ തലമുറയിലെ നേതാക്കൾ പൗലോസിന്റെ മുന്നറിയിപ്പിനെ ഗൗരവമായി എടുത്തില്ല. ഫലം കർത്താവിൽ നിന്നും അവർ വഴുതിമാറിപ്പോയി.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മൂന്നാം തലമുറ അധികാരത്തിൽ വന്നു. അപ്പോൾ കാര്യങ്ങൾ തീരെ മോശമായി. അവരുടെ ഉപദേശങ്ങൾ അപ്പോഴും കൃത്യമായിരുന്നു. അവർ ക്രിസ്തീയ പ്രവർത്തനങ്ങളിൽ ശുഷ്കാന്തിയുള്ളവരുമായിരുന്നു. ഒരു പക്ഷേ അപ്പോഴും മുഴുവൻ രാത്രി പ്രാർത്ഥനായോഗങ്ങളും മറ്റു പ്രത്യേക യോഗങ്ങളും ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവരുടെ ആത്മീയനില അത്രയധികം മോശമായതുമൂലം ഒരു

**യോന ഒരിക്കൽ നിനേവേയുടെ നാശത്തെപ്പറ്റി പ്രവചിച്ചു. അവൻ പ്രവചിച്ചതുപോലെ സംഭവിച്ചില്ല. എന്തുകൊണ്ടെന്നാൽ നിനേവേക്കാർ അനുതപിച്ചു. ഏഫെസോസിലെ സഭയ്ക്കും പൗലോസ് പ്രവചിച്ച വിധിയിൽ നിന്നും രക്ഷപ്പെടാമായിരുന്നു. പക്ഷേ കഷ്ടമെന്നു പറയട്ടെ ആ സഭയിലെ പുതിയ തലമുറയിലെ നേതാക്കൾ പൗലോസിന്റെ മുന്നറിയിപ്പിനെ ഗൗരവമായി എടുത്തില്ല. ഫലം കർത്താവിൽ നിന്നും അവർ വഴുതിമാറിപ്പോയി.**

സഭയെന്ന കർത്താവിന്റെ അംഗീകാരം എടുത്തുകളയത്തക്കതായിത്തീർന്നു. എന്തായിരുന്നു അവരുടെ കുറ്റം? അവർക്ക് കർത്താവിനോടുള്ള ഈ ഭക്തി നഷ്ടപ്പെട്ടു (വെളി 2:4,5)

എഫെസോസിലെ സഭയുടെ ചരിത്രം നമ്മെ എന്താണ് പഠിപ്പിക്കുന്നത്? ഒരു ഉപദേശവും കർത്താവിനോടു തന്നെയുള്ള തീക്ഷ്ണമായ ഭക്തിയേക്കാൾ പ്രധാനപ്പെട്ടതല്ല എന്നതാണത്. യഥാർത്ഥ ആത്മീയ പെരുമാറ്റത്തിൽ വർദ്ധിച്ച രീതിയിൽ വെളിപ്പെടുന്നതാണ്. ഇതുണ്ടാകുന്നത് കർത്താവിനോടുള്ള വ്യക്തിപരമായ ഭക്തിയുടെ അഭാവം മൂലമാണ്.

പൗലോസ് ദൈവഭക്തനായ മനുഷ്യനായിരുന്നു. തീക്ഷ്ണതയുള്ളവനും വിശ്വസ്തനുമായ അപ്പൊസ്തലൻ. തന്റെ ജീവിതത്തിന്റെ അവസാനം

**ജലസ്നാനം, പരിശുദ്ധാത്മസ്നാനം എന്നീ ഉപദേശങ്ങളിലുള്ള തെറ്റുകൾ പോലും ക്രിസ്തുവിനോടുള്ള ഒരുവന്റെ വ്യക്തിപരമായ ഭക്തി നഷ്ടപ്പെടുന്ന അത്രയും അപൽക്കരമല്ല. എന്നിട്ടും അനേകം വിശ്വാസികളും ഒരിക്കലും ഇതു മനസ്സിലാക്കുന്നതായി തോന്നുന്നില്ല. ഒരു ഉപദേശവും യേശുക്രിസ്തുവിനോടുള്ള ഭക്തിയുടെ സ്ഥാനം എടുക്കാൻ കഴിയത്തക്കവണ്ണം പ്രധാനപ്പെട്ടതും നല്ലതുമല്ല.**

വരെ യേശു കർത്താവിനുവേണ്ടി സമർപ്പിക്കപ്പെട്ടവൻ. ക്രിസ്തുവിനോടുള്ള ലളിതമായ ഭക്തിയിൽ (2 കൊരി 11:3) നിന്ന് അവരെ പിന്തിരിപ്പിക്കുവാൻ സാത്താൻ സാധ്യമായതെല്ലാം ചെയ്യുമെന്നതാണ് അദ്ദേഹം വിശ്വാസികൾക്കു നൽകിയിരുന്ന മുന്നറിയിപ്പ്.

ജലസ്നാനം, പരിശുദ്ധാത്മസ്നാനം എന്നീ ഉപദേശങ്ങളിലുള്ള തെറ്റുകൾ പോലും ക്രിസ്തുവിനോടുള്ള ഒരുവന്റെ വ്യക്തിപരമായ ഭക്തി നഷ്ടപ്പെടുന്ന അത്രയും അപൽക്കരമല്ല. എന്നിട്ടും അനേകം വിശ്വാസികളും ഒരിക്കലും ഇതു മനസ്സിലാക്കുന്നതായി തോന്നുന്നില്ല.

പൗലോസിനുപോലും, തന്റെ തലമുറയിൽ മാത്രമേ ദൈവികലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിഞ്ഞുള്ളു എന്നു നാം കണ്ടു. തിമൊഥെയോസിനെപ്പോലെ അദ്ദേഹത്തോടുകൂടെ ജീവിച്ചവർ അദ്ദേഹത്തിന്റെ ആത്മാവിനെ ഉൾക്കൊണ്ട് ക്രിസ്തുവിനോടുള്ള നിസ്വാർത്ഥ ഭക്തിയിൽ ജീവിച്ചു (ഫിലി. 2:19-21). അതല്ലാതെ പൗലോസിന് തന്റെ ആത്മീയത, താൻ സ്ഥാപിച്ച സഭകളിലെ രണ്ടാം തലമുറയിലുള്ള വിശ്വാസികളിലേക്കുപോലും പ്രസരിപ്പിക്കുവാൻ കഴിഞ്ഞില്ല.

ഒന്നാം നൂറ്റാണ്ടുമുതൽ ഓരോ തലമുറയിലും ദൈവം ഉയർത്തിയ എല്ലാ പ്രസ്ഥാനങ്ങളിലും ഇതേ രീതിയിലുള്ള മാതൃക ആവർത്തിക്കുന്നതായി നാം കാണുന്നു.

ലോകത്തിലെല്ലായിടത്തുമുള്ള എല്ലാ തലമുറയിലും ദൈവത്തിന്റെ നാമത്തിന് ഒരു ശുദ്ധമായ സാക്ഷ്യം ഉണ്ടായിരിക്കണം എന്നത് അവിടുത്തെ അതിയായ ആഗ്രഹമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ഒരു ദൈവമനുഷ്യനെ ഒരു രാജ്യത്ത് ഒരു പ്രത്യേക തലമുറയിൽ ആ രാജ്യത്തെ സഭയെ യഥാസ്ഥാനപ്പെടുത്തുവാനും അപ്പൊസ്തലന്മാർ പ്രസംഗിച്ച സത്യം പ്രഘോഷിക്കുവാനും അങ്ങനെ ജനങ്ങളെ ദൈവഭക്തിയുള്ള ജീവിതത്തിലേക്കു നയിക്കുവാനുമായി ദൈവം ഉയർത്തുന്നത്. ക്രമേണ ആ മനുഷ്യനു ചുറ്റും ഒരു പ്രസ്ഥാനം ആരംഭിക്കുന്നു. തങ്ങളുടെ തലമുറയിലെ ക്രൈസ്തവലോകത്തെ യാഥാർത്ഥ്യമില്ലായ്മയും കപടഭക്തിയും കണ്ടുവളർന്ന ഒരു കൂട്ടം പൂർണ്ണ മനസ്ക്കരായ വിശ്വാസികൾ അയാളോട് ചേരും. അങ്ങനെ വളരെ വേഗം കർത്താവിനുവേണ്ടി ഒരു ശുദ്ധമായ സാക്ഷ്യം സ്ഥാപിക്കപ്പെടുന്നു.

അത്തരം ഒരു കൂട്ടം ആരംഭത്തിൽ എപ്പോഴും ചെറുതായിരിക്കും. ആ കൂട്ടം പഴയസഭകളാൽ ശക്തമായി വെറുക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യും. എല്ലാറ്റിലും അധികമായി അതിന്റെ സ്ഥാപകൻ വെറുക്കപ്പെടും. ആ വെറുപ്പ് ഏറ്റവും ശക്തമായി ഉയർന്നു വരുന്നത് മുൻ തലമുറയിൽ ദൈവം ഉയർത്തിയ കൂട്ടത്തിൽ നിന്നായിരിക്കും. കാരണം ആ കൂട്ട





ത്തിലെ ഇപ്പോഴത്തെ നേതാക്കന്മാർ കർത്താവു തങ്ങളെ വിട്ടുപോയി എന്ന് തിരിച്ചറിയാത്തതാണ്. ഒപ്പം പുതിയ കൂട്ടത്തെപ്പറ്റി അസൂയ നിറഞ്ഞവരും. പുതിയ കൂട്ടത്തിനു നേരെയുള്ള ആക്രമണത്തിൽ സാത്താനും കൂട്ടുചേരുന്നു. അവൻ തന്റെ പ്രവൃത്തി ചെയ്യുന്നത് മറ്റെ ഗ്രൂപ്പിലെ വിശ്വാസികളെക്കൊണ്ട് അപവാദം പറയിക്കുന്നതിൽകൂടിയാണ്.

എന്നാൽ മനുഷ്യരുടെയും പിശാചിന്റെയും എല്ലാ ഉപദ്രവങ്ങളും തന്ത്രങ്ങളും ഉണ്ടെങ്കിലും പുതിയ തലമുറയിൽ താൻ ഉയർത്തിയ മനുഷ്യനിൽകൂടി തന്റെ നാമത്തിന് ഒരു ശുദ്ധമായ സാക്ഷ്യം സ്ഥാപിക്കുന്നതിൽ നിന്നും ദൈവത്തെ തടസ്സപ്പെടുത്താൻ അവയ്ക്കു കഴിയുകയില്ല.

എന്നാൽ ഈ മനുഷ്യൻ മരിച്ച ശേഷം എന്താണ് സംഭവിക്കുന്നത്?

അപ്പോൾ ഈ പ്രസ്ഥാനം ക്ഷയിക്കാൻ തുടങ്ങും. ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ഭക്തി അപ്രത്യക്ഷമാകുകയും അതിന്റെ സ്ഥാപകൻ പ്രസംഗിച്ച ഉപദേശങ്ങൾ അതിന്റെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യും. കർത്താവിന്റെ വ്യക്തിത്വത്തെക്കാൾ അധികംആ ഉപദേശങ്ങൾ രണ്ടാം തലമുറയ്ക്ക് അധികം പ്രധാനപ്പെട്ടതായിത്തീരുന്നു. അവർക്കും ദൈവത്തിനും ഇടയിൽ ഒരു മേഘം ഉണ്ടാകുന്നു. മറുരൂപമലയിൽ ശിഷ്യന്മാർക്കും കർത്താവിനും ഇടയിൽ വന്നതുപോലെ (മത്താ 17:5)

ഒരു ഉപദേശവും യേശു ക്രിസ്തുവിനോടുള്ള ഭക്തിയുടെ സ്ഥാനം എടുക്കാൻ കഴിയത്തക്കവണ്ണം പ്രധാനപ്പെട്ടതും നല്ലതുമല്ല. സ്ഥാപകന് കർത്താവിനെ അറിയാം. രണ്ടാം തലമുറ ഉപദേശം മാത്രം അറിയുന്നു. മൂന്നാം തലമുറയാകുമ്പോഴേക്കും ഭിന്നതയും വഴക്കും ഉണ്ടാകുന്നു. ഇതാണു സംഭവിക്കുന്നത്.

**ഓരോ പ്രസ്ഥാനത്തിനും പൊതുവായി സംഭവിക്കുന്ന കാര്യം അതിന്റെ രണ്ടാമത്തെയോ മൂന്നാമത്തെയോ തലമുറ ആകുമ്പോഴേക്കും അത് സമ്പന്നമാകുന്നു എന്നതാണ്. അതിലെ അംഗങ്ങൾക്ക് ധാരാളം പണവും വീടുകളും വസ്തുക്കളും ഉണ്ടാകുന്നു. ധനത്തെ സ്വയംപര്യാപ്തത, അഹങ്കാരം, ഉദാസീനത എന്നിവ അനുഗമിക്കും എന്നത് മാറ്റമില്ലാത്ത കാര്യമാണ്. കാരണം വളരെക്കുറച്ചു വിശ്വാസികൾക്കു മാത്രമേ ധനം വേണ്ടവിധം കൈകാര്യം ചെയ്യാൻ അറിയുകയുള്ളു.**

ഓരോ പ്രസ്ഥാനത്തിനും പൊതുവായി സംഭവിക്കുന്ന കാര്യം അതിന്റെ രണ്ടാമത്തെയോ മൂന്നാമത്തെയോ തലമുറ ആകുമ്പോഴേക്കും അത് സമ്പന്നമാകുന്നു എന്നതാണ്. അതിലെ അംഗങ്ങൾക്ക് ധാരാളം പണവും വീടുകളും വസ്തുക്കളും ഉണ്ടാകുന്നു. ധനത്തെ സ്വയംപര്യാപ്തത, അഹങ്കാരം, ഉദാസീനത എന്നിവ അനുഗമിക്കും എന്നത് മാറ്റമില്ലാത്ത കാര്യമാണ്. കാരണം വളരെക്കുറച്ചു വിശ്വാസികൾക്കു മാത്രമേ ധനം വേണ്ടവിധം കൈകാര്യം ചെയ്യാൻ അറിയുകയുള്ളു.

പ്രസ്ഥാനത്തിന്റെ ആദ്യതലമുറ സാധാരണയായി ദാരിദ്ര്യത്തിൽ കഷ്ടപ്പെടുന്നവരും ദൈവത്തോടടുത്തു നിൽക്കുന്നവരുമായിരിക്കും. രണ്ടും മൂന്നും തലമുറ സാധാരണയായി അവരുടെ ധനം മൂലം ലോകത്തോട്

**ബുദ്ധിമാന്മാരായവർ തങ്ങൾക്കു ചുറ്റും നോക്കിയിട്ട് തങ്ങളുടെ തലമുറയിൽ ദൈവത്തിന്റെ അഭിഷേകം ഇപ്പോൾ എവിടെയാണ് വസിക്കുന്നതെന്നുകണ്ട് ആ കൂട്ടവുമായി യോജിച്ചുപോകുകയാണ് വേണ്ടത്. മുൻപിലത്തെ തലമുറയിൽ അഭിഷേകം എവിടെയാണ് ഉണ്ടായിരുന്നതെന്നത് അവരെ ചിന്താകുലരാക്കുകയില്ല. ഇപ്പോൾ ദൈവം എവിടെയാണ് എന്നതാണ് അവർക്ക് പ്രസക്തം. അല്ലാതെ രണ്ടുതലമുറ മുമ്പ് എവിടെ ആയിരുന്നു എന്നതല്ല അവർ നോക്കുന്നത്.**

ചേർന്നു നില്ക്കുന്നവരാണ്. ഫലം അവർക്ക് ആത്മീയത നഷ്ടപ്പെട്ടുപോകുന്നു.

അങ്ങനെ ബാബിലോണിന്റെ ഭാഗമായി ആ കൂട്ടം മാറുന്നു. ആ കൂട്ടത്തിൽ നിന്നു ദൈവം പിൻവാങ്ങുന്നു. ദൈവം വേറൊരു മനുഷ്യനെ ഉയർത്തുകയും അവനിൽ കൂടിതികച്ചും പുതിയ ഒരു വേല തുടങ്ങുകയും ചെയ്യുന്നു.

ഇതേ കഥ ആദ്യം മുതൽ ആവർത്തിക്കുന്നു. എങ്കിലും ആരും അവർക്കു മുമ്പോ പോയവരുടെ തെറ്റുകളിൽ നിന്നും പാഠം പഠിക്കുന്നില്ല!!

അതുകൊണ്ട് ബുദ്ധിമാന്മാരായവർ തങ്ങൾക്കു ചുറ്റും നോക്കിയിട്ട് തങ്ങളുടെ തലമുറയിൽ ദൈവത്തിന്റെ അഭിഷേകം ഇപ്പോൾ എവിടെയാണ് വസിക്കുന്നതെന്നുകണ്ട് ആ കൂട്ടവുമായി യോജിച്ചുപോകുകയാണ് വേണ്ടത്. മുൻപിലത്തെ തലമുറയിൽ അഭിഷേകം എവിടെയാണ് ഉണ്ടായിരുന്നതെന്നത് അവരെ ചിന്താകുലരാക്കുകയില്ല. ഇപ്പോൾ ദൈവം എവിടെയാണ് എന്നതാണ് അവർക്ക് പ്രസക്തം. അല്ലാതെ രണ്ടുതലമുറ മുമ്പ് എവിടെ ആയിരുന്നു എന്നതല്ല അവർ നോക്കുന്നത്.

ദൈവവചനം നമ്മോടു വ്യക്തമായി പറയുന്നത് ദൈവഭക്തിയുടെ വേഷം മാത്രമുള്ളവരെ നാം ഒഴിവാക്കണമെന്നും ( 2 തിമേ.3:5) ശുദ്ധഹൃദയത്തിൽ നിന്നും കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോട് കൂട്ടായ്മ തേടണമെന്നും (2 തിമോ. 2:22) ആണ്. ദൈവത്തെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നവരാണ് ശുദ്ധഹൃദയമുള്ളവർ. അത്തരം വിശ്വാസികളുടെ ഹൃദയത്തിൽ പണത്തിനോ, വസ്തുവകകൾക്കോ ലോകത്തിലുള്ള എന്തിനെങ്കിലുമോ തങ്ങൾക്കോ തങ്ങളുടെ കുടുംബാംഗങ്ങൾക്കോ തങ്ങളുടെ ജോലിക്കോ ഒന്നും ഒരു സ്ഥാനവുമില്ല. അവർ കർത്താവിനെ മാത്രം പരമപ്രധാനമായി സ്നേഹിക്കും. അവർ കർത്താവിനായി സമർപ്പിക്കപ്പെട്ടവരാണ്. ഒരു ഉപദേശത്തോടല്ല അവരുടെ സമർപ്പണം എല്ലാ സമയവും ഇത്തരം വിശ്വാസികളോട് കൂട്ടായ്മ അന്വേഷിക്കാനാണ് നമ്മോടു പറഞ്ഞിട്ടുള്ളത്.

അങ്ങനെ ദൈവത്തിന്റെ വേല ഒരിക്കലും തോല്വി സംഭവിക്കാതെ തലമുറയിൽ നിന്നും തലമുറയിലേക്കു മുന്നേറിക്കൊണ്ടിരിക്കും കാരണം, മനുഷ്യരുടെയും സാത്താന്റെയും മുഴുവൻ തന്ത്രങ്ങൾക്കും ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ തടസ്സപ്പെടുത്താൻ കഴിയുകയില്ല. ഹല്ലേലൂയ്യ!! (അവസാനിച്ചു)

**മൊഴിമാറ്റം: വി. എം. വർഗീസ്**

❖





# ദൈവത്തിന്റെ മനുഷ്യൻ: നൈസയിലെ ഗ്രിഗറി

ജെയിംസ് കിഡ് തികച്ചും ദരിദ്രനും ഏകാകിയും ആയിരുന്നു. അമേരിക്കയിലെ ആരിസോണ സംസ്ഥാനത്തെ ചെമ്പുഖനികളുള്ള ഒരു പട്ടണത്തിലായിരുന്നു അയാൾ ജീവിതത്തിന്റെ സിംഹഭാഗവും ചെലവഴിച്ചത്. മനുഷ്യവർഗ്ഗത്തിന്റെ ഏറ്റവും പഴയ ചോദ്യങ്ങളിലൊന്ന് ജെയിംസിനെയും വേട്ടയാടിയിരുന്നു. 1946 ജനുവരി രണ്ടാം തീയതി ജെയിംസ് കിഡ് തന്റെ വിൽപ്പത്രം എഴുതി. നാലു വർഷങ്ങൾക്കു ശേഷം കാണാതായ അയാളെപ്പറ്റി ഇതുവരെയാതൊരു വിവരങ്ങളും ലഭിച്ചിട്ടില്ല. തന്റെ തിരോധാനത്തിനുശേഷം പതിനാറു വർഷങ്ങൾ കഴിഞ്ഞപ്പോൾ വിൽപ്പത്രത്തിലൂടെ ഏകദേശം രണ്ടു ലക്ഷം ഡോളർ “മരണസമയത്ത് മനുഷ്യശരീരം വിട്ടുപോകുന്ന ആത്മാവിനെപ്പറ്റി ശാസ്ത്രീയമായ തെളിവു നൽകുന്ന” ഗവേഷണ പഠനത്തിനായി ജെയിംസ് കിഡ് മാറ്റി വച്ചിരുന്നു എന്ന സത്യം അധികാരികൾ കണ്ടെത്തി.



നാം കേവലം ശരീരങ്ങൾ അല്ല, അനശ്വരമായ ആത്മാക്കളാണ് എന്ന് എങ്ങനെ ഗ്രഹിക്കാം? ഏഷ്യാ മൈനറിൽ (ഇന്നത്തെ തുർക്കി) ജീവിച്ചിരുന്ന ആദിമ ക്രിസ്തീയ ആത്മീയ പിതാക്കന്മാരിൽ ഒരാൾക്ക് ഭാഗികമായെങ്കിലും മേൽപ്പറഞ്ഞ പ്രശ്നത്തിന്റെ ഉത്തരം നൽകാൻ കഴിഞ്ഞിരുന്നു. നൈസയിലെ ഗ്രിഗറി ആയിരുന്നു ആ മഹാവ്യക്തി. ആദിമസഭയിലെ പ്രമുഖരായ വേദശാസ്ത്രകാരന്മാരിൽ ഒരുവനായി ചരിത്രകാരന്മാർ ബഹുമാനിക്കുന്ന ഗ്രിഗറി വിശുദ്ധ ത്രിത്വത്തെപ്പറ്റിയുള്ള നമ്മുടെ അറിവിന് നൽകിയ സംഭാവനകൾ വളരെയാണ്. ആ കാലത്തെ വിശ്വാസ്യതയുള്ള ഒരു ആത്മീയ ഗുരുവും ആയിരുന്നു അദ്ദേഹം.

തന്റെ മൂത്തസഹോദരനായ ബാസിൽ, നാസിയൻസസ് എന്ന സ്ഥലത്തുനിന്നുള്ള മറ്റൊരു ഗ്രിഗറി എന്നിവരോടൊപ്പം നൈസയിലെ ഗ്രിഗറിയും “കപ്പദോക്യൻ പിതാക്കന്മാർ” എന്ന പേരിൽ അറിയപ്പെട്ടിരുന്നു. മൂത്ത സഹോദരനായ ബാസിലിന്റെ തണലിലായിരുന്നു മിക്കപ്പോഴും ഗ്രീഗറി. ലജ്ജാശീലനായിരുന്നെങ്കിലും വിജ്ഞാന കുതുകിയായിരുന്ന ഗ്രിഗറി പൊതുജീവിതം തുടങ്ങുന്നത് തർക്കശാസ്ത്രത്തിലെ അദ്ധ്യാപകനായിട്ടാണ്. എന്നാൽ ഈ വിധത്തിൽ സമൂഹത്തിൽ പ്രവർത്തിക്കുന്നത് തന്റെ

> ദൈവത്തെപ്പറ്റി എന്തെങ്കിലും അറിയുന്നത് അനുഗ്രഹകരമാണെന്നല്ല കർത്താവ് പറയുന്നത്. ദൈവത്തേ തന്നെ അനുഭവിക്കുന്നതാണ് ഭാഗ്യാവസ്ഥ. "ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെക്കാണും" എല്ലാ ജഡിക വികാരങ്ങളിൽ നിന്നും തന്റെ ഹൃദയത്തെ ശുദ്ധീകരിക്കുന്ന ഒരുവൻ ദിവ്യസ്വഭാവത്തിന്റെ പ്രതിരൂപം തന്റെ ആന്തരിക സൗന്ദര്യത്തിൽ കാണാൻ തുടങ്ങും എന്നാണ് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

സഹോദരനായ ബാസിലിന് നീരസം ഉണ്ടാക്കുന്നു എന്ന് ഗ്രഹിച്ചപ്പോൾ ഗ്രിഗറി അനുതപിക്കുകയും ആശ്രമജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തു. പിൽക്കാലത്ത് വിമുഖതയോടെയെങ്കിലും ബാസിലിന്റെ നിർബന്ധത്തിനു വഴങ്ങി നൈസയിലെ ബിഷപ്പായി ശുശ്രൂഷ ഏറ്റു.

ഗ്രിഗറി ജീവിച്ചിരുന്ന കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിന്റെ നൈസ ഉൾപ്പെടുന്ന പ്രദേശങ്ങൾ സംഘർഷഭരിതമായിരുന്നു. റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ഏക സത്യമതമായി ക്രിസ്തുമതത്തെ സ്വീകരിച്ചപ്പോൾ തന്റെ വിശാലമായ സാമ്രാജ്യത്തിന് ആത്മീകവും ധാർമ്മികവുമായ അടിത്തറ ക്രിസ്തു വിശ്വാസികളിൽ നിന്നുണ്ടാവും എന്ന് പ്രതീക്ഷിച്ചു. എന്നാൽ ചില പ്രധാന ഉപദേശ വിഷയങ്ങളിൽ ക്രിസ്ത്യാനികൾ ഭിന്നിച്ചു നിൽക്കുന്ന കാഴ്ചയാണ് ചക്രവർത്തി കണ്ടത്.

ഗ്രിഗറിയുടെ കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിന്റെ കിഴക്കേ പകുതിയിൽ ദൈവപുത്രന് പിതാവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ സർവ്വ സാധാരണമായിരുന്നു. വചനമായ പുത്രൻ പൂർണ്ണ ദൈവമല്ല എന്ന അറിയൂസ് മതക്കാരുടെ ചിന്താഗതിയെ ഗ്രിഗറി എതിർത്തു. കോൺസ്റ്റാന്റിനോപ്പിളിൽ എ.ഡി. 38-ൽ നടന്ന സുന്നഹദോസിൽ ഗ്രീഗറി ഉദ്ഘാടന പ്രഭാഷണം നടത്തുക മാത്രമല്ല യാഥാസ്ഥിതിക ക്രിസ്തീയ ചിന്താഗതി വിജയക്കൊടി പാറിക്കുന്നതിന് കാരണക്കാരനാകുകയും ചെയ്തു. ത്രിത്വ സംബന്ധമായ ഈ വാദകോലാഹലങ്ങളുടെ കാലത്ത് ഗ്രിഗറി പല ധ്യാനകൃതികളും രചിക്കുകയുണ്ടായി. മനുഷ്യരായ നമുക്ക് ദൈവത്തോട് സ്വാഭാവികമായി ഒരു ആഭിമുഖ്യം ഉണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചു. തുടക്കത്തിൽ സൂചിപ്പിച്ച ജെയിംസ് കിഡ്ഡിന്റെ അന്വേഷണം തന്നെ ആത്മാവിനെക്കുറിച്ചുള്ള മനുഷ്യന്റെ അന്വേഷണത്തിന് തെളിവാണ്. ഈ പ്രവണതയെ ഗ്രിഗറി ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിന്റെ തെളിവായി ചൂണ്ടിക്കാട്ടി. ഈ 'ദൈവസാദൃശ്യം' വിരൂപമാകയും തകരുകയും ചെയ്തെങ്കിലും ദൈവിക നന്മയുടെ ഒരു പ്രതിഫലനമായി എല്ലാ മനുഷ്യരിലും കുടികൊള്ളുന്നു. ഗ്രിഗറിയെ സംബന്ധിച്ചിടത്തോളം ആത്മീയത എന്നാൽ ദൈവികനന്മയിലേക്കുള്ള നിരന്തരമായ പ്രയാണമാണ്.

ഗ്രിഗറിയുടെ രചനകളിൽ തിരുവെഴുത്തുകളിലെ ദൃഷ്ടാന്ത കഥകളുടെ പ്രയോഗങ്ങളും തന്റെ ആത്മീയ ദർശനവും നിഴലിച്ചുകാണാം. ഗിരിപ്രഭാഷണത്തെ അധികരിച്ച് അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളിൽ നിന്നുള്ള ഒരു ഉദ്ധരണിയത്രേ തുടർന്ന് വായനക്കാർക്കായി ചേർത്തിരിക്കുന്നത്. ദൈവത്തിന്റെ സ്വരൂപം മനുഷ്യവർഗ്ഗത്തിന് തിരികെ ലഭിക്കുന്ന മാർഗ്ഗത്തെപ്പറ്റിയാണ് അദ്ദേഹം ഇവിടെ വിശദീകരിക്കുന്നത്.





**ദുഷ്ടതയുടെ ആവരണത്തിനുള്ളിൽ**

മനുഷ്യരായ നമ്മെ സംബന്ധിച്ചിടത്തോളം ആരോഗ്യം ഒരു നന്മയാണ്. ആരോഗ്യത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കുന്നതുമാത്രമല്ല നല്ല ആരോഗ്യം അനുഭവിക്കുന്നതും വലിയ അനുഗ്രഹം തന്നെ. എന്നാൽ ഒരുവൻ ആരോഗ്യത്തെപ്പറ്റി വളരെ പ്രശംസാവാക്കുകൾ പറയുകയും അനാരോഗ്യകരമായ ഭക്ഷണ സാധനങ്ങൾ കഴിക്കുകയും ചെയ്യുന്നു എന്ന് വിചാരിക്കുക. താൻ തന്നെ രോഗാതുരനായിരിക്കെ ആരോഗ്യത്തെപ്പറ്റിയുള്ള അയാളുടെ സ്തുതിഗാനങ്ങൾക്ക് എന്തുവിലയാണുള്ളത്?

അതുപോലെ തന്നെ ദൈവത്തെപ്പറ്റി എന്തെങ്കിലും അറിയുന്നത് അനുഗ്രഹകരമാണെന്നല്ല കർത്താവ് പറയുന്നത്. ദൈവത്തേ തന്നെ അനുഭവിക്കുന്നതാണ് ഭാഗ്യാവസ്ഥ. "ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെക്കാണും" (മത്തായി 5: 8) ആത്മാവിന്റെ ദൃഷ്ടികൾ ശുദ്ധീകരിക്കുന്നവൻ ഉടൻതന്നെ ദൈവത്തെ അക്ഷരികമായി കാണും എന്ന് കർത്താവ് അർത്ഥമാക്കുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്. ലൂക്കോസ് 17:21 ൽ 'ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽ തന്നെ' എന്ന് യേശു പറഞ്ഞപ്പോൾ എന്താണോ അർത്ഥമാക്കിയത് അതു തന്നെയാണ് മേൽപ്പറഞ്ഞ വചനത്തിലും കർത്താവ് അർത്ഥമാക്കുന്നത്. സകല സൃഷ്ടികളിൽ നിന്നും, എല്ലാ ജഡിക വികാരങ്ങളിൽ നിന്നും തന്റെ ഹൃദയത്തെ ശുദ്ധീകരിക്കുന്ന ഒരുവൻ ദിവ്യസ്വഭാവത്തിന്റെ പ്രതിരൂപം തന്റെ ആന്തരിക സൗന്ദര്യത്തിൽ കാണാൻ തുടങ്ങും

> അത്യന്തിക നന്മയായവനെ ദർശിക്കുവാൻ അന്തരംഗത്തിൽ മോഹിക്കുന്ന മർത്ത്യരേ! ദൈവ മഹത്വം ആകാശങ്ങൾക്കു മീതേ ഉന്നതമാണെന്നും ദിവ്യമഹത്വം അവർണ്ണ്യമാണെന്നും, ദിവ്യസൗന്ദര്യം വർണ്ണനാതീതമാണെന്നും, ദിവ്യസ്വഭാവം അപ്രാപ്യമാണെന്നും, കേൾക്കുമ്പോൾ നിങ്ങൾ കൊതിക്കുന്നത് കാണുവാൻ ഒരിക്കലും കഴിയില്ലെന്ന് നിരാശപ്പെടേണ്ട. നിങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിയുന്ന അളവിൽ ദൈവികപരിജ്ഞാനം ലഭ്യമാണ്.

എന്നാണ് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. അവ്വണ്ണം തന്നെ ഈ ഹ്രസ്വമായ വചനത്തിൽ ദൈവവചനമാകുന്ന ക്രിസ്തു താഴെപ്പറയുന്ന ഉപദേശവും നമുക്ക് നൽകുന്നതായി എനിക്ക് തോന്നുന്നു. അത്യന്തിക നന്മയായവനെ ദർശിക്കുവാൻ അന്തരംഗത്തിൽ മോഹിക്കുന്ന മർത്ത്യരേ! ദൈവമഹത്വം ആകാശങ്ങൾക്കു മീതേ ഉന്നതമാണെന്നും ദിവ്യമഹത്വം അവർണ്ണ്യമാണെന്നും, ദിവ്യസൗന്ദര്യം വർണ്ണനാതീതമാണെന്നും, ദിവ്യസ്വഭാവം അപ്രാപ്യമാണെന്നും, കേൾക്കുമ്പോൾ നിങ്ങൾ കൊതിക്കുന്നത് കാണുവാൻ ഒരിക്കലും കഴിയില്ലെന്ന് നിരാശപ്പെടേണ്ട. നിങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിയുന്ന അളവിൽ ദൈവികപരിജ്ഞാനം ലഭ്യമാണ്. ദൈവം നിങ്ങളുടെ സൃഷ്ടിപ്പിൽ തന്നെ നിങ്ങളുടെ സ്വഭാവത്തിൽ ഒരു വിധം പൂർണ്ണത ആലേഖനം ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒരു ചിഹ്നത്തിന്റെ മുദ്ര മെഴുകിൽ പതിക്കുന്നതുപോലെ, നിങ്ങളുടെ സ്വഭാവത്തിന്റെ ഘടനയിൽ ദൈവസ്വ

**നിങ്ങളുടെ മനസ്സ് തിന്മയുടെ ഗന്ധം പോലും ഇല്ലാതെ, മോഹവിമുക്തമായി, കറകളില്ലാതെ വിശുദ്ധമാകുമ്പോൾ നിങ്ങളുടെ 'കണ്ണ് ചൊവ്വുള്ള'താകയാൽ നിങ്ങൾ അനുഗൃഹീതരായിരിക്കും. അശുദ്ധർക്ക് ദൃശ്യമല്ലാത്ത കാര്യങ്ങൾ വിശുദ്ധീകരിക്കപ്പെടുമ്പോൾ നിങ്ങൾക്ക് ദൃശ്യമാകും. ഭൗതിക വസ്തുക്കളുടെ ഇരുണ്ട മേഘങ്ങൾ നിങ്ങളുടെ ആന്തരികദൃഷ്ടികൾക്കു മുമ്പിൽ നിന്ന് നീക്കപ്പെടുകയും നിങ്ങളുടെ ഹൃദയങ്ങളിലെ ദിവ്യപ്രകാശത്താൽ അനുഗൃഹീതമായ ആ ദിവ്യദർശനം നിങ്ങൾക്ക് ലഭ്യമാകുകയും ചെയ്യും.**

ഭാവത്തിന്റെ ഒരു മുദ്ര അവിടുന്നു തന്നെ പതിച്ചിട്ടുണ്ട്. ദിവ്യമായ ഈ മുദ്രയുടെ മേൽ ചൊരിയപ്പെട്ട തിന്മ മൂലം ഈ ദൈവികപൂർണ്ണത നിങ്ങൾക്ക് പ്രയോജനരഹിതമാകുകയും ദുഷ്ടതയുടെ ഒരു ആവരണം കൊണ്ട് അത് മറയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നു. നന്മയുള്ള ഒരു ജീവിതത്തിലൂടെ ഹൃദയത്തോടുപറ്റിയിരിക്കുന്ന ഈ ദുഷ്ടതയെ നിങ്ങൾ കഴുകിക്കളയണം. അപ്പോൾ നിങ്ങളുടെ ദിവ്യസൗന്ദര്യം ഒരിക്കൽ കൂടി പ്രകാശിക്കും.

ഇരുമ്പിന്റെ കാര്യത്തിലും ഇത് സത്യമാണെന്ന് കാണാം. തുരുമ്പു പിടിച്ച് കറുത്തിരിക്കുന്ന ഇരുമ്പ് ഉരകല്ലുകൊണ്ട് തുരുമ്പ് തുടച്ചു നീക്കപ്പെടുമ്പോൾ വീണ്ടും തിളങ്ങാൻ തുടങ്ങുകയും സൂര്യപ്രകാശം പ്രതിഫലിപ്പിക്കാൻ തുടങ്ങുകയും ചെയ്യുന്നു...................... ഒരു നിലക്കണ്ണാടിയിലൂടെ മനുഷ്യർ സൂര്യനെ കാണുന്നതുപോലെയാണിത്. ആകാശത്തേക്കു നോക്കി സൂര്യനെ കാണുന്നില്ലെങ്കിലും കണ്ണാടിയിൽ പ്രതിഫലിക്കുന്ന സൂര്യനെ കാണുമ്പോഴും അതേ പ്രതീതി തന്നെയാണ്. കർത്താവ് പറയുന്നത് നേരേ സൂര്യനെ നോക്കാൻ നിങ്ങൾ അശക്തരെങ്കിലും നിങ്ങളുടെ ഉള്ളിലെ സൂര്യന്റെ പ്രതിഫലനം നിങ്ങൾ അന്വേഷിക്കുന്ന 'നീതിസൂര്യനെ' നിങ്ങൾക്ക് പ്രദാനം ചെയ്യും, എന്നത്രേ. ആദിയിലെ മനുഷ്യസൃഷ്ടിപ്പിൽ ദൈവം കൃപയാൽ നിന്റെ ഉള്ളിൽ മുദ്രണം ചെയ്ത ആ ദൈവസാദൃശ്യത്തിലേക്ക് നീ മടങ്ങി വന്നാൽ മാത്രം മതി. ദൈവപിതാവ് മുഴുവൻ നിർമ്മലതയും, വികാരത്താലുള്ള വ്യതിയാനങ്ങൾ ഇല്ലാത്ത അവസ്ഥയും, തിന്മയുടെ അഭാവവും അത്രേ. ഈ സ്വഭാവങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ ദൈവം നിങ്ങളുടെ ഉള്ളിൽ ഉണ്ട്. നിങ്ങളുടെ മനസ്സ് തിന്മയുടെ ഗന്ധം പോലും ഇല്ലാതെ, മോഹവിമുക്തമായി, കറകളില്ലാതെ വിശുദ്ധമാകുമ്പോൾ നിങ്ങളുടെ 'കണ്ണ് ചൊവ്വുള്ള'താകയാൽ നിങ്ങൾ അനുഗൃഹീതരായിരിക്കും. അശുദ്ധർക്ക് ദൃശ്യമല്ലാത്ത കാര്യങ്ങൾ വിശുദ്ധീകരിക്കപ്പെടുമ്പോൾ നിങ്ങൾക്ക് ദൃശ്യമാകും. ഭൗതിക വസ്തുക്കളുടെ ഇരുണ്ട മേഘങ്ങൾ നിങ്ങളുടെ ആന്തരികദൃഷ്ടികൾക്കു മുമ്പിൽ നിന്ന് നീക്കപ്പെടുകയും നിങ്ങളുടെ ഹൃദയങ്ങളിലെ ദിവ്യപ്രകാശത്താൽ അനുഗൃഹീതമായ ആ ദിവ്യദർശനം നിങ്ങൾക്ക് ലഭ്യമാകുകയും ചെയ്യും. ഈ ദർശനം എന്താണ്? അത് നിർമ്മലത, വിശുദ്ധി, ലാളിത്യം തുടങ്ങിയ ദിവ്യസ്വഭാവങ്ങളുടെ വെട്ടിത്തിളങ്ങുന്ന പ്രതിഫലനമാണ്. ഈ കാര്യങ്ങളിലത്രേ ദൈവത്തെ നാം ദർശിക്കുന്നത്.

**സമ്പാദകൻ: മാത്യു ജോർജ്**

**കടപ്പാട് :**(All the Saints Adore Thee Bruce Shelly)

❖





**ദൈവസംസർഗ്ഗം**

## ദൈവസാന്നിധ്യപരിശീലനം-4

# ബ്രദർ ലോറൻസിന്റെ കത്തുകൾ

**മൂന്നാമത്തെ കത്ത്**

എന്റെ ബഹുമാന്യയും അത്യന്തം ആദരണീയയുമായ.......,

ഞാൻ താങ്കളുടെ പേർക്കയച്ചിരുന്നതും താങ്കൾക്കു ലഭിച്ചതുമായ പുസ്തകത്തെപ്പറ്റി താങ്കൾ എന്തു ചിന്തിക്കുന്നുവെന്ന് പറയാതിരുന്നത് എന്നെ ആശ്ചര്യപ്പെടുത്തുന്നു. താങ്കളുടെ അവശിഷ്ട വർഷങ്ങളിൽ ദൃഢനിശ്ചയപൂർവം അതിലെഴുതിയിരിക്കുന്നതു പ്രായോഗികമാക്കുക. ഒരിക്കലും ചെയ്യാതിരിക്കുന്നതിൽ ഭേദമാണല്ലോ താമസിച്ചെങ്കിലും ചെയ്യുന്നത്!

നിങ്ങൾ ദൈവസാന്നിധ്യപരിശീലനം കൂടാതെ എങ്ങനെ സംതൃപ്തരായി ജീവിക്കുന്നുവെന്നത് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. എന്റെ കാര്യം പറഞ്ഞാൽ എന്റെ ആത്മാവിന്റെ ആഴങ്ങളിലും കേന്ദ്രത്തിലും ഞാൻ ദൈവത്തോടൊപ്പം എന്നാലാവോളം വേർപെട്ടു ജീവിച്ചുപോരുന്നു. ഇപ്രകാരം ഞാൻ ദൈവത്തോടൊപ്പം ആയിരിക്കുമ്പോൾ എനിക്കൊന്നും ഭയപ്പെടാനില്ല. എന്നാൽ ഇതിൽനിന്ന് അല്പമൊരു വ്യതിയാനംപോലും എനിക്കു നരകമാണ്. ഈ പ്രവർത്തനം ശരീരത്തിനു ദോഷം ചെയ്യുന്നില്ല. നേരേമറിച്ച് ഓരോ സമയത്തും, എന്നുവേണ്ടാ മിക്കസമയത്തും തന്നെ ചെറിയ ആശ്വാസങ്ങൾ, അനുവദനീയങ്ങളായവപോലും ഇതിനുവേണ്ടി നിരസിക്കുന്നത് ഉചിതം തന്നെയാണ്. എന്തെന്നാൽ തന്നോടു ചേർന്നിരിക്കുന്നു ഒരു വ്യക്തി മറ്റ് ആശ്വാസമാർഗ്ഗങ്ങളെ, യുക്തിഭദ്രമായവയെപ്പോലും, ആശ്രയിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല.

ഇവയിലൊന്നും ഒരുവൻ ആവശ്യത്തിലധികമായ അസൗകര്യം സഹിക്കണമെന്നു ഞാൻ പറയുന്നില്ല. വിശുദ്ധമായ ഒരു സ്വാതന്ത്ര്യത്തിൽ വൈഷമ്യമോ ഉൽകണ്ഠയോ കൂടാതെ ദൈവത്തിൽ ചാരുക.ആത്മാവ് എപ്പോഴെങ്കിലും ദൈവത്തിൽ നിന്ന് അകന്നു പോകുവാനിടയായാൽ സാവധാനമായും ശാന്തമായും അതിനെ അതിന്റെ സ്ഥാനത്തേക്ക് തിരിയെ കൊണ്ടുവരണം. മറ്റെല്ലാ ഭാരങ്ങളിൽനിന്നും അയാൾ സ്വതന്ത്രനായിരിക്കണം. വ്യക്തിപരമായ ഭക്തിവ്യാപാരങ്ങൾ പോലും അവ എത്ര നല്ലവയായിരുന്നാലും നമുക്ക് ഒരു പാരതന്ത്ര്യമായിത്തീരരുത്.

അന്തിമമായിപ്പറഞ്ഞാൽ അവയെല്ലാം ഒരു ലക്ഷ്യത്തിലേക്കു നമ്മെ നയിക്കുന്ന മാർഗ്ഗങ്ങൾ മാത്രമാണ്. അതിനാൽ ദൈവസാന്നിധ്യ പരിശീലനമെന്ന ഈ പ്രവർത്തനം മുഖാന്തരം നാം നമ്മുടെ ലക്ഷ്യമായവന്റെ അടുക്കലായിരിക്കുമ്പോൾ വീണ്ടും മാർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നത് നിഷ്പ്രയോജനമാണ്. നമുക്ക് അവിടത്തെ സന്നിധിയിൽ തുടർന്നുകൊണ്ടുതന്നെ ദൈവവുമായുള്ള നമ്മുടെ സ്നേഹസംസർഗ്ഗം നിലനിറുത്തുവാൻ സാധിക്കും. അതു ചിലപ്പോൾ ആരാധനാവ്യാപാരം, സ്തോത്രാർപ്പണം, സമർപ്പണം എന്നിവമൂലമാകാം. ദൈവത്തെ സ്തുതിച്ചുകൊണ്ട് എപ്പോഴും നമ്മുടെ ആത്മാവ് സ്വകർത്തവ്യം നിറവേറ്റുവാൻ പ്രാപ്തമായിത്തീരും.

നിങ്ങളുടെ മനുഷ്യസ്വഭാവത്തിൽ നിങ്ങൾക്കുണ്ടാകുന്ന ഇഷ്ടക്കേടോർത്ത് നിരുത്സാഹപ്പെടരുത്. നിങ്ങൾ

നിങ്ങളെത്തന്നെ ശിക്ഷണവിധേയനാക്കണം. ആദ്യഘട്ടത്തിൽ ഇതൊരു സമയദുർവ്യയമെന്ന് ഒരാൾക്ക് തോന്നിയേക്കാം.. എന്നാൽ മുടക്കാതെ മുന്നോട്ടുപോവുക. എല്ലാ പ്രതിബന്ധങ്ങളെയും അവഗണിച്ചുകൊണ്ട് നിങ്ങൾ മരണം വരെ പരിശ്രമം തുടരണം. നിങ്ങളുടെ വിശുദ്ധ സമൂഹത്തിന്റെയും വിശിഷ്യ താങ്കളുടെയും പ്രാർത്ഥനയ്ക്കായി ഞാൻ എന്നെത്തന്നെ ഏല്പിച്ചു തരുന്നു.

നമ്മുടെ കർത്താവിൽ

താങ്കളുടെ വിശ്വസ്തൻ

പാരിസ്

1685 നവംബർ 3

**നാലാമത്തെ കത്ത്**

മാഡം,

ഞാൻ സത്യത്തിൽ നിങ്ങളെക്കുറിച്ചു ദുഃഖിക്കുന്നു. നിങ്ങൾ നിങ്ങളുടെ മുഴുവൻ ശ്രദ്ധയും ദൈവത്തോടുള്ള പ്രാർത്ഥനയിൽ ചെലവഴിക്കുന്നപക്ഷം നിങ്ങൾ ഒരു വിപ്ലവം ആരംഭിക്കയാവും ചെയ്യുന്നത്. അവിടുന്ന് നമ്മിൽനിന്ന് അധികമൊന്നും ആഗ്രഹിക്കുന്നില്ല. ഇടയ്ക്കിടെ ദൈവത്തെ ഒന്നു സ്തുതിക്കുക, ഒരു ചെറിയ ആരാധന നടത്തുക, അവിടത്തെ കൃപയ്ക്കായി യാചിക്കുക, ഇടയ്ക്കിടെ നമ്മുടെ ദുഃഖങ്ങൾ അവിടുത്തെ മേൽ ഇട്ടുകൊള്ളുക, അല്ലാത്തപ്പോൾ തന്നിൽനിന്ന് പ്രാപിച്ച കൃപകൾക്കായി നന്ദികരേറ്റുക ഇവയാണ് നാം ചെയ്യേണ്ടത്. ഈ സഹായങ്ങളെല്ലാം നമ്മുടെ അധ്വാനങ്ങൾക്കിടയിലാണ് അവിടുന്നു നൽകുന്നത്. നമുക്കു കഴിയുന്നിടത്തോളം കൂടെക്കൂടെ അവിടുത്തെ ആശ്വാസങ്ങൾ കൈക്കൊള്ളുകയും വേണം. ഭക്ഷണമേശയിലും സംഭാഷണമധ്യത്തിലും ഇടയ്ക്കിടെ നിങ്ങളുടെ ഹൃദയം അവിടുത്തെ സന്നിധിയിലേക്കുയർത്തുക. ഏറ്റവും ചെറിയസ്മരണപോലും എപ്പോഴും, അവിടുത്തേക്കു സന്തോഷം ജനിപ്പിക്കും. ഇപ്രകാരം ദൈവത്തെ സ്മരിക്കുമ്പോൾ നാം ഉച്ചശബ്ദത്തിൽ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. നാം ചിന്തിക്കുന്നതിനെക്കാളെല്ലാം അധികമായി ദൈവം നമുക്കു സമീപസ്ഥനാണ്.

ദൈവത്തോടുകൂടെ ആയിരിക്കുവാൻ നാം എപ്പോഴും ഒരാരാധനാലയത്തിലായിരിക്കേണ്ട ആവശ്യമില്ല. നമ്മുടെ ഹൃദയത്തെത്തന്നെ നമുക്ക് ഒരാരാധനാലയമാക്കിത്തീർക്കാം. അവിടേക്ക് അപ്പപ്പോൾ അടുത്തുവന്ന് ശാന്തവും വിനീതവും സ്നേഹപൂർവവുമായ കൂട്ടായ്മ ആചരിക്കാം. ഓരോ വ്യക്തിക്കും ദൈവവുമായി ഈ പരിചയ സംഭാഷണത്തിൽ ഏർപ്പെടാം. ചിലർക്ക് അധികമായും ചിലർക്ക് അല്പമായും ഈ സംഭാഷണം നടത്താം. നമ്മുടെ കഴിവ് എത്രത്തോളമെന്ന് അവിടുന്ന് അറിയുന്നു. നമുക്ക് ഒരാരംഭമിടാം. പൂർണ്ണഹൃദയത്തോടെ ഇതിനായി ഒരു തീരുമാനം എടുക്കുന്നതിനായി അവിടുന്നു നമുക്കായി കാത്തിരിക്കുന്നു. ധൈര്യപ്പെടുക. നമുക്ക് അല്പകാല ജീവിതം മാത്രമേയുള്ളു. താങ്കൾക്ക് ഇപ്പോൾ ഏകദേശം 64 വയസ്സായല്ലോ. എന്റെ കാര്യമാണെങ്കിൽ ഞാനിപ്പോൾ എൺപതിലെത്തിയിരിക്കുന്നു. നമുക്കു ദൈവത്തോടുകൂടെ ജീവിക്കയും ദൈവത്തോടുകൂടെ മരിക്കയും ചെയ്യാം. നാം ദൈവത്തോടൊപ്പമായിരിക്കുമ്പോൾ കഷ്ടതകൾ മധുരവും സന്തുഷ്ടവുമായിരിക്കും. ദൈവത്തെക്കൂടാതെയിരിക്കുമ്പോൾ ഏറ്റവും വലിയ സന്തോഷവും ദാരുണ പീഡനമായി മാറും. എല്ലാറ്റിലും ദൈവം മഹത്വപ്പെടുവാനിടയാകട്ടെ.

അതിനാൽ അവിടത്തെ ആരാധിക്കുന്ന ശീലം നമുക്ക് അല്പാല്പമായി സ്വായത്തമാക്കാം. അവിടത്തെ കൃപയ്ക്കായി യാചിക്കാം. ഒരു ദിവസത്തിലെ അതതു സമയങ്ങളിൽ താങ്ക





ളുടെ പ്രവർത്തനങ്ങൾക്കിടയിൽ അഥവാ താങ്കൾക്കു കഴിയുന്ന സമയങ്ങളിലെല്ലാം താങ്കളുടെ ഹൃദയം അവിടത്തേക്ക് സമർപ്പിക്കുക. നിയമങ്ങളാലോ പ്രത്യേക ആരാധനാ സമ്പ്രദായങ്ങളാലോ ബന്ധിതനായിത്തീരരുത്. വിശ്വാസത്തിൽ വിനയത്തോടും സ്നേഹത്തോടും കൂടെ പ്രവർത്തിക്കുക

എന്ന് വിശ്വസ്ത ഭൃത്യൻ

തീയതിയില്ല. ഏകദേശം 1690 ന് അടുത്ത് എഴുതിയത്

**അഞ്ചാമത്തെ കത്ത്**

ബഹുമാന്യനായ പിതാവ് എൻ അവർകൾക്ക്,

എന്റെ ജീവിതത്തിന്റെ വഴിയെന്തെന്നു പുസ്തകങ്ങളിൽനിന്നു ഗ്രഹിക്കുവാൻ സാധിക്കാത്തതുമൂലം, എനിക്കതിനെപ്പറ്റി വിഷമമില്ലെങ്കിൽത്തന്നെയും കൂടുതൽ ഉറപ്പുകിട്ടുവാൻ വേണ്ടി, അങ്ങ് എന്റെ താത്ക്കാലികാവസ്ഥയെപ്പറ്റി എന്തു ചിന്തിക്കുന്നുവെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

കുറേ ദിവസങ്ങൾക്ക് മുൻപ് ഭക്തനായ ഒരു വ്യക്തിയുമായി ഞാൻ നടത്തിയ ചർച്ചയിൽ അദ്ദേഹം എന്നോട് ആത്മീയജീവിതം കൃപയുടെ ഒരു മാർഗ്ഗമാണെന്നു പ്രസ്താവിച്ചു. അത് ഒരടിമത്ത മനോഭാവത്തോടെ ആരംഭിക്കുന്നുവെന്നും നിത്യജീവനുവേണ്ടിയുള്ള പ്രത്യാശയിൽ വളരുന്നുവെന്നും വിശുദ്ധസ്നേഹത്തിൽ പൂർണ്ണതയിലെന്നുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഈ മാർഗ്ഗത്തിലൂടെ സന്തോഷപൂർണമായ ഒരു സമാപനത്തിലെത്തുവാൻ പല ഘട്ടങ്ങൾ തരണം ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ഈ മാർഗ്ഗങ്ങളെ ഞാൻ ഒരു തരത്തിലും പിന്തുടരില്ല. നേരേമറിച്ച് എന്തുകൊണ്ടോ ആദ്യം അവ എന്നിലൊരു ഭയം നിറയ്ക്കുകയാണുണ്ടായത്. അതിന്റെ ഫലം ഇതായിരുന്നു. ആത്മീയശിക്ഷണമാർഗ്ഗത്തിൽ ഞാൻ പ്രവേശിച്ചതോടെ എന്റെ പാപങ്ങളെ നേരിടുവാൻ വേണ്ടി പൂർണ്ണമായി എന്നെത്തന്നെ ദൈവത്തിനു വിട്ടുകൊടുക്കുവാനുള്ള ഒരു തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. അവിടത്തോടുള്ള സ്നേഹത്തിനുവേണ്ടി ദൈവമല്ലാതെയുള്ള എന്തിനേയും ഉപേക്ഷിക്കുവാനും ഞാൻ തീരുമാനിച്ചു.

ഈ വർഷങ്ങളിൽ എന്റെ പ്രാർത്ഥനയിലെ സാധാരണചിന്തകൾ മരണം, ന്യായവിധി, നരകം, സ്വർഗ്ഗം എന്നിവയെക്കുറിച്ചുള്ളതാണ്. അങ്ങനെ കുറേക്കാലമായി എല്ലാ ദിവസങ്ങളിലും ജോലിസമയത്തുപോലും എന്റെ ചിന്തകൾ ദൈവസാന്നിധ്യം പരിശീലിക്കുന്നതിനെപ്പറ്റിയാണ്. ഈ ദൈവം എപ്പോഴും എനിക്കു സമീപസ്ഥനാണെന്നു ഞാൻ കരുതുന്നു. എന്റെ ഹൃദയത്തിന്റെ അഗാധതലങ്ങളിൽപ്പോലും അപ്രകാരം തന്നെ. ഇത് എനിക്ക് ദൈവത്തെപ്പറ്റി ഉന്നതമായ ഒരു ചിന്ത നൽകി. ഈ കാര്യത്തിൽ വിശ്വാസമെന്ന ഒന്നുമാത്രമാണ് എന്നെ സംതൃപ്തനാക്കുവാൻ പര്യാപ്തമെന്നു ഞാൻ മനസ്സിലാക്കി.

ക്രമേണ എന്റെ പ്രാർത്ഥനകളിൽ ഇതുതന്നെ പരിശീലിക്കുവാൻ ഞാൻ ആരംഭിച്ചു. ഇതു നിരന്തരമായി എനിക്കു വലിയ ശക്തിയും ആശ്വാസവും പകരുന്ന ഒരു കാര്യമായിത്തീർന്നു. ഈ വിധത്തിലാണ് ഈ മാർഗ്ഗം ഞാൻ ആരംഭിച്ചത്. എങ്കിലും ഞാൻ പറയട്ടെ, ആദ്യത്തെ 10 വർഷങ്ങളിൽ ഞാൻ അധികം ക്ലേശം സഹിക്കേണ്ടിവന്നു. ഞാൻ ആഗ്രഹിച്ചതുപോലെ ദൈവത്തിന്റെ വകയായി ഞാൻ തീർന്നിട്ടില്ലെന്ന ഭയവും എന്റെ കഴിഞ്ഞകാല പാപവും എന്നോടു ദൈവം കാണിച്ച ഔദാര്യവും ഇവ

*(ശേഷം പേജ് 28 ൽ)*



# ബൈബിളിലൂടെ...

## ലൂക്കോസിന്റെ സുവിശേഷം
*(തുടർച്ച)*

**സാക്പുന്നൻ**

**അധ്യായം 19**

രണ്ടാമത്തെ സംഭവം സക്കായി എന്നു പേരുള്ള ധനികനായ ചുങ്കക്കാരനെ സംബന്ധിച്ചതാണ്. അവൻ അനേകരെ ചൂഷണം ചെയ്തു ധനികനായിത്തീർന്നു (19-1-10) എന്നാൽ യേശുവിനെ കാണുവാനുള്ള ആകാംക്ഷയിൽ അവൻ ഒരു അത്തിമരത്തിൽ കയറി. യേശു അതുവഴി പോകുമ്പോൾ പരിശുദ്ധാത്മാവ് മരത്തിനു മുകളിലേക്കു നോക്കുവാൻ തന്നെ പ്രേരിപ്പിച്ചു. യേശു സക്കായിയോട് അന്ന് അവന്റെ വീട്ടിൽ പാർക്കുവാനുള്ള താത്പര്യം അറിയിച്ചു. സക്കായി വലിയ സന്തോഷത്തിലായി. പക്ഷേ കർത്താവു വീട്ടുപടിക്കലെത്തിയപ്പോൾ സക്കായി നിന്നു (വാ.8) എന്നിട്ട് ഇങ്ങനെ പറഞ്ഞു കാണും. കർത്താവേ, നീ വിശുദ്ധനാണ്. അനേകരെ കബളിപ്പിച്ച് അനീതിയുടെ ധനം കൊണ്ടു ഞാൻ പണിതുയർത്തിയ ഈ വീട്ടിലേക്കു നീ വന്നു കൂടാ. എങ്കിലും കർത്താവേ ഇപ്പോൾത്തന്നെ ഞാൻ സമ്പാദ്യത്തിന്റെ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുവാൻ പോകയാണ്. കബളിപ്പിച്ചെടുത്തവർക്കു നാലു മടങ്ങും നൽകും. എങ്ങനെയാണ് സക്കായിക്ക് ഈ മനംമാറ്റം ഉണ്ടായത്? യേശു നീതിയെക്കുറിച്ചുള്ള പ്രസംഗമൊന്നും അവിടെ നടത്തിയില്ലല്ലോ. അതായിരുന്നു യേശുവിൽ നിന്നും പ്രസരിച്ചിരുന്ന പ്രകാശം. അതു സക്കായിയുടെ ഉള്ളിലേക്കു തുളച്ചു കയറുന്നതായിരുന്നു.

പഴയ നിയമപ്രമാണം ഇങ്ങനെ പറയുന്നു. നിങ്ങൾ വഞ്ചിച്ചെടുത്ത മുതൽ മടക്കിക്കൊടുക്കുമ്പോൾ അതിന്റെ 2 ശതമാനം കൂടി ചേർത്ത് മടക്കിക്കൊടുക്കണം. (സംഖ്യ. 5:7) എന്നാൽ ഇവിടെ സക്കായി 300 ശതമാനം കൂടി ചേർത്താണ് മടക്കി നൽകിയത്. കാരണം താൻ വർഷങ്ങളായി ആളുകളെ വഞ്ചിച്ച് എടുത്തുകൊണ്ടിരുന്നു. അതു പലിശയോടുകൂടെ മടക്കിക്കൊടുക്കുവാൻ താൻ ആഗ്രഹിച്ചു. യേശു അതുകേട്ടപ്പോൾ ഇങ്ങനെ പറഞ്ഞു. “ ഈ വീട്ടിന്നു രക്ഷ വന്നിരിക്കുന്നു.” സക്കായി ചെയ്തത് ഒരു വ്യക്തി ചെയ്യുമ്പോൾ അവൻ രക്ഷിക്കപ്പെട്ടു എന്ന് നമുക്ക് ഉറപ്പാക്കാം.

19:11-20 ൽ ധനത്തെക്കുറിച്ചുള്ള മറ്റൊരു ഉപമ നാം വായിക്കുന്നു. ദീർഘമായ ഒരു യാത്ര പുറപ്പെടുന്ന ഒരു പ്രഭു തന്റെ പത്തു ദാസന്മാരെ വിളിച്ച് കുറച്ചു പണം അവർക്കു പങ്കിട്ടു കൊടുത്തിട്ട് താൻ വരുവോളം വ്യാപാരംചെയ്‌വാൻ പറഞ്ഞിട്ടു പോയി. അതിലൊരു ദാസൻ വളരെ വിശ്വസ്തനാകയാൽ ഒരു റാത്തൽ കൊണ്ടു പത്തു റാത്തൽ സമ്പാദിച്ചു. മറ്റൊരുവൻ അഞ്ചു സമ്പാദിച്ചു. മറ്റൊരുവൻ തനിക്ക് കിട്ടിയത് ഒരു റുമാലിൽ കെട്ടി കുഴിച്ചിട്ടു. എന്നിട്ട് യജമാനൻ മടങ്ങി വന്നപ്പോൾ അതു തിരികെ നൽകി. അവൻ ഇക്കാര്യത്തിൽ പാപമൊന്നും ചെയ്തില്ല. തന്റെ ഒരു ജീവിതം പാഴാ







*നാമും പലതവണ പാപത്തിലേക്കു വീഴുന്നതിലൂടെ ഒരു കാര്യം തിരിച്ചറിയും. നമ്മുടെ ജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ലെന്നും സ്വന്ത പരിശ്രമത്താൽ നമുക്കു പാപത്തെ ജയിക്കുവാൻ കഴിയില്ലെന്നും.*

ക്കുക മാത്രമേ ചെയ്തുള്ളു. മത്തായി 25-ലെ ഉപമയിൽ ഓരോരുത്തർക്കും നൽകിയ തുക വ്യത്യസ്തമായിരുന്നു. ആ ഉപമ നമുക്കു ലഭിച്ചിരിക്കുന്ന വരങ്ങളെക്കുറിച്ചുള്ളതാണ്. ഒരാൾ അപ്പൊസ്തലനും മറ്റൊരാൾ ഒരു മാതാവുമായിരിക്കാം. ഒരു മാതാവിനെക്കാളധികം യാത്ര ചെയ്യുവാനും അനേകരെ ശുശ്രൂഷിപ്പാനും ഒരു അപ്പൊസ്തലന് അവസരമുണ്ട്. അതുകൊണ്ടു ദൈവം അപ്പൊസ്തലനിൽ നിന്നും അധികം പ്രതീക്ഷിക്കുന്നു. ഇവിടെ നൽകിയ തുക തുല്യമായിരുന്നു. ഇതു രണ്ടു കാര്യങ്ങളെ സൂചിപ്പിക്കുന്നു. ഒന്നാമതായി നമ്മുടെ സമയം. നമുക്കെല്ലാം ഒരു ദിവസത്തിന് 24 മണിക്കൂർ സമയം മാത്രമേ ഉള്ളു. എന്നാൽ നമ്മുടെ സമയം വിനിയോഗിക്കുന്ന കാര്യത്തിൽ നാം വ്യത്യസ്തരാണ്. ചിലർ ദൈവവചനം പഠിക്കാനും മറ്റും തങ്ങളുടെ സമയം പ്രയോജനകരമായി ചെലവഴിക്കുന്നു. മറ്റു ചിലർ അധര ചർവ്വണത്തിലൂടെ അതു പാഴാക്കുന്നു. രണ്ടാമതായി ഇതു നമ്മുടെ ശരീരത്തെ കുറിക്കുന്നു. സകലവിധ മോഹത്താലും പ്രലോഭിപ്പിക്കപ്പെടുന്ന ഒരേ ഒരുശരീരമാണു നമുക്കെല്ലാം ഉള്ളത്. എന്നാൽ ഈ മോഹങ്ങളോടുള്ള നമ്മുടെ പ്രതികരണത്തിൽ നാം വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലർ അതിനോടു പോരാടുകയും അതിനെ കീഴടക്കുകയും ചെയ്യുമ്പോൾ മറ്റുചിലർ അതിനു കീഴടങ്ങി പാപം ചെയ്യുന്നു. അങ്ങനെ ഒരു സഹോദരൻ തന്റെ ശരീരവും സമയവും ഒരു പോലെ ദൈവമഹത്വത്തിനായി വിനിയോഗിച്ച് പത്തു റാത്തൽ നേടുന്നു. മറ്റൊരുവൻ അഞ്ചു നേടുന്നു.

19:30 ൽ യേശു ഒരു കഴുതമേൽ കയറിയെരുശലേമിൽ പ്രവേശിക്കുന്നതായി നാം വായിക്കുന്നു. രാജാക്കന്മാർ സാധാരണ കുതിരമേൽ ആണ് സഞ്ചരിക്കാറ്. എന്നാൽ യേശു ഒരു കഴുതയെ ഉപയോഗിച്ചു. ലോകത്തെ സംബന്ധിച്ചു മഹത്തരമായ കാര്യങ്ങൾ

**നമുക്കെല്ലാം ഒരു ദിവസത്തിന് 24 മണിക്കൂർ സമയം മാത്രമേ ഉള്ളൂ. എന്നാൽ നമ്മുടെ സമയം വിനിയോഗിക്കുന്ന കാര്യത്തിൽ നാം വ്യത്യസ്തരാണ്. ചിലർ ദൈവവചനം പഠിക്കാനും മറ്റും തങ്ങളുടെ സമയം പ്രയോജനകരമായി ചെലവഴിക്കുന്നു. മറ്റു ചിലർ അധര ചർവ്വണത്തിലൂടെ അതു പാഴാക്കുന്നു.**

ദൈവസന്നിധിയിൽ എത്ര നിന്ദ്യമെന്നു കാണിക്കുവാനാണ് അവിടുന്ന് അങ്ങനെ ചെയ്തത്. ദൈവം ഒരിക്കൽ ഒരു കഴുതയിലൂടെ സംസാരിക്കുക പോലും ചെയ്തു. ബിലെയാമിനോട്. നാം കഴുതയെപ്പോലെ മണ്ടന്മാരായാൽപ്പോലും ദൈവത്തിനു തന്റെ പദ്ധതികൾക്കായി നമ്മെ ഉപയോഗിക്കാൻ കഴിയുമെന്നത് വലിയ ധൈര്യം തരുന്ന ഒരു കാര്യമാണ്. ആ കഴുതയ്ക്ക് അന്ന് വലിയ മാനം ലഭിച്ചു. കർത്താവു നിങ്ങളെ ഉപയോഗിക്കുമ്പോൾ അതു നിങ്ങൾക്കും ഉണ്ടാകും. എന്നാൽ ആളുകൾ തന്നെയാണ് ആദരിക്കുന്നതെന്നു കഴുത വിചാരിച്ചിരുന്നെങ്കിൽ അതു തെറ്റായ ധാരണ ആകുമായിരുന്നു. ജനം ആദരിച്ചതും വാഴ്ത്തിയതും കർത്താവിനെ ആയിരുന്നു. കർത്താവ് അതിന്റെ പുറത്തു നിന്നു താഴെ ഇറങ്ങിയതോടെ അതു വീണ്ടും പഴയ കഴുതയായിത്തീർന്നു. ആരിൽനിന്നും ഒരു മാനവും അതിനു ലഭിച്ചില്ല. അതു നമുക്കു മനസ്സിൽ സൂക്ഷിക്കുവാൻ നല്ലൊരു പാഠമാണ്. ആളുകൾ നമ്മെ അഭിനന്ദിക്കുന്നുവെങ്കിൽ നമ്മിലുള്ള ക്രിസ്തുവിനെയാണ് അവർ അഭിനന്ദിക്കുന്നത്.

**അധ്യായം 20**

ലൂക്കോസിന്റെ സുവിശേഷം 20:25-ൽ ധനത്തെക്കുറിച്ചു കർത്താവു വീണ്ടും സംസാരിക്കുന്നു. "കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക." എല്ലാവർക്കും കടമായുള്ളതു ചെയ്യുക.

21-ാം അദ്ധ്യായത്തിൽ കർത്താവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച കാര്യങ്ങൾ നാം വായിക്കുന്നു.വലിയ പീഡനം ഉണ്ടാവുകയും നമ്മുടെ ബന്ധുക്കൾ പോലും നമ്മെ ഏല്പിച്ചു കൊടുക്കുകയും ചെയ്യും. എന്നാൽ നാം ഭയപ്പെടേണ്ടതില്ല. കർത്താവിന്റെ അനുവാദം കൂടാതെ നമ്മുടെ തലയിലെ ഒരു രോമത്തിനുപോലും കേടു സംഭവിക്കയില്ല. (വാ.18)

22:24-ൽ നാം കാണുന്നത് ഇക്കഴിഞ്ഞ ആണ്ടുകളത്രയും കർത്താവിനെ കേട്ട ശേഷവും തങ്ങളിൽ വലിയവൻ ആരെന്ന ചർച്ചയിൽ ശിഷ്യന്മാർ ഏർപ്പെട്ടിരിക്കുന്നതായാണ്. പൂർണ്ണരായ മനുഷ്യരെ ആയിരുന്നില്ല യേശു തന്റെ ശിഷ്യന്മാരായി തെരഞ്ഞെടുത്തത്. അവരെ തിരുത്തുന്ന കാര്യത്തിൽ മൃദുവായ സമീപനമായിരുന്നു അവിടുത്തേത്. പരിശുദ്ധാത്മാവിനാൽ നിറയുമ്പോൾ അവർക്കു രൂപാന്തരം സംഭവിക്കുമെന്ന് അവിടുത്തേക്കറിയാമായിരുന്നു. അങ്ങനെ തന്നെ സംഭവിച്ചു. ഒരിക്കൽ നിറഞ്ഞശേഷം അവർ പിന്നീട് സ്ഥാനമാനാദികളെ സംബന്ധിച്ചു കലഹിച്ചില്ല.

22:31-ൽ സാത്താൻ പത്രോസിനെ കോതമ്പുപോലെ പാറ്റേണ്ടതിനു അനുവാദം ചോദിച്ചതായി യേശു മുന്നറിയിപ്പു കൊടുക്കുന്നതു നാം വായിക്കുന്നു. ദൈവം അതിനുള്ള അനുവാദം സാത്താനു നൽകുകയും ചെയ്തു. ഇതു നമ്മെ ഇയ്യോബിന്റെ കഥ അനു





സ്മരിപ്പിക്കുന്നു. അവിടെയും ഇയ്യോബിനെ തൊടുവാൻ സാത്താനു ദൈവത്തിന്റെ അനുവാദം ആവശ്യമായിരുന്നു. നമുക്കു സഹിക്കുവാൻ കഴിയുന്നതിനപ്പുറം നമ്മെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിക്കുന്നില്ല. (1 കൊരി. 10:13). ഓരോ പ്രാവശ്യവും നമ്മെ ഉപദ്രവിക്കയോ പരീക്ഷിക്കയോ ആക്രമിക്കയോ പീഡിപ്പിക്കയോ ചെയ്യുന്നതിനു മുമ്പ് ദൈവത്തിൽ നിന്നും അവന് അനുവാദം തേടേണ്ടതായിട്ടുണ്ട്. ഈ വസ്തുത നമുക്ക് വളരെ ആശ്വാസം നൽകുന്നതാണ്. സാത്താൻ പരീക്ഷിക്കുമ്പോൾ മൂന്നു പ്രാവശ്യം താൻ വീഴുമെന്ന് പത്രോസിനു യേശു മുന്നറിയിപ്പു നൽകി. പത്രോസ് വീഴാതിരിക്കാൻ യേശു പ്രാർത്ഥിച്ചില്ല. പത്രോസിന്റെ വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ മാത്രം യേശു പ്രാർത്ഥിച്ചു. എന്തുകൊണ്ടാണ് പത്രോസ് വീഴാതിരിക്കുവാൻ യേശു പ്രാർത്ഥിക്കാതിരുന്നത്? കാരണം, പത്രോസിന്റെ നിഗളമായിരുന്നു. പാപത്തിൽ വീഴുന്നതിലൂടെ മാത്രമേ ആ നിഗളത്തിൽ നിന്നും പത്രോസിനെ രക്ഷിക്കാൻ കഴിയൂ എന്നു യേശു അറിഞ്ഞിരുന്നു. അതിനു മാത്രമേ പത്രോസിനെ വിനീതനാക്കുവാൻ കഴിയുമായിരുന്നുള്ളു. നാമും പല തവണ പാപത്തിലേക്കു വീഴുന്നതിലൂടെ ഒരു കാര്യം തിരിച്ചറിയും. നമ്മുടെ ജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ലെന്നും സ്വന്ത പരിശ്രമത്താൽ നമുക്കു പാപത്തെ ജയിക്കുവാൻ കഴിയില്ലെന്നും. ഇങ്ങനെ നാം നമ്മുടെ ജീവിതത്തെത്തന്നെ കുഴച്ചിലിലാക്കുകയും നിരാശയുടെ പടുകുഴിയിൽ വീഴുകയും നാമൊരു വലിയ പൂജ്യമാണെന്നു തിരിച്ചറിയുകയും ചെയ്യുമ്പോഴും വിശ്വാസം നഷ്ടപ്പെടാതിരിക്കേണ്ടതുണ്ട്. ആസമയത്തും ദൈവം നമ്മെ സ്നേഹിക്കുന്നു, നമ്മെ

ആളുകൾ തന്നെയാണ് ആദരിക്കുന്നതെന്നു കഴുത വിചാരിച്ചിരുന്നെങ്കിൽ അതു തെറ്റായ ധാരണ ആകുമായിരുന്നു. ജനം ആദരിച്ചതും വാഴ്ത്തിയതും കർത്താവിനെ ആയിരുന്നു. കർത്താവ് അതിന്റെ പുറത്തു നിന്നു താഴെ ഇറങ്ങിയതോടെ അതു വീണ്ടും പഴയ കഴുതയായിത്തീർന്നു. ആരിൽനിന്നും ഒരു മാനവും അതിനു ലഭിച്ചില്ല. അതു നമുക്കു മനസ്സിൽ സൂക്ഷിക്കുവാൻ നല്ലൊരു പാഠമാണ്. ആളുകൾ നമ്മെ അഭിനന്ദിക്കുന്നുവെങ്കിൽ നമ്മിലുള്ള ക്രിസ്തുവിനെയാണ് അവർ അഭിനന്ദിക്കുന്നത്.

ജയാളികളാക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ഈ പരാജയം ദൈവിക പദ്ധതിയിലെ ഒരു പ്രത്യേക ലക്ഷ്യത്തെ നിറവേറ്റുന്നു.

പത്രോസിന്റെ പരാജയവും തുടർന്ന് അതിദുഃഖത്തോടെയുള്ള നിലവിളിയുമെല്ലാം പെന്തക്കോസ്ത് നാളിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗമായിരുന്നു. ആ രാത്രിയിൽ അത്ര വലിയ ഒരു വീഴ്ച പത്രോസിനുണ്ടായിരുന്നില്ലെങ്കിൽ പെന്തക്കോസ്ത് നാളിൽ എണീറ്റു നിന്നുകൊണ്ട് കൂടിവന്നിരുന്ന പാപികളായ ജനത്തെ പുച്ഛത്തോടെ നോക്കി സംസാരിക്കുന്ന അനുഭവങ്ങളുണ്ടാകുമായിരുന്നു. എന്നാൽ നുറുക്കപ്പെട്ടതോടെ കൂടി വന്നിരുന്നവരെയും സഹതാപത്തോടെ കാണുവാൻ തനിക്കു കഴിഞ്ഞു. എല്ലാവരെക്കാളും വലിയ പാപി താൻ തന്നെയാണെന്ന മനോഭാവത്തിലായിരുന്നു പത്രോസ്. അത്തരം വ്യക്തികളെയാണു ദൈവം തെരഞ്ഞെടുക്കുന്നതും പരിശുദ്ധാത്മാവിനാൽ നിറച്ച് തന്റെ പദ്ധതിക്കായി

പത്രോസിന്റെ പരാജയവും തുടർന്ന് അതിദുഃഖത്തോടെയുള്ള നിലവിളിയുമെല്ലാം പെന്തക്കോസ്ത് നാളിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗമായിരുന്നു. ആ രാത്രിയിൽ അത്ര വലിയ ഒരു വീഴ്ച പത്രോസിനുണ്ടായിരുന്നില്ലെങ്കിൽ പെന്തക്കോസ്ത് നാളിൽ എണീറ്റു നിന്നുകൊണ്ട് കൂടിവന്നിരുന്ന പാപികളായ ജനത്തെ പുച്ഛത്തോടെ നോക്കി സംസാരിക്കുന്ന അനുഭവങ്ങളുണ്ടാകുമായിരുന്നു. എന്നാൽ നുറുക്കപ്പെട്ടതോടെ കൂടി വന്നിരുന്നവരെയും സഹതാപത്തോടെ കാണുവാൻ തനിക്കു കഴിഞ്ഞു. എല്ലാവരെക്കാളും വലിയ പാപി താൻ തന്നെയാണെന്ന മനോഭാവത്തിലായിരുന്നു പത്രോസ്.

ഉപയോഗിക്കുന്നതും. ദൈവം തന്നെ ശക്തമായി ഉപയോഗിച്ചപ്പോഴും അക്കാര്യം ഒരിക്കലും പത്രോസിൽ അല്പം പോലും നിഗളമുണ്ടാക്കിയില്ല. കാരണം, താൻ എത്ര വലിയ ഒരു പരാജയമാണെന്നു അവൻ അറിഞ്ഞു കഴിഞ്ഞിരുന്നു. പത്രോസിന്റെ വീഴ്ചയിലൂടെ എത്ര അത്ഭുതകരമായാണു ദൈവോദ്ദേശ്യം നിറവേറിയത്.

23:40-42 ൽ ക്രൂശിൽ വച്ചു രക്ഷിക്കപ്പെട്ട കള്ളനിലൂടെ രണ്ടു പാഠങ്ങൾ നമുക്കു ലഭിക്കുന്നു.

ഒന്ന്, യേശു ഒരു തെറ്റും ചെയ്തിട്ടില്ലെന്നു അവൻ കണ്ടെത്തി. അവൻ എങ്ങനെയാണ് അത് അറിഞ്ഞത്? തനിക്കെതിരെ ആരോപണങ്ങൾ പലതും ഉയർന്നപ്പോൾ യേശു എങ്ങനെയാണ് അതു നേരിട്ടതെന്ന് അവൻ കണ്ടു. ക്രൂശിക്കുന്ന സമയം അനേകരും ഭത്സിക്കയും ശപിക്കയും ആണയിടുകയും ചെയ്യുന്നതവൻ കണ്ടിട്ടുണ്ട്. എന്നാൽ ഇവിടെ ഇതാ ഒരാൾ "പിതാവേ, അവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ അവരോടു ക്ഷമിക്കണമേ" എന്നു പ്രാർത്ഥിക്കുന്നു. അത് അവന്റെ കണ്ണു തുറന്നു. റോമൻ ശതാധിപന്റെ കണ്ണു തുറപ്പിച്ചതും അതുതന്നെയായിരുന്നു. "ഈ മനുഷ്യൻ സത്യമായും ദൈവപുത്രൻ തന്നെ" എന്ന് അവൻ പ്രതികരിക്കയും ചെയ്തു. നമ്മിൽ ക്ഷമിക്കുന്ന സ്വഭാവം കാണുന്നവർ തങ്ങളുടെ പാപങ്ങളെക്കുറിച്ചു ബോധമുള്ളവരാകും.

നമുക്കു ലഭിക്കുന്ന രണ്ടാമത്തെ പാഠം, ക്രൂശിൽ കിടന്ന മറ്റേ കള്ളന് കുരിശിൽ നിന്നും താഴെയിറങ്ങാനായിരുന്നു ആഗ്രഹം (മരണശിക്ഷയ്ക്കുള്ള കുറ്റമൊന്നും തന്നിലില്ലെന്നവൻ വിശ്വസിച്ചു) എന്നാൽ ആദ്യം പറഞ്ഞ കള്ളൻ താൻ ശിക്ഷയ്ക്കു യോഗ്യനാണെന്നു സമ്മതിച്ചിരുന്നു. ആദാം തന്റെ തെറ്റിന്റെ പഴി ഭാര്യയുടെ മേൽ ചാരുകയും പറുദീസാ നഷ്ടപ്പെടുത്തുകയും ചെയ്തു. ഈ കള്ളൻ തന്റെ തെറ്റ് അംഗീകരിക്കയും പറുദീസായ്ക്ക് യോഗ്യനാവുകയും ചെയ്തു (23:43). തങ്ങൾ നരകശിക്ഷയ്ക്കു മാത്രം യോഗ്യരെന്നും അത്ര വലിയ പാപികളാണെന്നും സ്വയം അംഗീകരിക്കയും ഏറ്റുപറകയും ചെയ്യുന്നവർക്കു വേണ്ടിയാണു പറുദീസാ ഒരുക്കിയിരിക്കുന്നത്.

24:13-33 ൽ രണ്ടു ശിഷ്യന്മാർ എമ്മവുസ്സിലേക്കു നടന്നു പോകുന്നതും യേശു അവരോടു ചേർന്നു നടക്കുന്നതും നാം വായിക്കുന്നു. അനായാസമായ ഒരു നടത്തയ്ക്കു രണ്ടു മൂന്നു മണിക്കൂർ വേണ്ടി വരുന്ന ദൂരം-ഏതാണ്ട് ഏഴു മൈൽ- നീളമുള്ള വഴിയായിരുന്നു അത്. അത്രയും സമയം കൊണ്ട് ഉൽപത്തി മുതൽ മലാഖി വരെ എത്തുന്ന ഒരു വേദപഠനക്ലാസ് അവിടെ നടന്നു. ആ തിരുവെഴുത്തുകളിലെ ക്രിസ്തുവിനെ അവിടുന്ന് അവർക്കു കാട്ടിക്കൊടുത്തു. (24:27).





## വിശ്വാസം-മുകളിലേക്ക് ഒരു 'വലിവ്'

പാർക്കിലെ ബെഞ്ചിലിരുന്ന വൃദ്ധൻ ഒരു കാര്യം ശ്രദ്ധിച്ചു. അടുത്ത് നിന്ന് ഒരു കൊച്ചു കുട്ടി പട്ടം പറത്തുകയാണ്. സമയം വൈകുന്നേരം. നല്ല കാറ്റുണ്ട്. കുട്ടിക്ക് ഉത്സാഹം നൽകിക്കൊണ്ട് പട്ടം ഉയർന്നു പറന്നു.

മറ്റൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് വൃദ്ധൻ കുട്ടിയുടെ പട്ടത്തിലേക്ക് ദൃഷ്ടി പായിച്ചു. പട്ടം ഉയർന്നു പറക്കുന്നു. നൂലയച്ചുവിടുമ്പോൾ കാറ്റിൽ താളം തുള്ളി പട്ടം പിന്നേയും മുകളിലേക്ക് പൊങ്ങിപ്പോകുകയാണ്.

മുകളിലുള്ള കാർമേഘപാളികളിൽ വൃദ്ധന്റെ നോട്ടം ഉടക്കി. ഇപ്പോൾ പട്ടം കാണാനേയില്ല. എന്നാൽ കുട്ടി ഉത്സാഹത്തോടെ നൂൽ അയച്ചു വിട്ടുകൊണ്ട് സന്തോഷത്തോടെ പട്ടംപറത്തൽ തുടരുകയാണ്. വൃദ്ധന് സംശയമായി. പട്ടം അവിടെത്തന്നെയുണ്ടോ?

ബെഞ്ചിൽ നിന്ന് വൃദ്ധൻ മെല്ലെ എണീറ്റ് കുട്ടിയെ സമീപിച്ചു.

'മോനേ, നിനക്ക് അബദ്ധം പറ്റിയോ? പട്ടം നൂലുപൊട്ടി പറന്നുപോയിക്കാണും. എന്റെ നോട്ടത്തിൽ എനിക്ക് അത് കാണേനേ കഴിയുന്നില്ല.'

കുട്ടിയൊന്ന് പുഞ്ചിരിച്ചു.

അവന്റെ മറുപടി 'അമ്മാവാ, എനിക്കും പട്ടം കാണാൻ കഴിയുന്നില്ല. എന്നാൽ എന്റെ നൂലിലെ മുകളിലോട്ടുള്ള വലിവുകൊണ്ട് പട്ടം ഉയരത്തിലുണ്ടെന്ന് എനിക്കുറപ്പുണ്ട്'.

പലപ്പോഴും പരിശോധനകളുടെ കാർമേഘപടലത്തിൽ ദൈവസാന്നിധ്യത്തെക്കുറിച്ച് നാം സംശയിച്ചെന്നു വരാം. പക്ഷേ വിശ്വാസത്തിന്റെ മുകളിലേക്കുള്ള വലിവ് നമുക്കുറപ്പു തരുന്നു. ഉവ്വ്, ദൈവം അവിടെയുണ്ട്. അവിടുന്നെല്ലാം നിയന്ത്രിച്ചുകൊള്ളും.

## എഡിറ്റോറിയൽ *തുടർച്ച*

നയ്ക്കു തരിമ്പും പ്രാധാന്യം കൽപ്പിക്കാതെ ഇന്ന് ഉപവാസങ്ങളെ നാം പ്രശംസയും പ്രദർശനവുമാക്കി മാറ്റിയെങ്കിൽ യോഹന്നാന്റെ ശിഷ്യന്മാരുടെ ഉപവാസങ്ങളുടെ ആത്മാവു തന്നെയാണ് ഇവയ്ക്കു പിന്നിലുള്ളതെന്നും വ്യക്തമല്ലേ?

ഇത് ഒരു തിരിച്ചുനടപ്പാണ്. മറ്റു പലതിലും എന്നപോലെ ഉപവാസത്തിന്റെ കാര്യത്തിലും യോഹന്നാൻ സ്നാപകനിൽ നിന്ന് യേശുവിലേക്കുള്ള ദൂരം നടന്നു തീർക്കേണ്ട നാം ഇന്നു തിരിഞ്ഞു നടക്കുകയാണ്.

യേശുവിലേക്കൊരു മടക്കയാത്ര-അത് ഇനി എന്നാണ്?

---

യേശു സംസാരിക്കുമ്പോൾ അവരുടെ ഹൃദയം കത്തിക്കൊണ്ടിരുന്നു (24:32). യേശു സംസാരിക്കുമ്പോൾ അങ്ങനെയായിരുന്നു. വചനം പ്രസംഗിക്കുന്നവർ അപ്രകാരം സംസാരിക്കുവാൻ ഉത്സാഹിക്കേണ്ടതാണ്. വചനം കേൾക്കുന്നവരുടെ കണ്ണു തുറക്കയും ഹൃദയം കത്തിക്കൊണ്ടിരിക്കയും വേണം.

അവസാനമായി, പതിനൊരുവർക്കു പ്രത്യക്ഷനായ ശേഷം 'ഉയരത്തിൽ നിന്നുള്ള ശക്തിക്കായി' യെരുശലേമിൽ കാത്തിരിക്കുവാൻ അവരോടു കല്പിച്ചു. (24:49) അവർ അതനുസരിച്ച് തുടർന്നുള്ള പത്തുദിവസം ദൈവത്തെ സ്തുതിച്ചുകൊണ്ട് യെരുശലേമിൽതന്നെ കഴിച്ചു (24: 53) മാളികമുറിയിലെ സ്തുതിയുടെ ആ അന്തരീക്ഷത്തിലേക്കാണ് പരിശുദ്ധാത്മാവ് ഇറങ്ങിയത്. ഇന്നും അപ്രകാരം സ്തുതികരേറ്റുന്ന ആളുകളിലേക്കു പരിശുദ്ധാത്മാവ് ഇറങ്ങുന്നു! ഹല്ലേലുയ്യാ!!

(തുടരും) ❖

# ദൈവസാന്നിധ്യപരിശീലനം

*21-ാം പേജിൽ നിന്നു തുടർച്ച*

യെല്ലാമായിരുന്നു എന്റെ ദുഖങ്ങളുടെ കാരണം. ഞാൻ വീണുപോയ ഈ സമയങ്ങളിലെല്ലാം ഞാൻ വീണ്ടും കാലൂന്നി നിവർന്നുനിന്നു. മനുഷ്യനും യുക്തിചിന്തയും ദൈവം പോലും എനിക്കെതിരെന്നു തോന്നിയപ്പോഴും വിശ്വാസം മാത്രമായിരുന്നു എന്നെ ഉറപ്പിച്ചു നിർത്തിയത്. ഇവയെല്ലാം എന്റെ അഹംഭാവത്തിൽ നിന്നാണ് സംഭവിക്കുന്നതെന്ന് എനിക്ക് തോന്നി. മറ്റുള്ളവർ അത്യധ്വാനം ചെയ്തുനേടിയ കാര്യം പെട്ടെന്നു നേടുവാൻ ശ്രമിച്ചതാവണം എന്റെ വീഴ്ചയ്ക്കു കാരണം. മറ്റു സന്ദർഭങ്ങളിൽ ഞാൻ എന്നെക്കുറിച്ചു തന്നെ ഔദാര്യം കാട്ടുകയാണെന്നും തന്മൂലം എനിക്കു രക്ഷയുണ്ടാവുകയില്ലെന്നും ഞാൻ ചിന്തിച്ചു.

ഇത്തരം പ്രയാസങ്ങളിലും ഉൽക്കണ്ഠയിലും തന്നെ എന്റെ ജീവിതം ചെന്നവസാനിക്കുമെന്നു ഞാൻ ചിന്തിച്ചുവെങ്കിലും ദൈവത്തിലേക്കുള്ള എന്റെ ആശ്രയത്തെ തുടർന്ന് പെട്ടെന്ന് എനിക്കൊരു വലിയ മാറ്റം സംഭവിച്ചു. അപ്പോൾ വരെയും ഉൽക്കണ്ഠയിലായിരുന്ന എനിക്ക് ആഴമായൊരാന്തരിക ശാന്തി ലഭിച്ചു. ആ സമാധാനത്തിന്റെ കേന്ദ്രത്തിൽത്തന്നെ ഉറച്ചുനിന്ന ഞാൻ വിശ്രാന്തിയനുഭവിക്കുന്നുണ്ടെന്നും എനിക്കു തോന്നി.

ആ സമയം മുതൽ ഞാൻ കേവലമായ വിശ്വാസത്തിൽ വിനയത്തോടും സ്നേഹത്തോടും കൂടെ ദൈവമുമ്പാകെ പ്രവർത്തിച്ചുപോരുന്നു. തന്മൂലം ദൈവത്തിന് അനിഷ്ടമായ യാതൊന്നും ചെയ്യാതെയും അപ്രകാരമുള്ളതൊന്നും പറയാതെയും ചിന്തിക്കാതെയും ഞാൻ എന്നെത്തന്നെ സൂക്ഷിക്കുന്നു. ഇങ്ങനെ എനിക്കു കഴിവുള്ളതെല്ലാം ഞാൻ ചെയ്യുമ്പോൾ ദൈവം തന്റെ ഹിതംപോലെ എന്നോടു പ്രവർത്തിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഇപ്പോൾ എന്താണ് എന്നിൽ സംഭവിക്കുന്നതെന്നു താങ്കളുടെ മുമ്പാകെ വെളിപ്പെടുത്തുവാൻ എനിക്കു കഴിവില്ല. എന്റെ അവസ്ഥയെപ്പറ്റി ഒരു നൈരാശ്യമോ സംശയമോ എനിക്കുണ്ടാകുന്നില്ല. ദൈവത്തിന്റെ ഇച്ഛയല്ലാതെ സ്വന്തമായ ഒരിച്ഛ എനിക്കില്ല. അവിടത്തെ ഇച്ഛ എല്ലാ കാര്യങ്ങളിലും ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. അതിനു വിഘാതമായി ഒരു വൈക്കോൽത്തുരുമ്പ് എടുക്കുവാൻപോലും എനിക്കാഗ്രഹമില്ല. എന്നുവേണ്ടാ, ശുദ്ധമായ ദൈവസ്നേഹമൊഴികെ മറ്റൊന്നും ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുമില്ല.

എന്റേതായ എല്ലാ ആരാധനാരീതികളും നിർബന്ധിതമല്ലാത്ത എല്ലാ പ്രാർത്ഥനകളും ഞാൻ ഉപേക്ഷിച്ചു. ദൈവസന്നിധിയിൽ വസിക്കുക എന്നതൊഴികെ മറ്റൊന്നും ഞാൻ ചെയ്യുന്നില്ല. ഇതുഞാൻ ശുദ്ധമായ ഒരേകാഗ്രതയോടും ദൈവത്തിങ്കലേക്കുയർത്തിയ ദൃഷ്ടിയോടുമാണ് പ്രവർത്തിക്കുന്നത്. ഇതിനെ യഥാർത്ഥമായ ദൈവസാന്നിധ്യമെന്നു ഞാൻ വിളിക്കുന്നു. അഥവാ കുറേക്കൂടി വ്യക്തമായിപ്പറഞ്ഞാൽ ദൈവവും എന്റെ ആത്മാവും തമ്മിൽ നടക്കുന്ന വാക്കുകളില്ലാത്തതും രഹസ്യവുമായ ഒരു നിരന്തര സംഭാഷണമാണിത്. ഇതുമിക്കപ്പോഴും എനിക്ക് ആന്തരികമായൊരു സന്തോഷവും സംതൃപ്തിയും നൽകുന്നു. അതിനെ നിയന്ത്രിക്കുകയോ, അതിന്റെ ദൃശ്യമായ പ്രവർത്ത

*(ശേഷം പേജ് 37 ൽ)*





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-2

*കഥ ഇതുവരെ...*

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന ആളായിരുന്നെങ്കിലും റീസ് ഹൊവൽസിന് ക്രിസ്തുവുമായി ബന്ധമുണ്ടായിരുന്നില്ല. റീസ് പണസമ്പാദനത്തിനായി അമേരിക്കയിൽ എത്തി.* തുടർന്നു വായിക്കുക.

## പുതിയ മനുഷ്യൻ

മാർട്ടിൻസ് ഫെറിയിലെ ലോഡ്ജിലെ തന്റെ ഇടുങ്ങിയ മുറിയിൽ അവശനായി ഒറ്റയ്ക്കു കിടക്കുമ്പോൾ റീസ് ഹൊവൽസ് ഓർത്തത് ദൈവത്തിന്റെ വിരലിന്റെ ദൈർഘ്യത്തെക്കുറിച്ചാണ്.

വെയിൽസിൽ അതു തന്റെ പിന്നാലെയുണ്ടായിരുന്നു. അമേരിക്കയിൽ പിറ്റ്സ്ബർഗ്ഗിലെത്തിയപ്പോൾ ആ വിരൽ പിന്നാലെ നീണ്ടുവന്നു. അവിടെനിന്നു നൂറുമൈൽ പിന്നിട്ടു മാർട്ടിൻസ് ഫെറിയിലെത്തിയപ്പോൾ അതിതാ തന്നെ വിടാതെ പിൻതുടരുന്നു.

മാർട്ടിൻസ് ഫെറിയിൽ ആദ്യം എല്ലാം നന്നായിരുന്നു. തീവണ്ടിയിൽ പരിചയപ്പെട്ട വൃദ്ധൻ സ്റ്റീൽ കമ്പനിയിൽ ജോലി ശരിയാക്കി തന്നപ്പോൾ തന്നെ പകുതി ആശ്വാസമായി. ഇടുങ്ങിയതെങ്കിലും വൃത്തിയുള്ള ഒരു ലോഡ്ജ് മുറി മിതമായ വാടകയ്ക്കു സംഘടിപ്പിക്കാൻ കഴിഞ്ഞതോടെ താമസസ്ഥലവുമായി.

എല്ലാം ഒന്നു പച്ചപിടിച്ചു വരുമ്പോഴാണു ആദ്യ ആഘാതം- ടൈഫോയ്ഡ്. (അക്കാലത്തു ടൈഫോയിഡ് മാരകമായിരുന്നു. മരണം വരെ സംഭവിക്കാം.) റീസ് വല്ലാതെ പേടിച്ചുപോയി.

വീട്ടിൽ നിന്ന് അകലെയാണെന്നതോ ബന്ധുക്കളാരും അടുത്തില്ലെന്നതോ അല്ല അവനെ ഭയപ്പെടുത്തിയത്. മറിച്ച് പിറ്റ്സ് ബർഗ്ഗിൽ നിന്നു തീവണ്ടി ഇളകിത്തുടങ്ങിയപ്പോൾ ഇവാൻ ലൂയിസ് വിളിച്ചു പറഞ്ഞ വാക്കുകളാണ് :'ദൈവത്തോടു നിരപ്പിൽ വരാതെ നീ ഇവിടം വിട്ടുപോയാൽ....'

ദൈവത്തോടു സജീവ ബന്ധത്തിൽ വരാതെ ടൈഫോയ്ഡു മൂലം ഈ ഭൂമി വിട്ടു പോയാൽ...?

നിത്യതയെക്കുറിച്ചു റീസിന് അറിയാമായിരുന്നു. ഇവിടെ ആൾക്കൂട്ടത്തിനിടയിൽ ജീവിച്ചാലും അവിടെ നിത്യതയിൽ ഒറ്റയ്ക്കുവേണം ദൈവത്തെ അഭിമുഖീകരിക്കാൻ.....'

റീസിന് പേടിയായി.

"എനിക്കൊരവസരം കൂടി തരിക." റീസ് നിലവിളിച്ചു: 'എങ്കിൽ എന്റെ ജീവിതം ഞാൻ ദൈവമേ, അങ്ങേയ്ക്കു തരാം."

ആ നിലവിളിയിൽ ഒരു ശപഥം ഉണ്ടായിരുന്നു. അതു തീരും മുൻപു തന്നെ പ്രാർത്ഥന ദൈവം കേട്ടതായി

റീസിന്റെ ഹൃദയത്തിൽ ബോധ്യമുണ്ടായി; താൻ ഉടനെ മരിക്കുകയില്ലെന്നും.

ആ നിമിഷം മുതൽ റീസിന്റെ രോഗം ക്രമമായി കുറഞ്ഞുതുടങ്ങി. അല്പദിവസത്തിനുള്ളിൽ തന്നെ റീസ് കിടക്കവിട്ടെഴുന്നേറ്റു.

ഒരു 'പുതിയ മനുഷ്യനാ'യാണ് റീസ് രോഗക്കിടക്കയിൽ നിന്ന് എഴുന്നേറ്റത്. മരണഭീതിയുടെ ഇരുണ്ട ഗുഹയിലൂടെ ചെന്ന് നിത്യതയെ ഒരുനോക്കു കണ്ട ശേഷം ജീവിതത്തിലേക്കു മടങ്ങിയെത്തിയവനെപ്പോലെ റീസ് ആളാകെ മാറിപ്പോയി.

നിത്യതയിൽ വിലയുള്ള കാര്യങ്ങൾക്കുവേണ്ടിയുള്ള അന്വേഷണമായിരുന്നു തുടർന്നുള്ള നാളുകൾ. അഞ്ചു മാസത്തോളം ആ നിലയിൽ തുടർന്നു. പലരെ പോയി കണ്ടു. 100 മൈൽ തിരിച്ചു യാത്ര ചെയ്ത് പിറ്റ്സ് ബർഗ്ഗിലെത്തി കസിൻ ഇവാൻ ലൂയിസിനോടു ചോദിച്ചു. രക്ഷയിലേക്കുള്ള ഈ വഴി സ്വയം അറിയാമായിരുന്നെങ്കിലും അതു റീസിനു ബോധ്യമാകും വണ്ണം വിശദീകരിച്ചു കൊടുക്കാൻ ഇവാന് കഴിയുമായിരുന്നില്ല

ഈ അന്വേഷണത്തിനിടയിൽ മാർട്ടിൻസ് ഫെറിയിൽനിന്നു പെൻസിൽവാനിയയിലേക്കു റീസ് താമസം മാറ്റി. അവിടെ വച്ച് റീസിന് അവന്റെ അന്വേഷണത്തിന് ഉത്തരം ലഭിച്ചു. ഒരു യെഹൂദാ ക്രിസ്ത്യാനിയെയാണ് ദൈവം അവിടെ റീസിനായി ഒരുക്കിയത്.

അദ്ദേഹമാണ് മൗറീസ് ശൂബേൻ!

മൗറീസ് ശൂബേൻ പെൻസിൽ വാനിയയിൽ സുവിശേഷഘോഷണത്തിനായി എത്തിയതായിരുന്നു. ഒരു രാത്രി സുവിശേഷയോഗത്തിനു പോയ റീസിനെ മൗറീസ് രൂബേന്റെ സാക്ഷ്യം ആഴത്തിൽ പിടിച്ചുലച്ചു:

മൗറീസ് രൂബേൻ. സമ്പന്നമായ ഒരു യഹൂദ കുടുംബത്തിലെ അംഗമായിരുന്നു. കുടുംബപരമായിത്തന്നെ ബിസ്സിനസ്സുകാർ.

'സോളമൻ ആൻഡ് രൂബേൻ'-അമേരിക്കയിലെ പിറ്റ്സ് ബർഗ്ഗിലെ ഏറ്റവും വലിയ കടയായിരുന്നു അത്. മൗറീസ് രൂബേനായിരുന്നു അതിന്റെ ഡയറക്ടറും സിഇഒയും.

കടയിൽ സ്ഥിരമായി വരാറുള്ളവരിൽ ഒരാളെ രൂബേൻ പ്രത്യേകം ശ്രദ്ധിച്ചു. എന്തൊരു സന്തോഷമാണ് എപ്പോഴും ആ മുഖത്ത്!

അദ്ദേഹത്തോട് രൂബേന് ചോദിക്കാതിരിക്കാനായില്ല:" ജനനം മുതൽ തന്നെ നിങ്ങൾ ഇത്രയും സന്തോഷവാനാണോ?"

"തീർച്ചയായും. എന്റെ രണ്ടാം ജനനം മുതൽ" അദ്ദേഹം പറഞ്ഞു: "കർത്താവായ യേശുക്രിസ്തുവിനെ സ്വീകരിക്കുകയും ദൈവത്തിൽ നിന്നു ജനിക്കയും ചെയ്തു. എന്റെ ആദ്യജീവിതത്തിൽ ഞാൻ നിങ്ങളെക്കാൾ ഒട്ടും സന്തുഷ്ടനായിരുന്നില്ല."

രൂബേനെ ഈ സാക്ഷ്യം വശീകരിച്ചു. ഫലം, താൻ ഒരു പുതിയ നിയമം വാങ്ങി വായിക്കാൻ തുടങ്ങി. അതിൽ രൂബേന് ഒരു കാര്യം ഇഷ്ടമായി. യേശുവിനെ അനുഗമിച്ചവരെല്ലാം യെഹൂദരായിരുന്നു. ദൈവത്തിന്റെ കുഞ്ഞാടെന്ന് അവനെ ലോകത്തിനു ചൂണ്ടിക്കാണിച്ചുകൊടുത്ത യോഹന്നാൻ സ്നാപകൻ. മുഖ്യശിഷ്യന്മാർ-യാക്കോബ്, യോഹന്നാൻ, പത്രോസ്.

അങ്ങനെ വായിച്ചു വന്നപ്പോഴിതാ അതീവ സമ്പന്നനായ യെഹൂദാ ചെറുപ്പക്കാരൻ യേശുവിനെ കണ്ട കഥ. അതൊരു നാടകീയ മുഹൂർത്തമായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ സമ്പന്നനായ യഹൂദയുവാവിനോടുള്ള രക്ഷകന്റെ ഇടപെടലിനെക്കുറിച്ചു വായിച്ച് 20-ാം നൂറ്റാണ്ടിലെ സമ്പന്നനായ യഹൂദ യുവാവിനു കുറ്റബോധം ഉണ്ടായ





സന്ദർഭം! നിന്റെ നിത്യജീവനുവേണ്ടി പിതൃസ്വത്തെല്ലാം വിറ്റുകൊടുക്കുവാൻ യേശു അന്നത്തെ യുവയഹൂദധനവാനോടു പറഞ്ഞെങ്കിൽ അതേ വ്യവസ്ഥ തനിക്കും ഇന്നു ബാധകമല്ലേ?-രൂബേൻ അങ്ങനെയാണ് ഇതിനെ കണ്ടത്.

പക്ഷേ യേശുവിനെ അനുഗമിക്കാനായി അങ്ങനെ ചെയ്താൽ...? അതൊരു വലിയ ചോദ്യമാണ്. രൂബേൻ ഇരുന്ന് അതിന്റെ 'വില' കണക്കുകൂട്ടിനോക്കി. ഒന്നാമതു തന്റെ സഹോദരൻ ഇപ്പോഴത്തെ ബിസിനസ്സിൽ നിന്നുതന്നെ പുറത്താക്കും. രണ്ട്: ഭാര്യ ഉപേക്ഷിച്ചുപോകും. മൂന്ന്: ബന്ധുക്കളായ ഒരൊറ്റ യെഹൂദനും തന്നോടൊപ്പം ഉണ്ടാകുകയില്ല.

എങ്കിലും രൂബേൻ ആ വില കൊടുക്കാൻ തന്നെ തീരുമാനിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം കടയിലേക്കു രൂബേൻ പോകുന്ന വഴിക്ക് ഒരു ശബ്ദം യോഹന്നാൻ 14:6 ആവർത്തിച്ചു പറയുന്നതു കേട്ടു: "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.'' ആ സത്യം രൂബേന്റെ ഹൃദയത്തിൽ മിന്നി. അവൻ ഉടൻ തന്നെ യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചു.

പിന്നെ രൂബേൻ താമസിച്ചില്ല. തന്റെ തീരുമാനം സഹോദരനെയും ബന്ധുക്കളെയും അറിയിച്ചു. അവർ നടുങ്ങിപ്പോയി.

രൂബേന്റെ പിതാവിന്റെ വിൽപ്പത്രം അനുസരിച്ച് മക്കൾ ആരെങ്കിലും യഹൂദമതം വിട്ടുപോയാൽ അവർക്കു കുടുംബസ്വത്തിൽ ഒരു പെനിയുടെപോലും അവകാശം ഉണ്ടായിരിക്കുകയില്ല. എന്നാൽ രൂബേന്റെ ബിസ്സിനസ്സിലെ ഓഹരി - 70,000 പൗണ്ട്- നൽകാൻ സഹോദരൻ തയ്യാറായി. പക്ഷേ ഒരു വ്യവസ്ഥ. അമേരിക്കയുടെ അങ്ങേയറ്റത്തെ കോണായ മൊണ്ടാനയിലോ മറ്റോ പോയി രൂബേൻ തന്റെ പുതിയ വിശ്വാസവുമായി ഒതുങ്ങിക്കഴിഞ്ഞുകൊള്ളണം. എന്നാൽ അതിനുള്ള രൂബേന്റെ മറുപടി ഇങ്ങനെ: "പിറ്റ്സ് ബർഗ്ഗിൽ വച്ചാണ് എനിക്ക് വെളിച്ചം കിട്ടിയത്. ഞാനിവിടെ തന്നെ സാക്ഷിയാകും."

ആ ശനിയാഴ്ച രാത്രി രണ്ടു ഡിറ്റക്ടീവുമാർ വന്ന് രൂബേനെ പൊലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോയി. തിങ്കളാഴ്ച രണ്ടു ഡോക്ടർമാർ ജയിലിലെ സെല്ലിൽ രൂബേനെ സന്ദർശിച്ചു. അവർ തിരിച്ചും മറിച്ചും ചോദിച്ചത് ഒരു ദിവസം രൂബേൻ കടയിലേക്കു പോകുമ്പോൾ വഴിയിൽ വച്ച 'കേട്ട' സ്വരത്തെക്കുറിച്ചാണ്.

"അവർ എന്റെ സ്ഥിരബുദ്ധിയെ സംശയിക്കുകയാണോ?" രൂബേൻ അത്ഭുതപ്പെട്ടു.

രൂബേൻ സംശയിച്ചതു ശരിയായി. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ രണ്ടു വാർഡൻമാർ വന്നു രൂബേനെ പിടിച്ചു കൊണ്ടുപോയത് മാനസികരോഗികൾക്കായുള്ള കേന്ദ്രത്തിലേക്കാണ്. അവിടെ 29 മാനസിക രോഗികൾ കഴിയുന്ന മുറിയിൽ മുപ്പതാമനായി രൂബേനെ ഇട്ട് അടച്ചു.

ഇത് രൂബേന് താങ്ങാൻ കഴിയുന്നതിന് അപ്പുറമായിരുന്നു. തന്നെ മനോരോഗിയാക്കിയവരോടുള്ള പക അദ്ദേഹത്തിന്റെ ഹൃദയത്തിൽ നുരഞ്ഞുപൊങ്ങി. രൂബേൻ തന്റെ കിടക്കയ്ക്കു സമീപം മുട്ടുകുത്തി ഹൃദയം ദൈവസന്നിധിയിൽ പകർന്നു. അങ്ങനെ എത്രനേരം കഴിഞ്ഞുപോയെന്നറിയില്ല. ആ ഇരുപ്പിൽ അദ്ദേഹത്തിന്കാൽവറിയുടെ ഒരു ദർശനം ഉണ്ടായി. ക്രൂശീകരണത്തിന്റെ ഓരോ ഘട്ടവും രൂബേൻ നേരിൽ കണ്ടു. രക്ഷകന്റെ കഷ്ടതകളുടെ മുൻപിൽ താൻ അനുഭവിക്കുന്നത് എത്ര നിസ്സാരം!

ക്രൂശിലേക്കുതന്നെ നോക്കിയിരിക്കുമ്പോൾ അരുമനാഥൻ നേരിട്ട് അവനോടു ചോദിച്ചു: "ക്രൂശെല്ലാം ഞാൻ തനിയെ വഹിക്കണമെന്നും ലോകം സ്വതന്ത്രമായി പൊയ്ക്കോട്ടെന്നുമാണോ?"

തകർന്ന ഹൃദയത്തോടെ രൂബേൻ മറുപടി പറഞ്ഞു:"ഇല്ല കർത്താവേ, ഓരോരുത്തർക്കും അവരവരുടെ ക്രൂശുണ്ട്. എനിക്കും."

ആ നിമിഷം മുതൽ രൂബേൻ ഒരു പുതിയ മനുഷ്യനായി. പരാതിപ്പെടുന്നതിനുപകരം മാനസികാരോഗ്യകേന്ദ്രത്തിൽ തന്നോടൊപ്പമുള്ള 29 പേർക്കുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. രൂബേൻ കർത്താവിനോടു പറഞ്ഞു: "കർത്താവേ, ഞാൻ അങ്ങേയ്ക്കുവേണ്ടി കഷ്ടം അനുഭവിക്കട്ടെ. അവിടുന്ന് എന്തിലൂടെ എന്നെ കടത്തിവിട്ടാലും ഞാനിനി ഒരിക്കലും പരാതിപ്പെടുകയില്ല."

രണ്ടാഴ്ച കഴിഞ്ഞപ്പോൾ രൂബേന്റെ സഹോദരൻ അവനെ കാണാൻ (അതോ കുറ്റപ്പെടുത്താനോ?) വന്നു. ഇങ്ങനെ ഒരു സ്ഥലത്ത് രൂബേൻ എങ്ങനെ എത്തിച്ചേർന്നുവെന്നു ചോദിച്ച അദ്ദേഹം തുടർന്നു: "നിനക്കു കുറച്ചുകൂടി വിവേകത്തോടെ പെരുമാറിയാലെന്താ? ഇവിടം വിട്ടു മൊണ്ടാനയിലേക്കു പോകുക."

'പൂച്ച' പുറത്തുചാടി. ഇതിനെല്ലാം പിന്നിൽ ആരാണുള്ളത് ആ വാക്കുകളിലൂടെ പുറത്താവുകയായിരുന്നു.

"ഓ, അതുശരി. ആ ഓഫർ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ? എങ്കിൽ എന്നെ ഇവിടെ തളച്ചിട്ടിരിക്കുന്നതിന്റെ കാരണം എന്റെ മാനസിക നിലയല്ലെന്നു വ്യക്തമല്ലേ?": രൂബേന്റെ യുക്തിഭദ്രമായ ആ മറുപടിക്കു മുൻപിൽ പിടിച്ചുനിൽക്കാനാവാതെ സഹോദരൻ വേഗം സ്ഥലം കാലിയാക്കി.

രൂബേന്റെ അവസ്ഥ കേട്ടറിഞ്ഞ ചില ക്രിസ്ത്യൻ സഹോദരന്മാർ പ്രശ്നം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ജഡ്ജി രൂബേനെതിരെ സർട്ടിഫിക്കറ്റ് നൽകിയ ഡോക്ടർമാരെ വിളിപ്പിച്ചു: "എന്തിനാണ് ആ മനുഷ്യനു ചിത്തഭ്രമമാണെന്നു സർട്ടിഫിക്കറ്റ് നൽകിയത്?"

"കാരണം അവൻ തന്നോടു സംസാരിച്ച ഒരു സ്വരം കേട്ടതായി പറയുന്നു"

"അങ്ങനെയെങ്കിൽ അപ്പൊസ്തലനായ പൗലൊസിനും ഭ്രാന്താണെന്നു പറയേണ്ടേ? അദ്ദേഹവും തന്നോടു സംസാരിക്കുന്ന ഒരു ശബ്ദം കേട്ടല്ലോ." ഒരു ക്രിസ്ത്യാനിയായിരുന്ന ജഡ്ജി തീർപ്പുകല്പിച്ചു: "അത് അമേരിക്കൻ പതാകയ്ക്കു തന്നെ അപമാനമാണ്."

തുടർന്നു തന്നെ ദ്രോഹിച്ച ഓരോരുത്തർക്കുമെതിരെ പരാതി നൽകാൻ ജഡ്ജി രൂബേനോട് ആവശ്യപ്പെട്ടു.

"ഞാൻ ആർക്കുമെതിരെ പരാതി നൽകുകയില്ല." രൂബേൻ പറഞ്ഞു "പകരം ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കും."

തുടർന്നു നീട്ടപ്പെട്ട കരങ്ങളോടെ രൂബേൻ കോടതിമുറിയിലൂടെ സഹോദരനു നേരെ ചെന്നു. സഹോദരൻ ആ കരങ്ങൾ സ്വീകരിച്ചില്ല. അദ്ദേഹം പുറം തിരിഞ്ഞ് കോടതിമുറിയിൽനിന്ന് ഇറങ്ങിപ്പോയി.

രൂബേൻ അതേപോലെ തന്റെ ഭാര്യയെ സമീപിച്ചു. പക്ഷേ അവളും അത് അവഗണിച്ചു!

കോടതി സ്വതന്ത്രനാക്കിയ രൂബേൻ ഷിക്കാഗോയിൽ ഒരു ചെറിയ മുറി വാടകയ്ക്കെടുത്തു. ഒറ്റയ്ക്കായിരുന്നു താമസം. അടുത്ത രണ്ടു വർഷം ഒരു നേരംപോലും ഭക്ഷണം കഴിച്ച ദിവസങ്ങൾ ചുരുക്കമായിരുന്നു. പക്ഷേ ഒട്ടേറെ ആത്മാക്കളെ രൂബേൻ കർത്താവിനായി നേടി.





ഒരു വർഷം കഴിഞ്ഞ സമയത്ത് ഒരു ക്യാംപ് മീറ്റിംഗിൽ രൂബേൻ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അവിടെയെത്തി പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. ഭാര്യ തന്നെ പിരിഞ്ഞശേഷം ജനിച്ച ഇളയമകനെ രൂബേൻ അന്നാണ് ആദ്യമായി കാണുന്നത്. മറ്റു ക്രിസ്ത്യാനികളെപ്പോലെ ജീവിക്കാനൊരു മാർഗ്ഗം കണ്ടെത്താമെങ്കിൽ ഒപ്പം ജീവിക്കാൻ താൻ ചെല്ലാമെന്നു ഭാര്യ രൂബേനോടു സമ്മതിച്ചു. കൊച്ചു മോനോടും ഭാര്യയോടുമൊപ്പം ജീവിക്കുന്നതോർത്തപ്പോൾ രൂബേന്റെ ഹൃദയം കുതിച്ചുയർന്നു.

പക്ഷേ-

ഈ ലോകത്ത് വിശ്വാസത്തിന്റെ ഒരു ജീവിതം നയിക്കാനാണ് തനിക്കുള്ള വിളി. അതിൽനിന്നു മാറി മറ്റുള്ളവരെപ്പോലെ ജീവിക്കാൻ ഒരവസരം തരാമോയെന്ന് രൂബേൻ ദൈവത്തോടു ചോദിച്ചു.

"മിസ്രയേമിലേക്കു വീണ്ടും മടങ്ങുകയോ?" കർത്താവിന്റെ മറുപടിയിൽ ഒരു ശാസനയുണ്ടായിരുന്നു. അത്രയും മതിയായിരുന്നു, രൂബേൻ വീണ്ടും ക്രൂശിനെ ആലിംഗനം ചെയ്തു.

ഭാര്യയെയും കുഞ്ഞിനെയും ട്രെയിൻ കയറ്റി അയയ്ക്കാൻ രൂബേൻ പ്ലാറ്റ്ഫോമിൽ ചെന്നു. വേദനാജനകമായിരുന്നു വേർപാട്. ഹൃദയത്തിന്റെ ഒരു ഭാഗം പറിഞ്ഞുപോകുന്നതുപോലെ. പക്ഷേ എന്തു ചെയ്യും?

എന്തുവന്നാലും ദൈവശബ്ദത്തെ അനുസരിക്കുക. രൂബേൻ ഒരുവട്ടം കൂടി ഉറച്ചു. ട്രെയിൻ മെല്ലെ നീങ്ങിത്തുടങ്ങി. രൂബേന് സങ്കടമല്ല സന്തോഷമാണ് അനുഭവപ്പെട്ടത്. ദൈവത്തെ അനുസരിക്കുന്നതിലുള്ള സന്തോഷം കൊണ്ട് അവന്റെ ഹൃദയം നിറഞ്ഞു. രൂബേൻ അക്ഷരാർത്ഥത്തിൽത്തന്നെ പ്ലാറ്റ്ഫോമിൽ നൃത്തം ചെയ്തു.

അടുത്ത മൂന്ന് വർഷത്തേക്ക് രൂബേൻ ഭാര്യയെ കണ്ടതേയില്ല. എന്നാൽ മൂന്നു വർഷത്തിനുശേഷം മറ്റൊരു ക്യാംപ് മീറ്റിംഗിൽ പങ്കെടുത്തപ്പോൾ രൂബേന്റെ ഭാര്യയ്ക്കും ക്രൂശിന്റെ ഒരു വെളിപ്പാടുണ്ടായി. അതിന്റെ ഫലമായി അവൾ ഇങ്ങനെ സാക്ഷിച്ചു: "നേരത്തെ ഒരു വിശ്വാസിയെന്ന നിലയിൽ, ഭർത്താവിന്റെ ത്യാഗപൂർവമായ ജീവിതം പങ്കിടുവാൻ തയാറായിരുന്നില്ല. എന്നാൽ ഇന്ന് വാതിൽതോറും നടന്ന് അപ്പം യാചിക്കണമെങ്കിൽ അതിനും ഞാൻ തയ്യാറാണ്."

അവർ വീണ്ടും ഒന്നിച്ചു. ശുശ്രൂഷയിൽ രൂബേന് തുടർന്ന് ഒരു ഉത്തമ പങ്കാളിയായിരുന്നു അവൾ.

മൗറീസ് രൂബേന്റെ സാക്ഷ്യം കേട്ടുകൊണ്ടിരിക്കെ, റീസ് ഹൊവൽസിന്റെ ഹൃദയം മെല്ലെ ചൂടുപിടിക്കുകയായിരുന്നു. സാധാരണ, വീണ്ടും ജനിച്ചെന്ന് അവകാശപ്പെടുന്ന ആളുകളുടെ സാക്ഷ്യം കേൾക്കുമ്പോൾ അവരുടെ ജീവിതം ഏതു നിലയിലാണ് തന്റേതിനെക്കാൾ മെച്ചമെന്ന് റീസ് അത്ഭുതപ്പെടുമായിരുന്നു. ചിലപ്പോൾ ഹൃദയത്തിൽ ഇങ്ങനെ പറയുകപോലും ചെയ്തിട്ടുണ്ട്: "ദൈവമേ, ഗിരിപ്രഭാഷണത്തിൽ പറയുന്ന മട്ടിൽ ജീവിക്കുന്ന ഒരാളിനെ കണ്ടാൽ ഞാൻ സമ്മതിക്കാം.'

ഇപ്പോൾ മൗറീസ് രൂബേന്റെ സാക്ഷ്യം ഏറെക്കുറെ തീരുകയാണ്. പൊടുന്നനെ റീസ് ഹൊവൽസിന്റെ ഹൃദയത്തിൽ ഇടിമുഴക്കം പോലെ ഒരു ചോദ്യം:'ഇദ്ദേഹത്തെക്കുറിച്ച് എന്തു പറയുന്നു? ഈ ആൾ നിനക്കു തൃപ്തികരമാണോ?'

ആ കൊച്ചു മെഥോഡിസ്റ്റ് ചാപ്പലിൽ തുടർന്നു നടന്നതു റീസ് ഇങ്ങനെ വിവരിക്കുന്നു: "മൗറീസ് രൂബേൻ തന്റെ അനുഭവങ്ങൾ വിവരിക്കുമ്പോൾ എന്റെ മുൻപിലും

ക്രൂശിന്റെ ഒരു ദർശനം തെളിഞ്ഞു. ഞാൻ കരഞ്ഞു. കരഞ്ഞുകൊണ്ടേയിരുന്നു. അവിടുന്ന് എനിക്കുവേണ്ടി മാത്രം മരിക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. അതുവരെ എന്റെ മാതാപിതാക്കളാണ് എന്നെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതെന്നും അവരാണ് എനിക്കുവേണ്ടി ഏറ്റവും കഷ്ടം അനുഭവിക്കുന്നതെന്നുമായിരുന്നു എന്റെ തോന്നൽ. എന്നാൽ അവർ ഒരിക്കലും എനിക്കുവേണ്ടി മരണം അനുഭവിച്ചിട്ടില്ല. അതേസമയം അവിടുന്ന് എനിക്കുവേണ്ടി മരിച്ചു. എന്നോടുള്ള അവിടുത്തെ സ്നേഹം സ്വർഗ്ഗത്തോളം ഉന്നതമാണ്. അതു ഞാൻ കണ്ടു.

തുടർന്ന് അവിടുന്ന് എന്നോട് സംസാരിച്ചു:''നോക്കുക. ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. രൂബേനിലേക്കു ചെന്നതുപോലെ ഞാൻ നിന്നിലേക്കു വരട്ടേ? നീ എന്നെ സ്വീകരിക്കുമോ?''

"തീർച്ചയായും." മറുപടി പറയാൻ ഞാൻ ഒരു നിമിഷംപോലും ശങ്കിച്ചില്ല.

ആ നിമിഷം അവിടുന്ന് എന്നിലേക്കു വന്നു. എനിക്ക് രൂപാന്തരം ഉണ്ടായി. ഞാൻ മറ്റൊരു ലോകത്തിലേക്ക് പിറന്നു വീണു. ഇതാ ഞാനിപ്പോൾ ദൈവരാജ്യത്തിലാണ്. സ്രഷ്ടാവ് എന്റെ പിതാവായി. ആ രാത്രി പണത്തിന് വാങ്ങാൻ കഴിയാത്ത നിത്യജീവൻ എനിക്കു ദാനമായി ലഭിച്ചു.

ഞാൻ താമസസ്ഥലത്തേക്ക് മടങ്ങി. രക്ഷകൻ എനിക്ക് എല്ലാമെല്ലാമായി മാറി. അവിടുന്ന് പതിനായിരങ്ങളിൽ അതിസുന്ദരനാണ്. പോരാ പത്തുലക്ഷങ്ങളിൽ അതിസുന്ദരനാണ്. കർത്താവുമായി ബന്ധപ്പെട്ടതെല്ലാം സുന്ദരവും ദിവ്യവുമായി എനിക്കനുഭവപ്പെട്ടു. എന്നാൽ ലോകവുമായി ബന്ധപ്പെട്ട വീണ്ടെടുക്കപ്പെടാത്തവരെല്ലാവരും എന്നോടു പരുക്കനായി പെരുമാറുന്നതുപോലെ തോന്നി.

എനിക്ക് സമൂലമായ ഒരു മാറ്റമാണുണ്ടായത്. എന്താണെനിക്കു സംഭവിച്ചതെന്ന് എന്റെ പഴയ സുഹൃത്തുക്കൾക്കൊന്നും മനസ്സിലായില്ല. സ്വാഭാവിക കാര്യങ്ങളോടുള്ള എന്റെ അടുപ്പം നഷ്ടമായി. കാരണം ഞാൻ ഒരു ഉപദേശമല്ല കണ്ടത്, മറിച്ച് കാൽവറിയെയാണ്.

കണ്ണിനു മുൻപിൽ നിന്നു തിരശ്ശീല മാറിയതുപോലെ. യേശുവിനെ ഞാൻ കണ്ടു. ഒപ്പം ആ രാത്രി ലോകം ഒരു ശാപഭൂമിയായി ഞാൻ മനസ്സിലാക്കി. ഇനി ഒരിക്കലും അതിനെ തൊടരുതെന്ന തോന്നൽ എന്നിൽ ശക്തമായി.

രക്ഷകനെ കണ്ടപ്പോൾ അവിടത്തെ സ്നേഹമാണ് എനിക്ക് വെളിവായത്. അതെങ്ങനെ ഞാൻ വിവരിക്കും? അവിടുന്ന് എന്നെ സഹായിക്കാനായി വന്നു എന്നല്ല ഞാൻ കണ്ടത്. മറിച്ച് അവിടുന്ന് എന്റെ സ്ഥാനം എടുത്തു! ഇതിനോടു താരതമ്യം ചെയ്യുമ്പോൾ മറ്റെല്ലാ സ്നേഹവും സ്വയത്താൽ പ്രചോദിതമാണ്. പക്ഷേ ഈ നിത്യസ്നേഹത്തിൽ സ്വയത്തിന്റെ കലർപ്പില്ല.

അവിടുന്ന് എന്നിലേക്കു വന്നപ്പോൾ അവിടുത്തെ സ്നേഹമാണ് എന്നിലേക്കു വന്നത്. അവിടുന്ന് എന്നിലൂടെ പാപികളെ സ്നേഹിക്കുന്നു. എനിക്കിപ്പോൾ സ്നേഹിക്കാൻ അധ്വാനിക്കേണ്ട. സ്വാഭാവികമായിത്തന്നെ എനിക്ക് മറ്റുള്ളവരോടു സ്നേഹമുണ്ട്. ഒരാളെപ്പോലും എനിക്ക് ശത്രുവായി കാണാൻ കഴിയുകയില്ല. ചുരുക്കത്തിൽ ഞാൻ ഈ ലോകവും അതിന്റെ മായയും വിട്ട് ദൈവത്തിന്റെ സ്നേഹം മാത്രമുള്ള രാജ്യത്തിലേക്കു പിറന്നു വീഴുകയായിരുന്നു."

ആ ദിവസത്തെ തന്റെ ആത്മീയ





# കഷ്ടതകൾ സമാധാനത്തോടെ എങ്ങനെ സഹിക്കാനാകും?

ഫെനലൻ

**വി**ശ്വാസത്തിന്റെ ലാളിത്യം ഒരുവനു സമാധാനം നൽകും. സ്വയത്തിൽ കേന്ദ്രീകരിച്ച സ്നേഹരഹിതമായ ചിന്തകൾ, അസ്വസ്ഥതയുടെ തോന്നലുകൾ, അനാവശ്യമായ ആകുലചിന്തകൾ എന്നിവ കൈവിട്ടുകളയാൻ തയ്യാറായാൽ നാം സമാധാനത്തിന്റെ പീഠഭൂമിയിലെത്തും. ദൈവമക്കളുടെ നിഷ്കളങ്കമായ സമാധാനം, സ്വാതന്ത്ര്യം എന്നിവയിൽ നടക്കുന്നവരായി നാം നമ്മെത്തന്നെ കണ്ടെത്തും. ദൈവത്തോടും മനുഷ്യരോടുമുള്ള അർത്ഥപൂർണ്ണമായ ബന്ധം അപ്പോൾ നമുക്ക് അകലെയായിരിക്കുകയില്ല.

മറ്റുള്ളവരെ ഇക്കാര്യത്തിൽ ഉപദേശിക്കുന്ന ഞാൻ എന്റെ തന്നെ ജീവിതത്തിൽ ഇതു പ്രാവൃത്തികമാക്കാറുണ്ട്. ഈ മാർഗ്ഗത്തിലാണ് ഞാൻ എന്റെ തന്നെ സമാധാനം അന്വേഷിക്കേണ്ടത് എന്നെനിക്കു ബോധ്യമുണ്ട്. ഇപ്പോഴും ചിലപ്പോൾ എന്റെ ദേഹി, കഷ്ടം അനുഭവിക്കാറുണ്ട്. എന്നാൽ സ്വയത്തിന്റെ ജീവിതമാണു നമുക്ക് വേദന നൽകുന്നത്. മരിച്ച ഒന്നിനു പിന്നെ കഷ്ടമില്ല. നാം പൂർണമായി മരിച്ചു നമ്മുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരുന്നാൽ (കൊലോസ്യർ 3:3 ) ഇന്നു നമ്മെ

---

ജന്മദിനമെന്നു റീസ് കണക്കാക്കി. ഈ ജന്മദിനത്തിലേക്കു താൻ പ്രവേശിക്കാൻ കാരണമായത് ഒരു യഹൂദനിലൂടെയാണെന്നതു റീസ് പിന്നീടൊരിക്കലും മറന്നിട്ടില്ല. അതുകൊണ്ട് യെഹൂദരോട് തനിക്ക് ഒരു പ്രത്യേക കടപ്പാടുണ്ടെന്നു റീസ് ചിന്തിച്ചു.

അതുപോലെ തന്റെ ജന്മദേശത്തോടും സ്വന്തജനത്തോടും തനിക്കൊരു കടപ്പാടുണ്ടെന്നും റീസിനു ബോധ്യമായി. അവരുടെ മധ്യത്തിലാണ് രക്ഷകനെ സാക്ഷിക്കേണ്ടത്. ഉടനെ തന്നെ വെയിൽസിലേക്കു മടങ്ങിപ്പോകണം- ആ ചിന്തയും റീസിൽ ശക്തമായി.

പക്ഷേ അമേരിക്ക വിടാൻ തീരുമാനിച്ചപ്പോഴിതാ പഴയ പ്രലോഭനം വീണ്ടും ശക്തിപ്രാപിച്ചുവന്നു-പണത്തോടുള്ള സ്നേഹം. ഇക്കുറി ജോലി ചെയ്തിരുന്ന കമ്പനിയിലെ മാനേജരിലൂടെയാണ് ആ പ്രലോഭനം വന്നത്. റീസിന്റെ ജോലി ഇഷ്ടപ്പെട്ട അയാൾ ദിവസക്കൂലി രണ്ടു പൗണ്ട് പത്തു ഷില്ലിംഗാക്കി. അമേരിക്കയിൽ പോലും ഒരു നല്ല വേതനം. പക്ഷേ പഴയതിനെക്കാൾ കൂടുതൽ നേരം ജോലി ചെയ്യണം.

റീസ് സുഹൃത്തുക്കളോടു പറഞ്ഞു: "എനിക്ക് ഉടനെ മടങ്ങിപ്പോയേ പറ്റൂ. കാരണം മാനേജർ വലിയ പ്രലോഭനമാണ് കൊണ്ടുവരുന്നത്. എന്നാൽ ഇനി ഒരിക്കലും പണത്തിനുവേണ്ടി ജീവിക്കുകയില്ലെന്നു ഞാൻ കർത്താവിനോട് ഉടമ്പടി ചെയ്തു."

പിന്നെ താമസിച്ചില്ല. റീസ് അമേരിക്കയോടു വിട പറഞ്ഞു. ജന്മദേശത്തേക്കു തിരിച്ചു. വന്നതുപോലെയല്ലാ ഒരു പുതിയ മനുഷ്യനായി.

**(തുടരും)**

❖

**ദൈവത്തിൽ നിന്നു വരുന്ന ക്രൂശ് സ്വയത്തെക്കുറിച്ചുള്ള ഒരു പരിഗണനയും കൂടാതെ സ്വാഗതം ചെയ്യണം. നിങ്ങളുടെ ക്രൂശ് നിങ്ങൾ ഈ വിധത്തിൽ സ്വീകരിക്കുമ്പോൾ, അതു വേദനാജനകമാണെങ്കിൽ കൂടി, നിങ്ങൾ ക്കതു സമാധാനപൂർവ്വം സഹിക്കുവാൻ കഴിയും. എന്നാൽ നിങ്ങളുടെ ക്രൂശ് നിങ്ങൾ വിസമ്മതത്തോടെയാണ് സ്വീകരിക്കുന്നതെങ്കിൽ അത് ഇരട്ടി കഠിനമായി നിങ്ങൾക്ക് അനുഭവപ്പെടും. ഉള്ളിൽ നിന്ന് ഉയർന്നു വരുന്ന ചെറുത്തുനിൽപ് ക്രൂശു ചുമക്കുന്നതിനെ കൂടുതൽ ദുസ്സഹമാക്കും.**

ആത്മാവിൽ അലട്ടുന്ന വേദനകളുമായി നാം പിന്നെ പ്രയാസപ്പെടേണ്ടി വരികയില്ല. അതുകൊണ്ട് തന്നെ നമ്മുടെ തെറ്റുകൊണ്ടല്ലെങ്കിലും നമുക്ക് നേരിടേണ്ടി വരുന്ന കഷ്ടതകളെ അക്ഷോഭ്യതയോടെ നേരിടാൻ നാം പഠിക്കേണ്ടതുണ്ട്. എന്നാൽ നമ്മുടെ കുറ്റം കൊണ്ടുണ്ടാകാവുന്ന ആത്മാവിന്റെ സ്വസ്ഥതയില്ലായ്മയ്ക്കെതിരെ നാം ജാഗ്രത പാലിക്കണം. അസ്വസ്ഥതയോടെയുള്ള ചെറുത്തുനിൽപ്, സഹനത്തിനുള്ള മനസ്സില്ലായ്മ എന്നിവകൊണ്ട് ദൈവം തന്നക്രൂശിന്റെ തീവ്രത വർദ്ധിപ്പിക്കാൻ നമുക്ക് കഴിയും. നമ്മിൽ സ്വയത്തിന്റെ ജീവിതം അവശേഷിക്കുന്നത് ഇതിന്റെ തെളിവാണ്.

ദൈവത്തിൽ നിന്നു വരുന്ന ക്രൂശ് സ്വയത്തെക്കുറിച്ചുള്ള ഒരു പരിഗണനയും കൂടാതെ സ്വാഗതം ചെയ്യണം. നിങ്ങളുടെ ക്രൂശ് നിങ്ങൾ ഈ വിധത്തിൽ സ്വീകരിക്കുമ്പോൾ, അതു വേദനാജനകമാണെങ്കിൽ കൂടി, നിങ്ങൾക്കതു സമാധാനപൂർവ്വം സഹിക്കുവാൻ കഴിയും. എന്നാൽ നിങ്ങളുടെ ക്രൂശ് നിങ്ങൾ വിസമ്മതത്തോടെയാണ് സ്വീകരിക്കുന്നതെങ്കിൽ അത് ഇരട്ടി കഠിനമായി നിങ്ങൾക്ക് അനുഭവപ്പെടും. ഉള്ളിൽ നിന്ന് ഉയർന്നു വരുന്ന ചെറുത്തുനിൽപ് ക്രൂശു ചുമക്കുന്നതിനെ കൂടുതൽ ദുസ്സഹമാക്കും. എന്നാൽ ദൈവത്തിന്റെ കരത്തെ അവിടെ നിങ്ങൾ അംഗീകരിച്ചാൽ, അവിടുത്തെ ഹിതത്തോട് എതിർത്തു നിൽക്കാതിരുന്നാൽ, ക്ലേശങ്ങളുടെ നടുവിൽ നിങ്ങൾക്കു സമാധാനം ഉണ്ടായിരിക്കും. ഈ ലളിതമായ സമാധാനത്തോടെ ദൈവഹിതത്തിനു പൂർണമായി കീഴ്പ്പെട്ട് തങ്ങളുടെ കഷ്ടങ്ങൾ സഹിക്കാൻ കഴിയുന്നവർ സന്തുഷ്ടരായിരിക്കും. ചെറുത്തുനിൽപ്പില്ലാത്തഒരാത്മാവ് പോലെ കഷ്ടങ്ങളെ അനായാസമാക്കുന്നതും ലഘൂകരിക്കുന്നതുമായ മറ്റൊന്നില്ല.

പക്ഷേ പലപ്പോഴും ദൈവത്തോട് ഒരു വിലപേശലിന് ഒരുമ്പെടാൻ നാം ആഗ്രഹിക്കും. കഷ്ടങ്ങൾക്ക് ഒരു പരിധി നിർദ്ദേശിക്കാനും അങ്ങനെ അവയുടെ അന്ത്യം മുൻകൂട്ടി കാണാനുമാണ് നമുക്ക് ആഗ്രഹം. എന്നാൽ ഈ മനോഭാവം കൈക്കൊള്ളുമ്പോൾ ദൈവത്തിന്റെ ലക്ഷ്യത്തെ എത്രത്തോളമാണു പരാജയപ്പെടുത്തുന്നതെന്നു നാം അറിയുന്നില്ല. ക്രൂശിനാണ് തീർച്ചയായും ഒന്നാം സ്ഥാനം ലഭിക്കേണ്ടത്. എന്നാൽ ശാഠ്യത്തോടെ നാം സ്വജീവനെ മുറുകെപ്പിടിക്കുമ്പോൾ ക്രൂശിനെ നിഷേധിക്കാൻ (ഭാഗികമായെങ്കിലും) അതു നമ്മെ പ്രേരിപ്പിക്കുന്നു. ഫലം ഇതേ ശോധനയിലൂടെ നാം വീണ്ടും വീണ്ടും കടന്നുപോകേണ്ടി വരുന്നു.

നാം വലിയ കഷ്ടങ്ങളാൽ എരിഞ്ഞമരുന്നു. എന്നാൽ ദൈവഹിതം വളരെ കുറച്ചേ നിറവേറ്റുന്നുള്ളൂ!. ക്രൂശ്





# ദൈവസാന്നിധ്യപരിശീലനം

*28-ാം പേജിൽ നിന്നു തുടർച്ച*

നത്തെ വിഘാതപ്പെടുത്തുകയോ ചെയ്യുന്നത് ഒരു ബാലിശവൃത്തിയാണെന്ന് ഞാൻ കരുതുന്നു.

എന്റെ പിതാവേ, കഴിഞ്ഞ 5 വർഷമായി എന്റെ ആത്മാവ് ദൈവത്തോടൊപ്പമായിരുന്നുവെന്ന സത്യം ഒരുവിധത്തിലും സംശയിക്കുവാൻ എനിക്കു കഴിയുന്നില്ല. അങ്ങയെ മുഷിപ്പിക്കരുതെന്നു കരുതി പലകാര്യങ്ങളും ഞാൻ പറയാതെ വിട്ടുകളയുന്നു. എങ്കിലും എന്റെ രാജാവായ ദൈവത്തിന്റെ മുമ്പാകെ ഞാൻ എങ്ങനെ നടക്കുന്നുവെന്ന കാര്യം അങ്ങയുടെ മുമ്പിൽ തുറന്നുവയ്ക്കുന്നത് ഉചിതമെന്നു ഞാൻ ചിന്തിക്കുന്നു.

എല്ലാ മനുഷ്യരിലും ഏറ്റവും അരിഷ്ടനെന്ന് ഞാൻ എന്നെത്തന്നെ പരിഗണിക്കുന്നു. എല്ലാ വ്രണങ്ങളും നിറഞ്ഞവനും ദുർഗന്ധപൂർണ്ണനും എന്റെ രാജാവിനെതിരേ എല്ലാകാര്യങ്ങളിലും കുറ്റക്കാരനുമാണ് ഞാൻ. സജീവമായ പശ്ചാത്താപത്തോടെ എന്റെ ദുഷ്പ്രവൃത്തികളെ ഞാൻ ഏറ്റുപറയുന്നു. ദൈവത്തിൽ നിന്നുള്ള ക്ഷമയ്ക്കായി ഞാൻ യാചിക്കുന്നു. അവിടുത്തേക്ക് ഇഷ്ടമായതുപോലെ എന്നോടു ചെയ്താലും എന്നു പറഞ്ഞ് അവിടത്തെ കരങ്ങളിൽ ഞാൻ എന്നെത്തന്നെ ഏല്പിക്കുന്നു. എല്ലാ സ്നേഹവും കരുണയും നിറഞ്ഞ ഈ രാജാവാകട്ടെ എന്നെ ശിക്ഷിക്കുന്നതിനുപകരം സ്നേഹത്തോടെ ആശ്ലേഷിക്കുകയും അവിടത്തെ മേശയിൽ നിന്നു ഭക്ഷിക്കുവാൻ എന്നെ അനുവദിക്കയും ചെയ്യുന്നു, തന്റെ കരങ്ങളാൽ എന്നെ ശുശ്രൂഷിക്കുന്നു. തന്റെ നിക്ഷേപങ്ങളുടെയെല്ലാം താക്കോലുകൾ എന്നെ ഏല്പിക്കുന്നു. ഞാൻ അവിടുത്തെ ഉറ്റ സുഹൃത്തെന്ന നിലയിൽ എന്നോടു പെരുമാറുന്നു.അവിടുന്ന് എന്നോടുകൂടെ നടക്കയും അതിൽ ആയിരമായിരം വിധത്തിൽ സന്തോഷിക്കയും ചെയ്യുന്നു. എന്നോടു ക്ഷമിക്കുന്നതിനെപ്പറ്റിയോ ഒരു കാലത്തെ എന്റെ തെറ്റായ ജീവിതത്തെപ്പറ്റിയോ അവിടുന്നു സംസാരിക്കുന്നില്ല. അവിടുത്തെ ഇഷ്ടംപോലെ എന്നോടു ചെയ്താലുമെന്നാണു ഞാൻ യാചിക്കുക. ഏറ്റവും ദുർബലനും കൊള്ളരുതാത്തവനുമെന്നനിലയിൽ എന്നോടു പെരുമാറണമെന്നു ഞാൻ അപേക്ഷിച്ചാലും അവിടുന്ന് ഏറ്റവും പ്രിയങ്കരനായി എന്നെ പരിഗണിക്കുന്നു. അവിടുത്തെ വിശുദ്ധസന്നിധിയിൽ നിൽക്കുമ്പോൾ ഇതാണ് എന്റെ അനുഭവം.

ഈ വിധത്തിലുള്ള താഴ്മയും അവിടത്തെ സന്നിധിയിലേക്കു കണ്ണുയർത്തി അപേക്ഷിക്കലുമാണ് ഏറ്റവും സാധാ

---

നമുക്ക് ഒട്ടും പ്രയോജനകരമല്ലാത്ത അവസ്ഥയിലേക്കു വീണുപോകുന്നതിൽ നിന്നു നമ്മുടെ മനസ്സിനെ കർത്താവുവിടുവിക്കട്ടെ! 2 കൊരിന്ത്യർ 9:7 അനുസരിച്ച് സന്തോഷത്തോടെ കൊടുക്കുന്നവനെയാണു ദൈവം സ്നേഹിക്കുന്നത്. ഹാ! സന്തോഷത്തോടെ പൂർണ്ണമായി വിട്ടുകളയുന്നവരെ, ക്രിസ്തുവിനോടൊപ്പം പൂർണമായി ക്രൂശിക്കപ്പെടുന്നവരെ, വാസ്തവത്തിൽ അവിടുന്ന് എത്രയേറെയാണു സ്നേഹിക്കുന്നത്! .

**മൊഴിമാറ്റം : ജയൻ ആൻഡ്രൂസ്**

❖

രണമായ എന്റെ മനോഭാവം. ഒരു ശിശു
തന്റെ അമ്മയുടെ മാർവിടത്തിൽ പറ്റി
ച്ചേർന്നിരിക്കുമ്പോൾ അതിനുണ്ടാ
കുന്ന സന്തോഷവും സംതൃപ്തിയു
മാണ് അവിടത്തെ സന്നിധിയിൽ
ഞാനും അനുഭവിക്കുന്നത്. ഈ പദ
പ്രയോഗം ഉപയോഗിക്കുവാൻ അങ്ങ്
എന്നെ അനുവദിക്കുമെങ്കിൽ ദൈവ
ത്തിന്റെ സ്നേഹമാർവിടം എന്നു
ഞാൻ എന്നെത്തന്നെ വിശേഷിപ്പിക്കും.
അപ്രകാരമുള്ള അവാച്യമായൊരു
സന്തോഷമാണ് തിരുസന്നിധിയിൽ
ഞാൻ അനുഭവിക്കുന്നത്.

എന്റെ ആവശ്യത്താലോ ബലഹീന
തയാലോ എപ്പോഴെങ്കിലും ഈ ദൈവ
ത്തിൽനിന്നു ഞാൻ അകന്നുപോയാൽ
അപ്പോൾ എന്റെ ഹൃദയം എന്നെ
ഓർപ്പിക്കുന്നത് ആ സ്നേഹാനുഭൂതി
യാണ്. അതു വർണ്ണിക്കുവാൻ എനിക്കു
കഴിവില്ല. എന്നാൽ ബഹുമാന്യനായ
പിതാവേ, എന്റെ ഹീനമായ അപൂർണ്ണ
തകൾ അങ്ങേയ്ക്ക് അറിവുള്ളതാണ
ല്ലോ. അവയെ ഓർത്ത് ഞാൻ അനുത
പിക്കുന്നു.

എന്റെ ദിനംപ്രതിയുള്ള പ്രാർത്ഥനാ
സമയങ്ങളെപ്പറ്റി പറഞ്ഞാൽ, അവ
എന്റെ പ്രയത്നങ്ങളുടെ ഒരു തുടർച്ച
മാത്രമാണ്. ഒരു ശില്പിയുടെ മുമ്പിലി
രിക്കുന്ന ഒരു പാറക്കഷണമെന്ന് ചില
പ്പോൾ ഞാൻ എന്നെപ്പറ്റിത്തന്നെ
ചിന്തിക്കുന്നു. ഈ പാറയിൽ നിന്ന് ഒരു
മനോഹരപ്രതിമ നിർമ്മിക്കുവാൻ
ശില്പി ആഗ്രഹിക്കുന്നു. ഇപ്രകാരം
എന്നെത്തന്നെ വീക്ഷിച്ചുകൊണ്ട്
ഞാൻ അപേക്ഷിക്കുകയാണ് എന്നെ
പരിപൂർണ്ണമായൊരു കലാരൂപമാക്കി,
അങ്ങയെപ്പോലെതന്നെ ആക്കി
ത്തീർക്കണമേ.

മറ്റു സന്ദർഭങ്ങളിൽ ഞാൻ മനസ്സി
രുത്തി പരിശ്രമിക്കുമ്പോൾ എന്റെ
ആത്മാവും ദേഹിയും ഒരുന്നത പദവി
പ്രാപിക്കുന്നതായി എനിക്കനുഭവ
പ്പെടുന്നു. അങ്ങനെ അവ ഉയർത്ത
പ്പെട്ട് അവയുടെ കേന്ദ്രത്തിലും സ്ഥിര
ലക്ഷ്യത്തിലും എത്തുന്നതായി ഞാൻ
കാണുന്നു.

ചില ആളുകൾ ഈ ഉയർന്ന അവ
സ്ഥയെ അലസതാവിലസിതമെന്നും
വഞ്ചനയെന്നും സ്വയസ്നേഹമെന്നും
അക്ഷേപിച്ചേക്കാം. അപ്രകാരമൊരു
വിശുദ്ധമായ അലസതയും സ്വയസ്നേ
ഹവും ഉള്ളതായി ഞാൻ സമ്മതിക്കു
ന്നു. ദേഹിക്ക് അങ്ങനെയൊരവസ്ഥ
യിൽ എത്താൻ കഴിയുമെങ്കിൽ കഴി
ഞ്ഞകാലത്തെ അനുഭവങ്ങൾ അതിന്
അടിസ്ഥാനമായിത്തീർന്നേക്കാം.
അങ്ങനെയെങ്കിൽ അവ ദോഷമല്ലാതെ
ഗുണമൊന്നും ചെയ്യുന്നില്ലെന്നും വരാ
വുന്നതാണ്.

എന്നാൽ അത്തരമൊരനുഭവത്തെ
വഞ്ചനയെന്നു വിളിക്കുവാൻ എനിക്കു
സാധ്യമല്ല. എന്തെന്നാൽ ഈ വിധ
ത്തിൽ ദൈവത്തിൽ ആനന്ദിക്കുന്ന ഒരു
വ്യക്തി ദൈവത്തെ മാത്രമാണല്ലോ
ആഗ്രഹിക്കുന്നത്. എന്നിൽ അതൊരു
വഞ്ചനയായിത്തീരുന്നുവെങ്കിൽ ദൈവ
ത്തിന് അതിനെ പരിഹരിക്കുവാനും
താനാഗ്രഹിക്കുന്നത് എന്നിൽ നിറവേ
റ്റുവാനും കഴിയും. അവിടത്തെ മാത്രം
ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മുഴു
വനും അവിടത്തെ വകയായിത്തീരു
വാനും അഭിലഷിക്കുന്നു. എന്നിരു
ന്നാലും അങ്ങ് ഈ കാര്യത്തെപ്പറ്റി
എന്തു ചിന്തിക്കുന്നുവെന്ന് എന്നെ
അറിയിക്കുന്നപക്ഷം അതിനു ഞാൻ
നന്ദിയുള്ളവനായിരിക്കും. അങ്ങയുടെ
അഭിവന്ദ്യതയെ ഞാൻ ബഹുമാനി
ക്കുക മൂലം ആ അഭിപ്രായത്തിനായി
ഞാൻ കാത്തിരിക്കുന്നു.

(തീയതിയില്ല)

(തുടരും)

**മൊഴിമാറ്റം: വി.ഐ**

❖





Youth Section




# How to get up from sin?

Sandeep Poonen

***Question:***

I am somebody who wants to follow Jesus, but I keep falling down. I have heard you say in other messages that I must keep getting up. So I have tried to do this again and again. But now I feel that even that is useless. I don't even feel like getting up anymore because I am starting to think that it is a lost cause. It is just a matter of time before I KNOW I will fall yet again.

Do you think the Bible has something to say to me? Are there people like me who just will never experience the truth and good news of freedom from sin?

***Answer:***

Thank you for your question. I do not know of any sincere Christian who has not felt this way at some point or the other. I also do not know of any Christian who has not had to battle with these kinds of thoughts. **So at the very outset, I hope that this gives you immediate hope and encouragement**.

But what must we do in times like this? I'm sure there are so many things that can be said, but let me give you three of my favorite thoughts in this regard:

**1. It is always my fault alone and never God's fault (1 Corinthians 10:13)**

I can't tell you the number of times I have heard Christian brothers and sisters tell me that they want to overcome sin, but they just don't have the strength. So they are praying that God will someday open their eyes to His love and someday give them the grace to overcome their sin.

Now this sounds very humble and convincing at first, but there can be a dangerous spirit of unbelief that often lies behind such statements. Such statements can subtly put the responsibility onto GOD to open our eyes and give us His grace. Such statements can make us believe that we're doing the best we can, but the sovereign God has, for whatever reason He alone knows, chosen to not answer our prayers and give us His grace and

victory over sin just yet.

This is a horrible lie, and a clear contradiction of the Person of God as demonstrated through His Word. 1 Corinthians 10:13 is a monumental verse in this regard - *No temptation has overtaken you but such as is common to man; and God is faithful, who will not allow you to be tempted beyond what you are able, but with the temptation will provide the way of escape also, so that you will be able to endure it.*

These are at least TWO very obvious inferences that I can make from this verse:

❋ There is ABSOLUTLEY NO TEMPTATION that I face that is too much for me to handle.

❋ The God we interact with is FAITHFUL ensures this.

❋ EVERY TEMPTATION comes with a way of escape

I also want to underline the fact that Paul places his confidence on the FAITHFULNESS OF GOD to assure us of this. It is not any human's faithfulness, but God's that serves as our assurance.

Have you taken this FACT to those temptations that seem insurmountable? Whether it is your lustful eyes, your tendency towards constant discouragement, your perpetual tendency to worry, etc - all of these temptations come our way only after God has packaged with it **a way of escape**. So let us adjust our mindset to stop waiting for some supernatural experience that will take away the temptations, but rather seek God more diligently to see the way of escape that He has provided with every temptation that assaults us.

**2. The testing of my faith is first intended to first build in me endurance, before it produces victory over sin (James 1:2-4)**

*James 1:2-4 - Consider it all joy, my brethren, when you encounter various trials, knowing that the testing of your faith produces endurance. And let endurance have its perfect result, so that you may be perfect and complete, lacking in nothing.*

These verses may seem complicated but let me give you the simple, high-level truths that I get out of these verses:

❋ From James 1:2-3a, I see that the various trials (temptations) that I face are all simply testing the quality of my faith in God. So when I fail in a particular trial, it is simply evidence that I need to have more faith in God - i.e., I need to DEPEND more on God for help, and have more CONFIDENCE in God and His promises to help me.

❋ From James 1:3, I see that trials and temptations are FIRST meant to produce endurance/perseverance/patience. **This is very encouraging at times when I fall - to know that even though I failed the test, by getting back up I am back on the great pathway (to perfection) that God has designed for me**.





❋ James 1:4 tells me that when my endurance is perfected, then I will be perfect. In one sense, I can see this perfection to as referring to a time when I experience consistent victory over sin in that particular area.

So to summarize, I do not need to be discouraged because I fell. Yes, of course, there was a way of escape that I did not take (from point 1 above). But my falling does not mean that I should just give up and stay down (as the devil would like me to think). If I keep getting up, I am consciously choosing to remain on the pathway of God's plan for me. **So as far as I am concerned, the only sure-fire way to frustrate God's plan for my life is if I stay down and choose to give up on fighting sin.**

**3. The prodigal son had to come to his senses and get up and come home. The Father does not promise to come and get me when I willfully remain in my sinful lifestyle (Luke 15)**

When we choose to stay down in sin and wallow in sin, we can think that maybe God will come and get us from our lifestyle of sin, and rescue us because we cannot help ourselves. We also think that this is correct theology because we are told that can do nothing of our own strength, because that in turn will be earning our salvation. So we keep waiting for God to come and get us and give us some supernatural strength to suddenly not want to sin anymore, and in the meantime we continue to wallow in sin.

But this is a horrible mis-appropriation of the overall balance of God's truths. Reading ALL of Luke 15 can help us understand the correct overall balance of God's dealings with us when we are separated from Him. The three parables in this story all refer to situations where there is a separation between God and us.

Luke 15:1-7 talks about one sheep (out of a hundred) that is lost but where the shepherd goes out and finds the one sheep and rescues it. Luke 15:8-10 talks about a woman who loses a coin, but searches all over and finally finds it and rejoices over it. Luke 15:11-31 talks about one of two sons who leaves home ,wastes all his inheritance, but eventually comes to his senses and returns home to a welcoming and rejoicing father.

These are my high-level thoughts on these stories that provide the key to understanding the balance of how the lost can be found:

§ Luke 15:1-7 seems to speak to one kind of lost Christian - where a Christian (sheep) **NAIVELY** wandered off away from the Shepherd (Jesus) and got entangled in sin. For such a person, Jesus will spare nothing to go out and rescue this unfortunate sinner.

§ Luke 15:8-10 seems to speak to another kind of lost Christian - where the church (the woman as the Bride of Christ) lost one of her own (the coin) by her carelessness. In such cases, the CHURCH must spare nothing to go out and keep seeking and searching for the lost one until she

finds them and restores them to fellowship again.

§ Luke 15:11-31 seems to speak to a third kind of lost Christian - where a Christian willfully chooses to walk away from God and intimacy with Him (the Father's house) and squander his inheritance on loose living (doing his own will). The Father never goes out and rescues such people. In such cases, the back-sliding Christian must first come to his/her senses (i.e., truly repent of their sins and recognize the squalor of the pig-farm they presently live in - when compared to their Father's house). Then, the Christian must get up and return home to His Father's house.

Of course, the really good news is that when such a choice is made, the Father does NOT wait till we've done our penance and proved our repentance. No, He runs down the road to meet us, holds us tightly and weeps in joy, and throws a feast that we've chosen to return.

So as we look at all three stories, I also think there is something to be said about the proportion of the lost one in each of these stories. In the lost sheep, it's 1 out of a 100. In the lost coin, it's one of probably many. In the lost son, it's 1 of 2. I think that these percentages play out in real life as well. The majority of Christians who walk away from God into sin do so in rebellion to God's clear words to them, and rarely because of their own naivety, and rarely because of the mistakes that the church makes.

I think that there can be many Christians who keep staying in their sins because they only believe in the God described in Luke 15:1-7. More often than not however, these Christians enjoy their lives of occasional sin - and so they actually resemble the prodigal son rather than the lost sheep. They want a Good Shepherd to rescue them. But in reality, God is a loving Father who wants them to come to their senses, repent of their sins, and choose to return home to the Father and His love.

And just to be clear, this is NOT a works-based gospel at all. Just because you get up and choose to return home does not earn you salvation. Those who choose to get up from the squalor of the pig-farms of sin recognize that they are no longer worthy to be called children of God. So when the Father DOES call them sons and daughters of the Most Holy God, they know this is nothing of their doing. They accept the infinite mercy of God to restore them, and they live their lives with perpetual gratitude for this great mercy.

So I hope that this answer encourages you. As I said to begin with, there is so much more that can be said. But I hope I have given you a few thoughts that have helped me ANCHOR my faith on the Word of God.

(please mail your genuine doubts to: **sandeep@poonen.org**)

❖

ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ. യോഹ 6:68
വാല്യം 9 സെപ്റ്റംബർ 2011 ലക്കം 9

എഡിറ്റോറിയൽ ബോർഡ്
ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ജോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)
മാനേജർ
ജെയ്സ് മാത്യു (കോതമംഗലം)

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ: 0481 - 2392753,
9495234087, 9249518234
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

വിദേശപ്രതിനിധികൾ
U.S.A - Binoy James
Phone:512990-2808(R)512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7870839
E-mail: skuruvi@gmail.com

മൊഴിമുത്ത്

# നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു



വിളക്ക് പ്രകാശിക്കുവാനായി അതിന്റെ തിരി കത്തികത്തി ഇല്ലാതായിത്തീരണം. എണ്ണയുടെയും തിനാളത്തിന്റെയും ഇടയിലാണ് തിരിയുടെ സ്ഥാനം. ധാരാളം എണ്ണ ഉണ്ടായിരുന്നാലും കത്തുവാനുള്ള തിരിയില്ലെങ്കിൽ അവിടെ പ്രകാശമുണ്ടാകുന്നില്ല. പ്രകാശം നൽകാനായി തിരി സ്വയം കത്തി ഇല്ലാതാവുകയാണ്. മറ്റുള്ളവർക്ക് വെളിച്ചം നൽകുവാനായി നാം നമ്മെത്തന്നെ യാഗമാക്കി തീർക്കുവാൻ സന്നദ്ധരായിരിക്കണം. കേവലം ത്യാഗത്തെയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. യഥാർത്ഥ വെളിച്ചം നമുക്കു നൽകുവാൻ കഴിയുന്നതു നമ്മുടെ സ്വയത്തെ മരണത്തിന് ഏല്പിച്ചുകൊടുത്തുകൊണ്ടാണ്. ക്രൂശിന്റെ ഈ വഴി അറിയാതെ നമുക്കു മറ്റുള്ളവരെ സേവിക്കുവാനോ അവർക്കു പ്രകാശമായിത്തീരുവാനോ കഴിയുകയില്ല

–സാധു സുന്ദർസിങ്

## തോട്ടക്കാരൻ




'യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻതോട്ടത്തിൽ വേല ചെയ്‌വാനും അതിനെ സൂക്ഷിക്കുവാനും അവിടെയാക്കി'. ഉല്പത്തി.2:15

# CAN ANYBODY SEE GOD?

A small boy once approached his slightly older sister with a question about God. "Susie, can anybody ever really see God?" he asked. Busy with other things, Susie curtly replied: "No, of course not, silly. God is so far up in heaven that nobody can see him."

Time passed, but his question still lingered, so he approached his mother: "Mom, can anybody ever really see God?" "No, not really," she gently said. "God is a spirit and he dwells in our hearts, but we can never really see him."

Somewhat satisfied but still wondering, the youngster went on his way. Not long afterwards, his saintly old grandfather took the little boy on a fishing trip. The old man stopped fishing and turned his full attention to the exquisite beauty unfolding before him. the little boy thought for a moment and finally spoke hesitatingly: "Granddad, I - I wasn't going to ask anybody else, but I wonder if you can tell me the answer to something I've been wondering about a long time. Can anybody, can anybody ever really see God?"

The old man did not even turn his head. A long moment slipped by before he finally answered. "Son," he quietly said. "It's getting so I can't see anything else." — Psalm 19:1-4



## *Just a minute*

Restore to me the joy of your salvation and make me willing to obey You. Psalm.51: 12

*Pheba Cleetus*